115-531

# പ്രബന്ധ
# പാരിജാതം

KOTTAYAM.
KERALA STATE

പി. അനന്തൻപിള്ള,
എം. ഏ.

Rs. 1-8-0

H-S 531

# പ്രബന്ധപാരിജാതം

...HIGH & TRAINING ...
KOTTAYAM.
KERALA STATE
... SCHOOLS

പി. അനന്തൻപിള്ള, എം. എ.

രണ്ടാംപതിപ്പ്

Publishers:
L. J. FERNANDEZ & SONS.
City Press, Trivandrum.

NATIONAL BOOK STALL
TRIVANDRUM

1952

# വിഷയവിവരം


| | | |
|---|---|---|
| 1. | നാളത്തെ ലോകം | 1 |
| 2. | ഗന്ധർവപ്രതിമകൾ | 7 |
| 3. | പ്രത്യഭിജ്ഞ | 14 |
| 4. | ചിന്താസ്വാതന്ത്ര്യം | 22 |
| 5. | ജന്മവാസനകൾ | 29 |
| 6. | സാഹിത്യത്തിലെ ഒരു ആൾമാറാട്ടം | 42 |
| 7. | ഗീതയുടെ പ്രാരംഭം | 59 |
| 8. | വിഷചികിത്സ | 66 |
| 9. | വെൺമണിപ്രസ്ഥാനം | 73 |
| 10. | ആശാൻ കവിതകളുടെ വ്യക്തിമാഹാത്മ്യം | 87 |
| 11. | ശാസ്ത്രവും സാഹിത്യവും | 96 |
| 12. | "എന്ത്, എങ്ങനെ വായിക്കണം?" | 106 |
| 13. | അഹിംസാസിദ്ധാന്തം | 114 |
| 14. | പൊതുജനമനോഗതി | 121 |
| 15. | ഒരു വീരവധം | 129—144 |

KOTTAYAM
KERALA STATE
S. 531

"ഉപന്യാസഗ്രന്ഥമാല"യിലെ എട്ടാമനമ്പരായി പ്രസിദ്ധപ്പെടുത്തുന്ന "പ്രബന്ധപാരിജാത"ത്തിൽ ആകെ 15 ഉപന്യാസങ്ങൾ അടങ്ങിയിരിക്കുന്നു.

ഒന്നാമത്തെ ഉപന്യാസമായ "നാളത്തെ ലോകം" ഇന്നത്തെ അസമത്വങ്ങളും ക്ലേശാനുഭവവും ഇല്ലാതെ ജനങ്ങൾ ഏകയോഗക്ഷേമത്തിൽ വർത്തിക്കേണ്ട രീതിയെ വിഭാവനം ചെയ്തിരിക്കുന്നു. ചിത്രശാലകളിലെ കൊത്തുപണികളും ചിത്രവേലകളും എങ്ങനെ നോക്കി മനസ്സിലാക്കണമെന്നു പഠിപ്പിക്കയാണു രണ്ടാമത്തെ ഉപന്യാസം. മൂന്നാമത്തെ 'പ്രത്യഭിജ്ഞ'യിൽ നമ്മുടെയൊക്കെ ജീവിതത്തിൽ ചിലപ്പോൾ എല്ലാം അനുഭവസിദ്ധമായിത്തീരുന്ന ചില പ്രത്യേക ദശാവിശേഷങ്ങളിൽ മനസ്സിനുണ്ടാവുന്ന ദൈവികശക്തിയെ ഉദാഹരിച്ചു കാണിച്ചിരിക്കുന്നു. നാലാമത്തെ 'ചിന്താസ്വാതന്ത്ര്യ'ത്തിൽ വിശ്രമവേളകളിലൊക്കെ പൊട്ടിപ്പുറപ്പെടുന്ന ചിന്തകളെ ഉൽകൃഷ്ടങ്ങളാക്കി മനസ്സിനെ സന്മാർഗ്ഗത്തിൽ നയിക്കേണ്ടതെങ്ങനെ എന്നു നിർദ്ദേശിക്കുന്നു. 'ജന്മവാസനകൾക്കപ്പുറമില്ല' അഞ്ചാമത്തെ ഉപന്യാസത്തിൽ പരിതസ്ഥിതി പ്രേരണയാലോ മറ്റോ നമ്മിൽ വളർന്നുവരുന്ന വാസനകളിൽ ചിലതു വർജ്ജിക്കേണ്ടതെങ്ങനെ എന്ന സൂക്ഷ്മമാർഗ്ഗം നിർദ്ദേശിക്കുന്നു. ആറിൽ 'കുഞ്ചൻനമ്പ്യാരും രാമപാണിവാദനും അഭിന്നരല്ലെ'ന്ന തെളിയിക്കുന്നപക്ഷം ഇരുകവികളിലുംകാണുന്ന ചില വൈശിഷ്ട്യങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ഏഴിൽ 'ഗീതയുടെ പ്രാരംഭം' പുരാണപ്പൂരണത്തിൽ അതിശയോക്തി പരമായി

പ്രതിപാദിച്ചിരിക്കുന്നതിന്റെ അനൌചിത്യം എടുത്തു കാണിച്ചിരിക്കുന്നു. എട്ടാമത്തെ 'വിചികിത്സ'യിൽ ഓരോ കൃത്യനിർവഹണം സംബന്ധിച്ച് നമുക്കുണ്ടാവുന്ന മനഃസ്വാതന്ത്ര്യത്തെ എങ്ങനെയാണ് പരിഹരിക്കേണ്ടതു എന്നു പ്രതിപാദിക്കയാണ് ചെയ്തിട്ടുള്ളത്. ഒൻപതിൽ 'വെൺമണിപ്രസ്ഥാന'ത്തിന്റെ ഗുണദോഷങ്ങളും പത്തിൽ ആശാൻ കവിതകളിലെ മനസ്തത്വവിചാരവും വിമർശിച്ചിരിക്കുന്നു. പതിനൊന്നാമത്തേതു ശാസ്ത്രങ്ങളിലെ മായ മനസ്സിനെ സാഹിത്യംകൊണ്ടു പരിപാകപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ പരാമർശിക്കുന്നു. പന്ത്രണ്ടിൽ 'എന്ത്' എങ്ങനെ വായിക്കണം' എന്നും പതിമൂന്നിൽ മഹാത്മാഗാന്ധിയുടെ അഹിംസാതത്വം എങ്ങനെ പ്രായോഗികമാക്കിത്തീർക്കണമെന്നും ഉപന്യസിച്ചിരിക്കുന്നു. പതിനാലാമത്തെ ഉപന്യാസത്തിൽ "പൊതുജനമനോഗതി" ഏതെല്ലാം വിധത്തിൽ രൂപത്തെ സ്വീകരിക്കുന്നു എന്ന വ്യക്തമാക്കുകയും അവസാനമായി ഒരു വിശ്വാസം വസ്തുതകളും ചെയ്തിരിക്കുന്നു.

വിഷയങ്ങളിൽ ചിലതെല്ലാം പഴക്കമുള്ളവയാണെന്നു തോന്നുമെങ്കിലും, അവയിലെ വിചാരങ്ങളെ എടുത്തു കൊണ്ടും തന്നത്തെ സമീചീനമായ രീതിയിൽ പ്രതിപാദിക്കേണ്ടതാണ് ഈ ഉപന്യാസങ്ങളിൽ ശ്രമിച്ചിട്ടുള്ളതെന്നു മാത്രമേ ഇനി പറയേണ്ടതായിട്ടുള്ളു.

കാലോചിതമായി പല നല്ല പ്രസിദ്ധീകരണങ്ങളും മലയാളഭാഷയ്ക്കു പോഷിപ്പിക്കുവാൻ അനവരതം യത്നിക്കുന്ന സിറ്റി പ്രസ്സ് ഉടമസ്ഥരെ അനുമോദിച്ചുകൊണ്ട് ഈ മുഖവുരയും ഇവിടെ അവസാനിപ്പിക്കുന്നു.

തിരുവനന്തപുരം,<br>
1135 ചിങ്ങം 15.

P. Anantan Pillai

# 1. നാളത്തെ ലോകം

ഇന്നലത്തെ ലോകം അസ്തമിച്ചു; ഇന്നത്തെ രാത്രിയായി കഴിഞ്ഞുകൂടുകയാണ്; നാളത്തെ ലോകം എപ്പോൾ ഉദയം ചെയ്യും എന്ന് നാം എല്ലാവരും ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഇപ്പോൾ അനുഭവിക്കുന്ന കഷ്ടതകൾ എങ്ങനെ ഇവയിലേയ്ക്ക് നമ്മെ തള്ളിവിട്ടിരുന്നെന്നും, അവയിൽനിന്ന് എങ്ങനെയാണ് രക്ഷപ്രാപിക്കേണ്ടതെന്നും ചരിത്രകാരന്മാരെപ്പോലെ ചിന്തിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇന്നത്തെ ആധുനികലോകാവസ്ഥ പെട്ടെന്ന് ആകാശത്തിൽനിന്നും പതിച്ചതല്ല. അതിന്റെ ക്രമാഗതമായ പരിണാമം ഭൂതകാലചരിത്രത്തിൽനിന്നും പഠിക്കേണ്ടതാണ്. നാം വലിയ പരിതസ്ഥിതികളിലൂടെയാണ് സമരം അഭിമുഖീകരിക്കുന്നു; പണ്ടുള്ളവരെക്കാൾ ഭാരമേറിയ; നമ്മുടെ പൂർവ്വികന്മാർക്ക് കഴിഞ്ഞ കാര്യങ്ങൾ സാധാരണമല്ല; എന്നാൽ തീർപ്പില്ലാതെ കിടപ്പുപോലെയാൽ ഭാവി ഭവിഷ്യത്ത് ഇപ്പോഴത്തെപ്പോലെ ശോകമയം അനാഥാവസ്ഥമാത്രമായി കഴിയുന്നതല്ല.

പൂർവ്വകാലചരിത്രം പഠിക്കുമ്പോൾ അതു നമ്മെ സംബന്ധിക്കുന്നതല്ല എന്നോ അനാവശ്യമെന്നോ എല്ലാം വർജ്ജ്യം ഉള്ളതാണ്. കഴിഞ്ഞ സംഭവങ്ങളിൽ നാം കൂടി ഭാഗഭാക്കുകളായിരുന്നില്ലെന്ന് എങ്ങനെ പറയാം? പ്രാചീന ചരിത്രഗ്രന്ഥങ്ങളിൽ ഇപ്പോഴത്തെ

പ്പോലെതന്നെ ഓരോ പങ്കു വഹിച്ചിരുന്നവരാണെന്നു നാം പറഞ്ഞ ഈ പരമാർത്ഥം അന്നു നാം വ്യക്തിപരമായി അറിയാതെ സാമുദായിക പ്രവർത്തനത്തിൽ ലയിച്ചിരുന്ന എന്നു വരാം. പുറകോട്ടു നോക്കുമ്പോൾ അന്നത്തെയായാലും വ്യക്തികളെക്കാളധികം സമുദായങ്ങളെയും, രാഷ്ട്രങ്ങളെയും മററുമായിരിക്കും നമുക്കു കാണാൻ കഴിയുന്നതു്. അവയി ലുൾപ്പെട്ടിരുന്ന വ്യക്തികളെപ്പററി നാം വിശേഷിച്ചൊന്നും പരാമർശിക്കുന്നില്ലെങ്കിലും, അവരുടെ ബുദ്ധിശക്തിയും, ദീർഘദർശനവും, ലോകകാംക്ഷയും തന്നെയാണു് പരിഷ്കാ രത്തിന്റെ ഓരോ ഭാവവിശേഷത്തിലും കാണുന്നതെന്നു പറയേണ്ടതില്ല. അവരുടെ കാലം കഴിഞ്ഞു മററുള്ള ഘട്ടം പിന്തുടരുമ്പോൾ ചിന്താഗതികളും മാറിയിരിക്കാം അവ ത്വരിപ്പിക്കുന്നതു്. എങ്കിലും പരിഷ്കാരത്തിന്റെ സ്ഥിതി ഏറെക്കുറെ നിരന്തരമായിരിക്കും. എന്നുമാത്രവുമല്ല ഉൽക്കർഷോന്മുഖവുമായിരിക്കും. അവിടെയും വ്യക്തിമാ ഹാത്മ്യമാണു് സമുദായഗതിക്കു പ്രചോദനം നൽകുന്ന തെങ്കിലും ആത്മാംശപ്രകാശന വൈചിത്ര്യത്താൽ ഓരോ ജനതകളുടെ ചരിത്രം മങ്ങിമറഞ്ഞുപോകയാണു ചെയ്യു ന്നതു്. ഒടുവിൽ ശേഷിക്കുന്നതു് സർവ്വാംഗവിശിഷ്ടമായ ഓരോ പ്രത്യേകഗുണമായിരിക്കും. ഇങ്ങനെ ഭാരതത്തിലെ ധർമ്മം, ഈജിപ്റ്റിലെ ശാസ്ത്രം, പേർസ്യയിലെ ജീവിതരീതി, ഗ്രീസിലെ സൌന്ദര്യാരാധനം, റോമിലെ നിയമകാർക്കശ്യം മുതലായവയൊക്കെ ഇന്നു സർവ്വലോകസ്വീകാര്യങ്ങളായിത്തീർന്നു.

ഇപ്പോഴത്തെ പരിഷ്കാരങ്ങളുടെ വ്യക്തിപ്രധാനമായി ത്തീരുകയാൽ ഇതാ നമ്മുടെ കണ്ണിനുമുമ്പിൽ തകർന്ന

പോകുന്നു. വ്യക്തിവാദത്തിൽ പല നന്മകളും ഉണ്ടായിരിക്കാമെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ ആ വിധത്തിലുള്ള വിജ്ഞാനവിതരണത്തിന്റെ ഫലമായി മനുഷ്യവ്യക്തിത്വം അനാശാസ്യമായ വിധത്തിൽ വളർന്നു പരാക്രമബുദ്ധിയുടെ അതിനികൃഷ്ടമായ അവസ്ഥയിൽ വന്നുചേർന്നിട്ടുണ്ട്. അതിലേക്കുള്ള മുഖ്യ പ്രേരകശക്തി സ്വാതന്ത്ര്യമാണെന്നു പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലോ. 'തന്റേടം' നല്ലതുതന്നെ. സംശയമില്ല. പക്ഷെ എല്ലാവർക്കും അതുണ്ടായിരുന്നാൽ കൊള്ളാമെന്നേയുള്ളു. അല്ലെങ്കിൽ ബലഹീനൻ മതിലരികെത്തന്നെ നിന്നുകൊള്ളണം. വ്യക്തികളുടെ ഈ തന്റേടവും, പ്രമത്തതയും സമുദായത്തിലേക്കു രാഷ്ട്രത്തിലേക്കും വ്യാപിച്ചതാണു് അത്യന്തം കഷ്ടമായിത്തീർന്നതു്. വ്യക്തികളുടെ നന്മമാത്രമേ ഇങ്ങനെ പകർന്നുള്ളു എങ്കിൽ അതെത്ര നന്നായിരുന്നേനെ! നമ്മുടെ ലോകം സ്വർഗ്ഗസദൃശമായിത്തീരുമായിരുന്നു. രാഷ്ട്രങ്ങളും സമുദായങ്ങളും സാഹോദര്യത്തിന്റെ ഇരിപ്പിടമായിരുന്നു. പക്ഷെ വിപരീതമായിട്ടാണു് കലാശിച്ചതു്. എന്തുചെയ്യാം?

സന്ധിബന്ധങ്ങൾ അയഞ്ഞു തവിടുപൊടിയായി തീരുവാൻപോകുന്ന ആധുനികപരിഷ്കാരത്തെ ബാധിച്ചിരിക്കുന്ന പ്രബലദോഷങ്ങൾ വ്യക്തിബന്ധവും, മാത്സര്യബുദ്ധിയും, പരാക്രമണശീലവുമാകുന്നു. ഇതിന്റെ സ്ഥാനത്തു ഭാവിയിൽ പ്രതിഷ്ഠിതമാകുവാൻപോകുന്ന പരിഷ്കാരം സൗഭ്രാത്രത്തിന്റെയും, സഹകരണത്തിന്റെയും

മനോഹരമായ സങ്കേതമായിരിക്കും. വ്യക്തികൾ കായ ക്ലേശംചെയ്തു സമാർജ്ജിച്ചിട്ടുള്ള ദോഷങ്ങളുടെ പിൻ മാംഗത്തുള്ള ശക്തിയും, ഓജസ്സും പ്രസ്തുത ഭാവി പരിഷ്കാരസൗധം പണികഴിക്കുവാൻ സഹായകങ്ങളായിത്തീർന്നേക്കാം. ആ സൗധത്തിന്റെ ആസൂത്രണം ഇനിയും എങ്ങനെ വേണമെന്ന് തീർച്ചപ്പെടുത്തിയിട്ടില്ല. ആകയാൽ വലിയ കുഴപ്പത്തിലാണ് ഇപ്പോൾ കാര്യങ്ങളെല്ലാം സ്ഥിതിചെയ്യുന്നത്. പണ്ടു സാധിച്ചിട്ടുള്ള ഒരോ മഹത്തായ കാര്യങ്ങളിലേക്ക് കണ്ണോടിക്കുമ്പോഴും ശൗര്യവും, അതൃപ്തിയും തോന്നുന്നതുതന്നെ ഭാവി വിജയത്തിലുള്ള ആശങ്കയെ ദ്യോതിപ്പിക്കുന്നതാണല്ലോ. എങ്കിലും ഒരുമയായി സാമർത്ഥ്യത്തോടും സഹാനുഭൂതിയോടുംകൂടി ചെയ്യേണ്ടതു കുറെ ഉന്നതരായ സ്ത്രീപുരുഷന്മാർക്കുള്ളതാണ്.

ഈ പ്രചാരം ആവശ്യമായിട്ടുള്ളതാണെങ്കിൽ, ഭാവി പരിഷ്കാരസൗധത്തിന്റെ അടിസ്ഥാനം ഉറപ്പിക്കേണ്ടത് ആ വിധത്തിൽതന്നെയാണ്. ഭാരതീയതത്വചിന്തയും, ലോകമഹാഗുരുക്കന്മാരുടെ പ്രവചനങ്ങളും നമുക്ക് ഇനിയും അർത്ഥമാക്കിത്തീരണം. ആധുനികലോകപ്രശ്നങ്ങളെ സനാതനധർമ്മമാർഗ്ഗത്തിൽ നയിക്കുവാൻ സാധിക്കയില്ലേ എന്നാണ് പരിശോധിക്കേണ്ടത്. രണ്ടാം ലോകമഹാസമരത്തിൽ കുടുങ്ങിക്കിടക്കുന്ന പാശ്ചാത്യരും പൗരസ്ത്യരും ഈ ആദർശത്തിൽ പ്രവേശിച്ചു തുടങ്ങിയിരിക്കുന്ന എന്നുള്ളതിനാൽ അവിടെയും ഇവിടെയും പ്രകടിപ്പിക്കുന്ന നൂതനതര സംവിധാന നിർദ്ദേ

ഭേദമേ മതിയായ തെളിവായിരിക്കുന്നത്. എന്നാൽ വിശ്വാസപ്രധാനമായ മതംകൊണ്ടുമാത്രം ഇനിയുള്ളവർ തൃപ്തിപ്പെട്ടിരിക്കുമോ എന്ന സംശയമാണ്. അങ്ങനെയുള്ള ഭാരതത്തെ മതത്തിനും ഇപ്പോഴത്തെ ലോകത്തെ ഭാവ്യുദ്ധ്യൽകർഷത്തിലേക്ക് നയിക്കാൻ സാധിക്കുമോ എന്നും സംശയമാണ്.

നാളത്തെ മതത്തിൽ നമ്മുടെ ഉൽപതിഷ്ണുക്കളായ യുവതിയുവാക്കൾ ആരാധിക്കാൻ ഇഷ്ടപ്പെടുന്നത് സർവ്വലോകപിതാവായ ഒരു ഈശ്വരനെ ആയിരിക്കും. പിന്നെയോ സർവ്വലോകപിതാവായ ഒരു ഈശ്വരനെ ആയിരിക്കും. പരലോകത്തെ അവസ്ഥ എന്തെങ്കിലും ആയിക്കൊള്ളട്ടെ; സ്വർഗ്ഗമോ നരകമോ അവരുടെ ആവശ്യങ്ങൾ. അതെല്ലാം മരണശേഷമുള്ള കാര്യങ്ങളല്ലേ? ഇപ്പോഴേ ആലോചിക്കുന്നതെന്തിന്? നാം ജീവിക്കുന്ന ലോകത്തിൽ സ്വർഗ്ഗമുണ്ടോ? അങ്ങോട്ട് കൈകോർത്തുപിടിച്ചു സൗഭാഗ്യത്തിൽ നയിക്കുവാനാണ്? ആരായിരിക്കും ഈശ്വരൻ. ഈശ്വരൻ ഇവിടെത്തന്നെയാണ് സ്വർഗ്ഗവും നരകവും സൃഷ്ടിക്കേണ്ടത്. ഇതിലേക്കാണ് ഭാഗ്യമെന്തിന്? പരന്ത്യമായിട്ടുതന്നെ ആകാമല്ലോ.

സഹോദരസ്നേഹമാണ് ഈശ്വരചൈതന്യമെങ്കിൽ, ആ ചൈതന്യം നമ്മുടെ ഭാരതത്തിലെങ്ങും വെളിവാക്കും ഉടനടിയിൽ. ലോകത്തിലെ അനാഥാലയങ്ങൾ, രോഗികൾക്കും ആശ്വാസമാണ്. ഭാവിലോകത്തിലെ അവസ്ഥ അതായിരിക്കും. മനുഷ്യനിരാശരായവരെ വളർത്തുവാൻ ഒരുങ്ങുന്നവരെ ഈശ്വരൻ സഹിക്കും എന്നിൽ

നാം അതിനു വിധേയമായിത്തീരാൻ പോകയല്ലോ. എന്നാ
പരമാത്മോപാസിക്കയാണു വേണ്ടതു്. അഥവാ ആ
നമ്മുടെ കുററം തന്നെ അറിയിക്കാം. വെറുതെ ഈശ്വ
രനെ പഴിക്കുന്നതെന്തിന്?

“ദേഹം നിമിത്തം അഹംബുദ്ധി കൈക്കൊണ്ടു
മോഹം കലർന്ന ജന്തുക്കൾ നിരൂപിക്കും
ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹം”

എന്നും മററും. ഒടുവിൽ ശരിയായ സംസ്കാരം സിദ്ധി
ക്കുമ്പോൾ അതു മാറുകയും ചെയ്യും. എന്തായാലും
ലോകത്തിന്റെ ഇന്നത്തെ ആവശ്യം വിവിധ രാജ്യക്കാരും
സമുദായങ്ങളും, അവയിലെ വ്യക്തികളും തമ്മിൽ സമാധാ
നം സ്ഥാപിച്ചു് ക്ലേശാന്തരമാം അകററുകയാണെന്നു് ഈശ്വ
രൻ അറിഞ്ഞാൽ അദ്ദേഹത്തിന്റെ സർവ്വശക്തിയും,
സർവ്വവ്യാപകത്വവും, സർവ്വജ്ഞത്വവും, സർവ്വരക്ഷകത്വവും
പരമയോഗികൾ മാത്രം യഥാർത്ഥീകരിക്കുന്ന മനുഷ്യരെ
ജാതി പരിപാലിക്കാതെ സർവ്വസഹോദരെ സ്നേഹത്തിൽ
പ്രകാശിപ്പിക്കാതിരിക്കുന്നതല്ല. എന്തെന്നാൽ മനുഷ്യ
രുടെ ആവശ്യം പ്രമാണിച്ചു ഈശ്വരൻ ഒരോ അനുകൂല
സന്ദർഭങ്ങൾ സൃഷ്ടിക്കയുണ്ടു. ചിലപ്പോൾ വ്യക്തി
കൾക്കു അനുഗ്രഹം നല്കിയെങ്കിലും സമഷ്ടിയായി
അനുഗ്രഹിക്കാനാണു് അദ്ദേഹത്തിനിഷ്ടം. അങ്ങനെ
യായാൽ ബുദ്ധിമുട്ടു കുറയും. പിന്നീടു് എല്ലാവർക്കും ഒരേ
യൊരു ഈശ്വരപ്രാർത്ഥന മതിയാകും.

“ലോകാസ്സമസ്താസ്സുഖിനോ ഭവന്തു.”

# 2. ഗന്ധർവ്വപ്രതിമകൾ

മിക്ക ഹിന്ദുക്ഷേത്രത്തിലും ദേവന്റേയോ, ദേവിയുടേയോ പ്രതിമയ്ക്കു പുറമേ അനവധി രൂപങ്ങൾ കല്ലിലും, മരത്തിലും കൊത്തിവച്ചിരിക്കുന്നതായിക്കാണാം. അമ്പലഭിത്തിയിലുള്ള ചുവർ ചിത്രങ്ങളും ചിലടത്തു സുലഭമാണ്. എല്ലായിടത്തും ഉള്ള പ്രതിമകൾ ഒരുപോലെ ഇരിക്കുന്നില്ലെങ്കിലും പ്രകടമായ ചില സാദൃശ്യങ്ങൾ അവയ്ക്കൊക്കെയുണ്ട്. ദൈവവിഗ്രഹങ്ങളായിരിക്കുമെന്ന വിചാരിച്ച് അവയെ വന്ദിക്കുന്നതിനു ആളുകൾ മടിക്കാറില്ല. എന്നാൽ ക്ഷേത്രാധികാരികൾ അവയെ ഉദ്ദേശിച്ചു വഴിപാടുകൾ കഴിക്കയോ, പുഷ്പമാല്യങ്ങൾ ചാർത്തുകയോ, മുമ്പിൽ വിളക്കുവയ്ക്കുകയോ ഒന്നും പതിവില്ല. ആളുകൾ ചാരിനിന്നും, എണ്ണയും കരിയും പറ്റി അഴുക്കുപിടിച്ചും, രൂപംപോലും തിരിച്ചറിയുവാൻ മേലാതെ അവ തിരസ്കൃതപ്രാണികളെപ്പോലെ, ചിലതു തുറിച്ചുനോക്കിയും മറുചിലതു മന്ദഹസിച്ചും ഇങ്ങനെ നവരസങ്ങളും പ്രകടിപ്പിച്ചുകൊണ്ടു എത്രയോ സംവത്സരങ്ങളായി നിലനിന്നുവരുന്നു! സ്ഥലങ്ങളിലെന്നപോലെ വസ്ത്രധാരണത്തിലും ദേഹാലങ്കാരങ്ങളിലും ഇവയ്ക്കുള്ള പല സാധർമ്മ്യവൈധർമ്മ്യങ്ങളും നമ്മെ അത്ഭുതചിത്തരാക്കാറുണ്ട്.

ദേവന്റേയോ, ദേവിയുടേയോ വിഗ്രഹങ്ങൾ ഇങ്ങനെ 'ഉഴലു'രായി ഇട്ടേയ്ക്കയില്ലെന്നുള്ളതുകൊണ്ട്, ഗന്ധർവ പ്രതിമകളെ എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയും.

നമ്മുടെ ക്ഷേത്രങ്ങൾ പ്രത്യേകിച്ചും, വൈദികശില്പ
വിധാന സിദ്ധാന്തങ്ങൾ അനുസരിക്കുന്നവയാകയാൽ,
അവിടെ ഗന്ധർവ്വപ്രതിമകളും ചിത്രങ്ങളും അധികമായി
കാണാൻ കഴിയും. നാഗരൂപങ്ങളും, ശിവഭൂതഗണങ്ങ
ളുടെ പ്രതിമകളും പില്ക്കാലത്തു കയറി വന്നവയാണ്.
പഴയ പ്രതിമകളെ ഇങ്ങനെ ഭേദപ്പെടുത്തിയും, പരി
പാലിച്ചുവരുന്ന ക്ഷേത്രങ്ങളുണ്ട്. അവയിലധികവും
വടക്കൻ ദിക്കിലാണെന്നേയുള്ളു.

പുരാണങ്ങളിൽ ഗന്ധർവ്വന്മാർ ഒരു പ്രത്യേക വർഗ്ഗ
മായിത്തീരുന്നുണ്ടെങ്കിലും വൈദികസാഹിത്യം നോക്കിയാൽ
ഒരു ഒററ ഗന്ധർവ്വൻ അതായതു് ദിവ്യഗന്ധർവ്വൻമാത്രമേ
ഉണ്ടായിരുന്നുള്ളു, എന്നു തോന്നും. അയാളുടെ അധി
വാസം, ആകാശത്തും സ്വർഗ്ഗംഗാതീരങ്ങളിലുമാണ്.
ജോലി സോമരസ (അമൃത) പരിപാലനംതന്നെ. പിന്നീടു
പുരാണകാലത്തു ഗന്ധർവ്വന്മാരുടെ സംഖ്യ വർദ്ധിച്ചപ്പോഴും
വേദപ്രോക്തമായ ശരീരലക്ഷണങ്ങൾതന്നെയാണ് അ
വർക്കു നൽകിക്കാണുന്നതു്. ഭാരതീയസാഹിത്യത്തിൽ
മാത്രമല്ല ഗന്ധർവ്വന്മാരുള്ളതു്. 'അവസ്ത'യിലെ 'ഗന്ദർ
അവ', ഗ്രീസിലെ 'കെൻററസ്', ഐറേനിയൻ 'ഗന്ദ
റേവ', കർണ്ണാടകത്തിലെ 'കദ്ദരേ' തെലുങ്കിലെ 'ഗ്ഗ്റാം',
നമ്മുടെ 'കതിര' ഇതെല്ലാം സംസ്കൃതത്തിലെ ഗന്ധർവ്വശബ്ദ
ത്തിന്റെ രൂപാന്തരങ്ങളാണെന്ന് വിശേഷിച്ചു പറയേണ്ട
തില്ലല്ലോ.

പൌരാണികഗന്ധർവ്വന്മാർ ദേവലോകത്തെ ഗായക
ന്മാരാണ്. അവരുടെ ഗായകസംഘങ്ങൾ വിശേഷാവ

സരങ്ങളിൽ പലയിടത്തുംചെന്ന പാട്ടുകച്ചേരി നടത്താറുണ്ട്. ഏതാനും ഗന്ധർവന്മാരും അവരുടെ ഭാര്യമാരായ അപ്സരസ്സുകളും ഇന്ദ്രസഭയിലെ സ്ഥിരം പാട്ടുകാരും, കൂട്ടുകാരുമാണ്. ഇതെല്ലാം വേദത്തിലെ ഈഷൽസൂചിതങ്ങളായ വിവരണങ്ങളുടെ വിപുലീകരണമാണെന്ന വിചാരിക്കേണ്ടിയിരിക്കുന്നു. കാലക്രമത്തിൽ കിന്നരന്മാരും, കിംപുരുഷന്മാരുംഗന്ധർവന്മാരുടെ വകഭേദങ്ങളായിത്തീർന്നു. ഇങ്ങനെയുള്ള എട്ടുവിഭാഗങ്ങളെപ്പററി 'വഹ്നിപുരാണ'വും പ്രതിപാദിക്കുന്നുണ്ട്. മുകളിൽപ്പറഞ്ഞ 'കിംപുരുഷന്മാർ' കുബേരരാജധാനിയിലെ നർത്തകസംഘത്തിലുൾപ്പെട്ടവരാണ്. യക്ഷന്മാർ അധിവസിക്കുന്ന അളകാപുരം കാളിദാസൻ മേഘസന്ദേശത്തിൽ സരസമായി വർണ്ണിക്കുന്നുണ്ടല്ലോ. വിശ്വമോഹിനികളായ യക്ഷികൾ ഇന്ത്യയിലെ സമതലപ്രദേശങ്ങളിലേക്കു കൂടെക്കൂടെ വരാറുണ്ടെന്നും, രാജധാനികളിലാണ് അവരെ സാധാരണ കണ്ടെത്തുന്നതെന്നും പല കഥകളും വിവരിക്കുന്നുണ്ട്. യക്ഷികളില്ലെങ്കിൽ മേഘസന്ദേശമോ, അതിന്റെ അടുത്ത അവകാശിയായ ഉണ്ണുനീലി സന്ദേശമോ ഉണ്ടാകുമായിരുന്നോ എന്ന് സംശയമാണ്.

"യക്ഷ്യാം യക്ഷാഃ സിതമണിമയാ,
ന്യേത്യാഹർമ്മ്യസ്ഥലാനി
ജ്യോതിച്ഛായാകുസുമരചിതാ
ന്യുത്തമസ്ത്രീസഹായാഃ
ആസേവന്തേ മധുരതിഫലം

കല്പവൃക്ഷ പ്രസൂതം
തൽഗംഭീരധ്വനിഷു ശനകൈഃ
പുഷ്കരേഷ്വാഹതേഷു"—ഉ—മേ—ന.

ഇത്യാദിവർണ്ണനകൾ നോക്കുക. കൊല്ലം ആറാം ശതകത്തിൽ ഒരു "യക്ഷി" കടുത്തുരുത്തിയോളം വന്നതായി ഒരു നിരൂപകൻ തെളിയിക്കുന്ന സ്ഥിതിയ്ക്ക് അതിനു പത്തു ശതാബ്ദംമുമ്പ് എത്രയെത്ര യക്ഷികളെ കാളിദാസൻ കണ്ടിരിക്കാൻ ഇടയുണ്ട്? ഈ വ്യതിയാനം ഇവിടെ നില്ക്കട്ടെ.

ക്ഷേത്രങ്ങളിലെ ഗന്ധർവ്വപ്രതിമകളിൽ പലതും ഓരോ സ്തോഭങ്ങളെ പ്രകടമായി കാണിക്കുന്നു എന്നു പറഞ്ഞുവല്ലോ. ചിലതു നഗ്നരൂപങ്ങളിൽ കാണാം. അതുകൊണ്ട് അതെല്ലാം ചെയ്യിച്ചവർ വഷളത്തം നിറഞ്ഞവരായിരുന്നു എന്നോ, ശില്പികൾ ബോധിച്ചതുപോലെ നിർമ്മിച്ചു എന്നോ പറയുന്നതു ശരിയല്ല. ശിവക്ഷേത്രങ്ങളിലെ രൂപങ്ങൾ മിക്കതും നൃത്തം ചെയ്യുന്ന മാതിരിയിൽ കാണാം. അതിനു പ്രമാണവുമുണ്ട്.

"നാട്യവേദം ദദൗ പൂർവ്വം
ഭരതായ ചതുർമ്മുഖഃ
തതശ്ച ഭരതഃ സാർദ്ധം
ഗന്ധർവ്വാപ്സരസാംഗണൈഃ
നാട്യം, നൃത്തം, തഥാ നൃത്യം
അഗ്രേ ശംഭോഃ പ്രയുക്തവാൻ."

അഭിനയദർപ്പണം

ഗന്ധർവ്വന്മാരുടെ പ്രതിമ കൊത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാന സംഗതി കിരീടം പാടില്ലെന്നുള്ളതാണ്. തലമുടി ഭംഗിയായി കെട്ടിവച്ചിരിക്കാം.

"ദേവതാശ്ചാപി ഗന്ധർവ്വാഃ
മുകുടേന വിവർജ്ജിതാഃ
കർത്തവ്യാസ്തു മഹാരാജ
ശിഖരൈർജ്ജടാഃശോഭിതാഃ"

— വിഷ്ണുധർമ്മോത്തര പുരാണം

ക്ഷേത്രശില്പങ്ങളെപ്പററി പ്രതിപാദിക്കുന്ന "മാനസാരം" എന്ന ഗ്രന്ഥത്തിൽ ഒരദ്ധ്യായം മുഴുവൻ ഗന്ധർവ്വപ്രതിമ നിർമ്മാണത്തെപ്പററിയാണ്. ഗന്ധർവ്വന്മാരുടെ ഒററതിരിഞ്ഞും കൂട്ടമായുമുള്ള നിൽപ്പ്, സംഗീതസാമഗ്രികളോടുകൂടിയ കരതലങ്ങൾ, അണിയേണ്ട ആഭരണങ്ങൾ ഇതെല്ലാം അതിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കേയൂരം, താടങ്കം, കണ്ഠഭൂഷണങ്ങൾ, നക്ഷത്രമാലകൾ മുതലായവ ഏതെതൊക്കെയെല്ലാമാണ് പ്രതിമകളിൽ സംവിധാനം ചെയ്യേണ്ടതെന്ന് സൂക്ഷ്മമായി വിവരിച്ചിരിക്കുന്നു.

ബ്രഹ്മാ, വിഷ്ണു, മഹേശ്വരന്മാരെ അകമ്പടി സേവിക്കുന്ന മട്ടിൽ പാർശ്വപാലകന്മാരായി അനവധി ഗന്ധർവ്വരൂപങ്ങൾ ചില ക്ഷേത്രങ്ങളിൽ കൊത്തിയിരിക്കുന്നതു കാണാം. അതുപോലെ വിഗ്രഹങ്ങളുടെ മുകളിൽ ചിലപ്പോൾ ശ്രീകോവിലിന്റെ ഭിത്തി മുകളിലോ, (ഗോപുരശിഖരങ്ങ

ളിലോ) പറന്നുവരുന്ന മാലകൾ ചാർത്തുന്ന മാതിരിയിലും കാണാം. ബുദ്ധവിഗ്രഹങ്ങൾ ആണെങ്കിൽ അപ്സരസ്സുകളും ഉണ്ടായിരിക്കും. ദേവന്മാരുടെ പുഷ്പമകുടം ചുമക്കുന്നതും ഗന്ധർവന്മാരുടെ ജോലിയാകയാൽ ആ വിധത്തിലും രൂപങ്ങൾ കൊത്തിയിട്ടുണ്ട്. ക്ഷേത്രപാലന്മാരായ ഗന്ധർവന്മാരുടെ ദീർഘാകൃതിയിലുള്ള പ്രതിമകൾ ക്ഷേത്രത്തിന്റെ നാലു മൂലകളിലും (നാലമ്പലത്തിന്റെ വെളിയിൽ) സ്ഥാപിച്ചിരിക്കുന്നതു് പലരുടെയും ശ്രദ്ധയെ ആകർഷിക്കുന്നതാണ്. തമിഴ്നാട്ടുകളിൽ വലിയ പ്രഭുക്കന്മാരെപ്പോലെ തലപ്പാവും ഉടുപ്പും ധരിപ്പിച്ചിരിക്കുന്നതു നാട്ടുനടപ്പനുസരിച്ചുള്ള വ്യതിയാനമായി വിചാരിക്കാം. ഗന്ധർവന്മാർക്കു് 'അശ്വമുഖം' സാധാരണ കാണാവുന്നതാണ്.

"കസ്യചിന്നരമുഖാശ്വകായതാ ഭവേൽ,
കസ്യചിദശ്വമുഖനരശരീരതാ ഭവേൽ."

എന്നു ക്ഷീരസ്വാമിയുടെ അമരകോശവ്യാഖ്യാനത്തിൽ അശ്വശരീരവും, നരമുഖവും, അല്ലെങ്കിൽ നരശരീരവും, അശ്വമുഖവും ഇങ്ങനെ ഏതെങ്കിലും വിധത്തിൽ ആകാരമെന്നു പറഞ്ഞിട്ടുണ്ട്. ഹേമചന്ദ്രന്റെ 'അഭിധാനചിന്താമണി'യിൽ,

"കിന്നരസ്സ്യാൽ കിമ്പുരുഷോ
മയുരാശ്വ മുഖസ്തഥാ."

എന്നും കാണുന്നു; ഇങ്ങനെ കിന്നരന്മാർക്കും അശ്വമുഖം കല്പിക്കുന്നതിൽ പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാണ്.

ഇതനുസരിച്ച് രണ്ടുവിധത്തിലും കൊത്തിയിട്ടുള്ള പ്രതിമകൾ അന്യഥാ വ്യാഖ്യാനിക്കേണ്ടയാവശ്യമില്ല. 'മാനസാര'ത്തിൽ കിന്നരന്മാർക്കു ഇന്നയിന്ന ലക്ഷണങ്ങൾ വേണമെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. വിസ്താരഭയത്താൽ അതിവിടെ ഉദ്ധരിക്കുന്നില്ല. ഇപ്പറഞ്ഞ ലക്ഷണങ്ങൾ തികഞ്ഞ അനേകം കൊത്തുപണികൾ പ്രസിദ്ധ ശിവക്ഷേത്രങ്ങളിൽ കാണാം. കാഞ്ചീപുരം, രാമേശ്വരം, ഉദയഗിരി ഇത്യാദി ചുരുക്കം ചില ക്ഷേത്രങ്ങളിൽ ഗന്ധർവ്വ പ്രതിമകൾക്കു മനുഷ്യശരീരവും, ചിറകും കൊത്തിക്കാണുന്നുണ്ട്. കൈയിൽ തംബുരുവും ഉണ്ടായിരിക്കും. ശില്പികൾ പണ്ഡിതന്മാരുടെയും കവികളുടെയും കല്പനകൾ അംഗീകരിച്ചാണ് ഈ രൂപങ്ങൾ രചിച്ചിട്ടുള്ളതെന്നു തീർച്ചപ്പെടുത്താവുന്നതാണ്.

എന്തായാലും ഗന്ധർവ്വപ്രതിമകൾ ഇല്ലായിരുന്നു എങ്കിൽ നമ്മുടെ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നവർക്കു അവറ്റകളുടെ സൌന്ദര്യകല അറിയുവാൻ സാധിക്കുമായിരുന്നോ എന്നു സംശയമാണ്. എന്നുമാത്രമല്ല, സഗുണോപാസകന്മാരായ ജനങ്ങൾക്ക് ദേവന്മാരിൽ വിശേഷങ്ങളായ ഗന്ധർവ്വന്മാരുടെ മഹിമയും ഭക്തി സംവർദ്ധകമായിരിക്കും എന്നുള്ളതിലേക്ക് അവരുടെ ക്ഷേത്രത്തിലുള്ള രൂപങ്ങൾതന്നെ നല്ല തെളിവായിരിക്കുന്നു. പണ്ടത്തെ ചുവരിലും, തറയിലും, വഴിയിലും സർവ്വത്ര രൂപങ്ങൾകൊണ്ടു നിറച്ചാൽ പാമരശ്രദ്ധയെപ്പോലും മററും അവർ വിചാരിക്കുമെന്നുള്ളൂ. സൌന്ദര്യവിധാനവും, ചൊരുക്കമില്ലാത്ത മട്ടിലായാൽ ഉദ്ദിഷ്ടഫലപ്രാപ്തിയുണ്ടാകുന്നതല്ലെന്നു വിശേഷിച്ചും പറയേണ്ടതില്ലല്ലോ.

# 3. പ്രത്യഭിജ്ഞ

'പ്രത്യഭിജ്ഞ' അല്ലെങ്കിൽ പരോക്ഷാനുഭൂതി ക്രിസ്തീയമതസിദ്ധാന്തങ്ങളിലെ ഒരു പരമരഹസ്യമായി പല പാശ്ചാത്യമതപ്രചാരകന്മാരും ഉൽഘോഷിക്കാറുണ്ട്. സർവ്വശക്തനായ ഈശ്വരന്റെ പ്രതിഭാസമായ മനുഷ്യാത്മാവിന് ഈശ്വരസാക്ഷാൽക്കാരം അല്ലെങ്കിൽ ദിവ്യാനുഭൂതി കൈവന്നിട്ടുള്ളതായി പല ദൃഷ്ടാന്തങ്ങളും അവർ ഉദ്ധരിക്കുന്നു. മനുഷ്യൻ ഈശ്വരതുല്യനായിത്തീരുന്നു എന്ന ബോധം വരണമെങ്കിൽ ഈശ്വരനെപ്പറ്റിയുള്ള സകല വിവരങ്ങളും ഗ്രഹിച്ചുകൊണ്ടിരിക്കണം. ഗ്രന്ഥങ്ങൾ വഴിയായോ, ഗുരുമുഖത്തുനിന്നോ ലഭിക്കുന്ന ജ്ഞാനത്താലും ആത്മശിക്ഷണത്താലും ഈശ്വരതുല്യനായി സ്വയം സങ്കല്പിക്കുന്ന അനേകം സാധാരണന്മാർക്ക് സാധിക്കാത്ത പല അത്ഭുതകർമ്മങ്ങളും നിർവ്വഹിക്കുവാൻ കഴിയുമെന്നും, ശ്രീയേശുക്രിസ്തുവിന്റെ ജീവിതം അതിലേയ്ക്ക് ഉത്തമോദാഹരണമാണെന്നും അവർ നിർദ്ദേശിക്കുന്നു. പാശ്ചാത്യ കവികളിൽ പലരും, വിശേഷിച്ചു വേർഡ്സ്വർത്തും, ടെന്നിസണും, മനുഷ്യാത്മാവിന്റെ ദിവ്യാനുഭൂതി ഉത്തേജിതമായിത്തീരുന്ന അവസരങ്ങൾ വർണ്ണിച്ചിട്ടുണ്ട്.

സാധാരണ മനുഷ്യർ അവരുടെ ആത്മാവിന്റെ ദൈവികശക്തിയെപ്പറ്റി ചിന്തിക്കാതെ കഴിഞ്ഞുകൂടുന്നു. എന്നാൽ ചിലപ്പോൾ അസാധാരണവും അപ്രതീക്ഷിതവു

മായ ഒരു ഭാവഭേദം പലർക്കും ഉണ്ടായിട്ടുള്ളതായും, അങ്ങനെ മഹാകാര്യങ്ങൾ സാധിച്ചതായും അവരുടെ അനുഭവത്തിൽ കാണാം. ഭാരതീയപുരാണങ്ങൾ നോക്കിയാൽ ഉദാഹരണങ്ങൾ സുലഭമാണ്. അഭ്യാസജ്ഞാനങ്ങളാലും, യോഗപരിശീലനങ്ങളാലും ഈ സ്ഥിതിയിൽ എത്തിച്ചേരുന്നവരുടെ കാര്യം ഇരിക്കട്ടെ. യാതൊരു വിദ്യാഭ്യാസം ഇല്ലാത്തവനും ആകസ്മികമായി ഈ അനുഭൂതി ഉണ്ടാകാൻ പാടില്ലെന്നില്ല. ഇക്കൂട്ടർക്കും ഗുരൂപദേശം സഹായകരമായിരിക്കും. ഇങ്ങനെ ഉപദേശം സിദ്ധിച്ചിട്ടുള്ള പലരും ലോകകാര്യങ്ങളിൽ അനാസ്ഥ ഭാവിച്ചു നടക്കുന്നതു നാം കണ്ടിട്ടുണ്ടല്ലോ. എല്ലാവരും എപ്പോഴും അങ്ങനെയായിത്തീർന്നാൽ ലോകകാര്യങ്ങൾ വളരെ മുടങ്ങും. പക്ഷേ അങ്ങനെ ഒരു കാലം ഇനി വരുമെന്നു ഭയപ്പെടേണ്ടതില്ല. എന്തെന്നാൽ അപ്രകാരം ഉപദേശം വാങ്ങുവാനുള്ള ശിഷ്യന്മാരും അതു നല്കുവാൻ പ്രാപ്തരായ ഗുരുക്കന്മാരും ഇനി അടുത്തകാലത്തെവിടെ ഉണ്ടാകുവാൻ പോകുന്നു? ഒരുകാലത്തു നമ്മുടെ ഭാരതഖണ്ഡത്തിൽ അതിനുവേണ്ട സൌകര്യങ്ങളെല്ലാം ഉണ്ടായിരുന്നു. സാഹിത്യത്തിൽനിന്ന് ഇക്കാര്യങ്ങൾ നമുക്കു ഗ്രഹിക്കാൻ കഴിയും. ഈ പദ്യം നോക്കുക.

“സംഘട്ടഘട്ടന ബഹലോദിത നിസ്ത്രികാര-
ശൂന്യാതിശൂന്യപദമവ്യയബോധസാരം
സത്ത്വൈകചേതസ്സാം പ്രവിരാജതേയത്
തന്നെയാണീ 'സാഹസ്'പദം ഗുരുവാക്യഗമ്യം.”

പ്പെടേണ്ടുള്ള മിഥ്യാപ്രതീതിയ്ക്കാണ് ഇവിടെ 'സാഹസം' എന്ന പറഞ്ഞിരിക്കുന്നത്. അതു 'ഗുണവൈരാഗ്യം', ഗുണമുഖങ്ങളുമിന്ന സ്വീകരിയ്ക്കേണ്ടതാണെന്നും; വ്യക്തമാക്കി. ഈശ്വരന്റെ സഗുണരൂപങ്ങളായ സകല 'പദാർത്ഥങ്ങളും', നിർഗ്ഗുണബ്രഹ്മത്തിൽ ലയിച്ച് സ്ഥലകാലങ്ങളെ അതിക്രമിയ്ക്കുന്ന ഈ മനഃസ്ഥിതി 'നിർവ്വികല്പം' എന്ന പറയപ്പെടുന്നതാണ്.

പ്രത്യഭിജ്ഞതെ നമുക്ക് എപ്പോഴൊക്കെയാണ് ഉണ്ടാകുന്നതെന്ന് സയുക്തികം പറയുവാൻ സാധിയ്ക്കയില്ലെങ്കിലും, മാനസികപരിശോധനയുടെ ഫലമായി ചില സന്ദർഭങ്ങൾ നിർദ്ദേശിയ്ക്കുവാൻ കഴിയും:

"ഇന്ദ്രജാലമഥ വിശ്വം വ്യസ്തം വാ
ചിത്രകർമ്മവത്
മേഘോ ധ്യായതഃ സർവ്വം പശ്യതശ്ച സ്വ
ബോധഗമഃ."

പ്രാപഞ്ചിക പദാർത്ഥങ്ങളെല്ലാം ഇന്ദ്രജാലത്തിലെന്ന പോലെ (മായയാണെന്ന) വിചാരിച്ചുറപ്പിക്കുക; അല്ലെങ്കിൽ അതെല്ലാം ചിത്രത്തിലെഴുതിയിരിക്കുന്ന രൂപങ്ങൾ മാത്രമാണെന്ന ദൃഢമായി വിശ്വസിയ്ക്കുക; നാം തീവണ്ടിയിലോ മറ്റോ വേഗത്തിൽ സഞ്ചരിക്കുമ്പോൾ കാണുന്ന പദാർത്ഥങ്ങളെല്ലാം ചലിക്കുന്നതുപോലെ തോന്നുമല്ലോ. പ്രപഞ്ചവും അങ്ങനെ ചലിയ്ക്കുകയാണെന്ന തീർച്ചപ്പെടുത്തുക; കുറച്ചു നേരത്തേയ്ക്കു ഉള്ളൂവെങ്കിലും ഈ വിധ

ത്തിൽ നമുക്കു പ്രത്യഭിജ്ഞയുണ്ടാകുന്നു എന്ന കാര്യത്തിൽ സംശയമില്ല. എനിക്കു പലപ്പോഴും അനുഭവപ്പെട്ടിട്ടുള്ളതാണ് ഈ അവസ്ഥ.

“വിഹായ നിജദേഹാസ്ഥാം സർവ്വത്രാസ്മീതി ഭാവയൻ
ദ്രഷ്ടാ മനസാ ദൃഷ്ട്യം നാന്യേക്ഷിത്വം
സുഖീ ഭവേത്.”

നമുക്കു ശരീരമുണ്ടെന്ന ഭാവമേ ഇല്ലാതിരിയ്ക്കുക; എല്ലാം ഞാൻതന്നെ എന്നു സത്യമായി വിശ്വസിയ്ക്കുക — ഈ വിധത്തിലും പ്രത്യഭിജ്ഞ ഉണ്ടാകാവുന്നതാണ്. മുകളിലത്തെ രണ്ടു പദ്യത്തിലും പ്രത്യഭിജ്ഞയെയും സുഖപ്രാപ്തി എന്നാണ് പറഞ്ഞിരിയ്ക്കുന്നതു്. പ്രത്യഭിജ്ഞ മനസ്സിന്റെ നിർവ്വികല്പാവസ്ഥയാണെന്നു സൂചിപ്പിക്കുന്നതിനു വിജ്ഞാനമല്ലാ ഇതു് എന്നു് തോന്നിയേക്കാം. എന്നാൽ, പരസ്പരം ആപേക്ഷികങ്ങളായ സുഖദുഃഖങ്ങളൊന്നുമില്ലാതെ മനസ്സ് അനുഭവഗോചരമല്ലാതിരിയ്ക്കൽ നിർവ്വികല്പാവസ്ഥയിൽ 'ആനന്ദം' എന്നൊരു സ്ഥായിഭാവത്തെ അംഗീകരിയ്ക്കേണ്ടിയിരിക്കുന്നു. ഈ ആനന്ദം എന്താണെന്നു് അനുഭവം കൊണ്ടറിയാമെന്നല്ലാതെ വാക്കാൽ പറഞ്ഞറിയിക്കാവുന്നതല്ല. വേദാന്തപ്രകാരം 'ചിദാനന്ദം' എന്നു പറഞ്ഞാൽ അതിന്റെ പൂർണ്ണരൂപമായി.

ഇനിയും, നമ്മുടെ ആത്മാവു് ഈ ശരീരത്തിൽമാത്രമല്ലാ എല്ലായിടത്തും വ്യാപിച്ചിരിയ്ക്കുന്നു എന്നു ദൃഢമായി വിശ്വസിയ്ക്കണം. സ്ഥലപരിമിതി ഉണ്ടെന്ന സംശയി

ക്കരുത്. അതിന് ഒരവലംബവുമില്ലെന്നു കരുതണം. 'വിജ്ഞാനഭൈരവ'ത്തിലെ ഈ പദ്യം നോക്കുക:

“വ്യോമാകാരം സ്വമാത്മാനം ധ്യായേദ്ദിഗ്ഭിര
നാവൃതം
നിരാശ്രയാ ചിതിഃ ശക്തിഃ സ്വരൂപം ദർ
ശയേത് തദാ.”

ഇങ്ങനെ ശുദ്ധ ചൈതന്യസ്വരൂപം അനാവൃത നിർവികല്പ ചൈതന്യം പ്രത്യഭിജ്ഞയിൽ ദർശിക്കാവുന്നതാണ്. വേറൊരു മാർഗ്ഗം ഇച്ഛകളെ അമർത്തുകയാകുന്നു: ഉണ്ടാകുന്ന മാത്രയിൽത്തന്നെ അതിനെ വച്ചുവളർത്താതെ 'ചിത്തിൽ' ലയിപ്പിക്കണം.

“ഝഗിതിച്ഛാം സമുല്പന്നാമവലോക്യ ശമം നയേത്
യത ഏവ സമുദ്ഭൂതാ തതസ്തത്രൈവ ലീയതേ”

ഇതിന്റെ അർത്ഥമാണ് മുകളിൽ സൂചിപ്പിച്ചത്.

നല്ല ഉത്സവം കാണുക, ചിരകാലം വേർപിരിഞ്ഞിരുന്ന ആത്മസുഹൃത്തുമായുള്ള അപ്രതീക്ഷിതസമാഗമം— ഇത്യാദി അവസരങ്ങളിൽ നമുക്കുണ്ടാകുന്ന പ്രത്യഭിജ്ഞയും ആഹ്ലാദമാണ്. പത്തുപതിനഞ്ചുവർഷം മുമ്പ് തൃശ്ശിവപേരൂർ ക്ഷേത്രത്തിലെ പകൽപ്പൂരം കാണുവാൻ ഇടയായപ്പോൾ എനിയ്ക്കുണ്ടായ അനുഭവം സ്മൃതിപഥത്തിലെത്തുന്നു. ഇരുഭാഗങ്ങളും അണിനിരന്നിരുന്ന വിചിത്രാലങ്കാരങ്ങളോടുകൂടിയ ആനകളും കണ്ണിനാനന്ദകരമായ നാഗസ്വരവും, വിദേശസ്വദേശവേഷഭൂഷാദികളോടുകൂടിയ തദ്ദേശീജനങ്ങളും — ഇതെല്ലാംകൂടി ഞാൻ ചെന്ന വഴിയ്ക്കുതന്നെ

കാണുകയാൽ കൂടെയുണ്ടായിരുന്നവരെ കൂടി മറന്ന് ആൾത്തിരക്കിലകപ്പെട്ടു നട്ടം തിരിയുന്ന കഥയാണതു്. ഇതുപോലെ ദീർഘ വിരഹത്തിനു ശേഷം സുഹൃത്സമാഗമങ്ങളും പലരുടേയും അനുഭവത്തിൽപ്പെട്ട സംഗതികളായിരിക്കണം. ആകയാൽ താഴെ ഉദ്ധരിയ്ക്കുന്ന പദ്യം അതിശയോക്തിയല്ല.

"ആനന്ദേന ഇതിപ്രാപ്യേ ദൃഷ്ടേവാ ബാന്ധ
വൈശ്ചിരാൽ
ആനന്ദമുദ്ഗതം ധ്യാത്വാ തല്ലയസ്തന്മനാ
ഭവേൽ."

കേവലം ശാരീരികമായ അവസ്ഥാഭേദങ്ങളാൽ ഉണ്ടാവുന്ന പ്രത്യഭിജ്ഞ നാം 'ഭ്രാന്താ'ണെന്നു പറഞ്ഞു തള്ളുകയാണു് പതിവു്. ബ്രൌണിങ്ങിന്റെ കാവ്യത്തിലെ 'ലാസറസ്സിന്റെ' കഥ ഇതിനു നല്ലൊരുദാഹരണമാണു്. എന്നാൽ പെട്ടെന്നു പമ്പാനദിയിലെ വെള്ളപ്പൊക്കം കണ്ടിട്ട് ഒരു യൌവനയുക്തയായ സ്ത്രീയുടെ ഉള്ളുപോറുന്ന കഥയും പരമാർത്ഥമാണെന്ന് എനിയ്ക്കറിയാം. ലോഹപാത്രത്തിൽ തട്ടിയാലുണ്ടാവുന്ന ശബ്ദവും ആചാര്യന്മാർ ക്ഷണികപ്രത്യഭിജ്ഞയ്ക്കു ഹേതുവായി പറഞ്ഞിട്ടുണ്ട്. ദേവാലയങ്ങളിലെ മണിനാദം ഈ പ്രകൃതത്തിൽ സ്മരണീയമാണ്.

"ശബ്ദബ്രഹ്മണി നിഷ്ണാതഃ പരം ബ്രഹ്മാധിഗച്ഛതി."

ശാകുന്തളം അഞ്ചാമങ്കത്തിൽ മനോഹരമായ ഗീതം ശ്രവിച്ചിട്ടു രാജാവു് ചിന്തിയ്ക്കുന്ന പദ്യം നോക്കുക.

"രമ്യാണിവീക്ഷ്യമധുരാംശ്ചനിശമ്യശബ്ദാൻ
പര്യുത്സുകീഭവതി യത്സുഖിതോപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂർവ്വം
ഭാവസ്ഥിരാണി ജനനാന്തരസൗഹൃദാനി."

ഇതിനെപ്പററി രാഘവഭട്ടന്റെ വ്യാഖ്യാനം വായിച്ചു നോക്കാൻ വായനക്കാരോട്ട് അപേക്ഷിക്കുകയല്ലാതെ ഈ ചെറിയ ലേഖനത്തിൽ വിസ്തരിക്കുവാൻ നിവൃത്തിയില്ലെന്ന ഖേദിക്കുന്നു. ഒരു ശരീരതന്ത്രങ്ങളിലേയ്ക്കും പ്രമാണമുണ്ട്.

"തന്ത്ര്യാദിവാദ്യശബ്ദേഷു ദീർഘേഷു ക്രമസംസ്ഥിതേ
അനന്യചേതാഃ പ്രത്യന്തേ പരവ്യോമവപുർഭവേൽ."

വേർഡ്സ്വർത്തിന്റേയും, മാറേഷി ലോറെൻസിന്റേയും വിജന വനപ്രകൃതി മദ്ധ്യത്തിലുണ്ടായിട്ടുള്ള പ്രത്യഭിജ്ഞാ സ്മരണീയമാണല്ലോ. അപ്പോൾ ഈ പദ്യത്തിന്റെ സ്വാരസ്യം ഗ്രഹിക്കുവാൻ വിഷമമില്ല.

"നിർവൃക്ഷഗിരിഭിത്ത്യാദിദേശേ ദൃഷ്ടിം
വിനിക്ഷിപേൽ
വിലീനേ മാനസേ ഭാവേ വൃത്തിക്ഷീണഃ
പ്രജായതേ."

"നിർവൃക്ഷഗിരിഭിത്തി" എന്ന പറഞ്ഞതു പ്രസ്തുത മഹാകവികളുടെ ഏകാന്തസഞ്ചാരവേളകളിൽ പ്രത്യേകിച്ചും ഉദിക്കുന്നുള്ളതാണ്.

ശരീരം ഇരിക്കുമ്പോഴും ചിലർക്കുണ്ടാകുന്ന പ്രത്യഭിജ്ഞ വല്ല സുഖക്കേടുമാണോ എന്ന നാം സംശയിക്കേണ്ട്.

അനുഭവസ്ഥന് അതിന്നതാണെന്നു പറഞ്ഞറിയിപ്പാൻ സാധിയ്ക്കാത്തതുകൊണ്ടാണ് ഈ സംശയം ഉണ്ടാകുന്നത്. ഇവിടെയും പ്രമാണത്തിനു കുറവില്ല.

"പാഷാണസമേ സ്ഥിതവ്യാധ ശരൈർവ്വാ
മോഹപാശനാശ
പ്രശാന്തമാനസോ ഭാവേ ദേവി ദിവ്യൈശ്വര്യ
സമാധ്നാതാൻ."

ക്ഷേത്രത്തിന്നു പുറവും പ്രദക്ഷിണംവെച്ചു ശരീരം തളർന്ന് ഒടുവിൽ താഴെ വീഴുന്ന ചില ഭക്തന്മാർക്ക് പ്രത്യക്ഷമായ ദർശനമുണ്ടായതായി കേട്ടിട്ടുണ്ട്. അതു് ഈ പദ്യവും തെളിയിയ്ക്കുന്നു.

"ശ്രാന്ത്യാ ശ്രാന്ത്യാ ശരീരേണ താഡിതം ഭുവി
പാതനാൽ
യോഗാംശശക്തിവിരാമേണ പരം സംജായതേ ലയഃ."

ഇതെല്ലാം യോഗാഭ്യാസംകൊണ്ടു ചിലർക്കു സിദ്ധിയ്ക്കുന്ന 'സമാധി' എന്ന പരമമായ പ്രത്യക്ഷജ്ഞാനത്തിൽനിന്നു ഭിന്നമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ ദുഷ്പ്രാപവും ദുർല്ലഭവുമായ ആ സ്ഥിതി എത്ര കുറച്ചു പേർമാത്രമാണ് കൈവശപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളത്? ലൗകികജീവിതത്തിൽ നമുക്ക സാധിയ്ക്കാവുന്ന ചില പ്രത്യക്ഷജ്ഞാനംമാത്രമേ, ചിലതിവിടെ ഉദാഹരിച്ചിട്ടുള്ളൂ. ആധുനിക ജീവിതവ്യഗ്രതകൾ നമ്മെ സദാ അലട്ടിക്കൊണ്ടിരിയ്ക്കുമ്പോൾ ഈ വിധത്തിൽ ഏതാനും നിമിഷങ്ങളെങ്കിലും അസ്വസ്ഥതകൂടാതെ ആത്മാവിനെ ഈശ്വരസത്താവസ്ഥയിൽ ലയിപ്പിക്കുവാൻ സാധിക്കുമെങ്കിൽ അതു തന്നെ ഒരു വലിയ ഭാഗ്യമായിക്കരുതേണ്ടതാണ്.

---

# 4. ചിന്താസ്വാതന്ത്ര്യം

ഒരു കാര്യത്തിൽ മാത്രമേ നമുക്കു പൂർണ്ണസ്വാതന്ത്ര്യമുള്ളൂ. ചിന്തിക്കുന്നതെന്താണെന്ന് ആരും ചോദിക്കാറില്ല. അഥവാ ചോദിച്ചാൽ പറയണമെന്നുമില്ല. നിർബന്ധിച്ചാൽ മാറ്റിപ്പറയുകയും ചെയ്യാം. ഉള്ളിലുള്ള വിചാരം പുറത്തു പറഞ്ഞറിയിക്കുന്നതുപോലെ വിചാരിക്കാത്തതും പ്രകാശിപ്പിക്കാൻ ഭാഷതന്നെയാണല്ലോ ഉപകരണം. ആകയാൽ സ്വതന്ത്രമായിരുന്ന് എന്തും ചിന്തിക്കുവാൻ ആരെയും ഭയപ്പെടണമെന്നില്ല.

അങ്ങനെയിരുന്നു ചിന്തിക്കുവാൻ എന്തു രസമാണ്! കുട്ടിക്കാലം മുതല്ക്കേ എനിക്കിത്ര ഇഷ്ടമുള്ള കാര്യം മറ്റൊന്നില്ല. പള്ളിക്കൂടത്തിൽ ഓരോ ക്ലാസ്സിലും ബുദ്ധിമുട്ടുള്ള വിഷയങ്ങൾ പഠിക്കുമ്പോൾ അതൊന്നുമറിയാതെ ബെഞ്ചിലൊരിടത്തിരുന്ന് ചിന്തയിൽ മുഴുകുകയായി. മനോരാജ്യമോ, ആകാശക്കോട്ടയോ സൃഷ്ടിക്കുവാൻ ഒരു ബുദ്ധിമുട്ടും ഇല്ല. ആകാശകുസുമങ്ങൾ പറിക്കരുതെന്ന് ആരെങ്കിലും പറയുമോ? യഥേഷ്ടം മനഃപ്രയാസവും കൂടാതെ കടിക്കാം. മനോരഥത്തിൽ കയറി സഞ്ചരിക്കയാണെങ്കിൽ അതു മറിഞ്ഞുപോകുമോ എന്നു ഭീതിപ്പെടേണ്ട. സുഖമായി എവിടെയും പോകുന്നതാം.

അങ്ങനെ ചിന്തിക്കുമ്പോൾ അസ്വാരസ്യങ്ങൾ വല്ലതും കടന്നുകൂടിയേക്കാം. എന്നാലെവിടെ നിന്നാണതോ?

പിന്നെ അങ്ങോട്ടാലോചിക്കേണ്ട. തൽക്കാലകൃത്യത്തിൽ മനസ്സുവെച്ചുതന്നെ. പിന്നെയും പിന്നെയും അപകടത്തിൽച്ചെന്നു ചാടുകയാണെങ്കിൽ ചിന്തിക്കയേ അരുതു്. കളിക്കുകയോ, വായിക്കുകയോ മറ്റോ ചെയ്യുക. എങ്കിലും മനസ്സു സമ്മതിക്കുന്നതല്ല. സ്വപ്നനിദ്രയിലും അതു കയറി വരും. നാം ഒഴിക്കാൻ ശ്രമിച്ച എല്ലാക്കൂട്ടങ്ങളും അതാ പിന്നെയും പ്രത്യക്ഷമാകുന്നു.

ക്ലാസ്സിലിരുന്നുകൊണ്ടു ദിവാസ്വപ്നത്തിലേർപ്പെട്ടപ്പോൾ ഒരു പാഠം നാം വള്ളം കളിക്കുകയായിരുന്നു എന്നു വിചാരിക്കുക. അതേ! പമ്പാ ആറ്റിൽ മലവെള്ളം വന്നു 'പുഴമറിഞ്ഞ' കാലത്തു് ഒരു ചെറുവഞ്ചിയിൽ നയനാനന്ദകരങ്ങളായ പ്രകൃതിവിലാസങ്ങളും കണ്ടുകൊണ്ടു സഞ്ചരിച്ചു. വിജനസ്ഥലങ്ങളിലായപ്പോൾ ഭയംതോന്നി വള്ളംകളി മതിയാക്കി. ഇനി അതിനെപ്പററി ആലോചിക്കയേ വേണ്ട. ശരീരം അതിന്റെ ഓരോ ചേഷ്ടകളിലേർപ്പെട്ടു. എന്നാൽ മനസ്സുണ്ടോ അടങ്ങിപ്പോകുന്നു? പകലത്തെ ജോലിയുടെ ഫലമായി രാത്രിയിൽ ദേഹം തളർന്നു നിദ്രയിൽ ലയിക്കുമ്പോൾ മനസ്സ് അതിനെ വീണ്ടും വള്ളത്തിൽ കയററുകയായി. ഭയങ്കരങ്ങളായ ഭാവവിശേഷങ്ങൾ ഒന്നിനു പിറകെ മറെറാന്നായി മുറയ്ക്കു സൃഷ്ടിക്കപ്പെടുന്നു. കുറെ കഴിഞ്ഞപ്പോൾ വള്ളം പടിഞ്ഞാറു കടൽത്തീരത്തായി. ഗംഭീരമായ അലച്ചു കേട്ടുതുടങ്ങി. പാതാളത്തിൽ മുങ്ങിത്താഴുന്ന തിരകൾ കണ്ടുതുടങ്ങി. പരിഭ്രമം മൂത്തു. അന്തമററതായുള്ള മനസ്സിനെ തിരികെ ശരീര

ത്തിലേക്കു നയിക്കയായി. ശരീരം രക്ഷപ്പെട്ടു. ഇനി ഉറങ്ങുകയില്ല എന്നു തീർച്ചപ്പെടുത്തി.

ഇതൊരു നല്ല പാഠമാണ്. ചിന്തകൾ ദുഃഖങ്ങളിലേക്കു നമ്മെ വഴികാണിക്കരുത്. പിന്നെ ശ്രമിച്ചിട്ടു ഫലമില്ല. നമ്മെക്കാളധികം സ്വാതന്ത്ര്യമായി പ്രവർത്തിക്കുവാൻ അവയ്ക്കു ശക്തിയുണ്ട്. സ്വപ്നാവസ്ഥയോ, ജാഗ്രദവസ്ഥയോ പരമാർത്ഥമെന്ന് അറിയുവാൻ കഴിയും? സ്വപ്നത്തിലെ വ്യഥകളും, എന്നുവേണ്ട മരണവും ക്ഷണികങ്ങളാണ് ശാശ്വതങ്ങളല്ല എന്നുവാദിക്കുന്നതു യാൽ നാം യഥാർത്ഥമെന്നു വിചാരിക്കുന്ന ക്ലേശാനുഭവങ്ങളും മരണവും ഒക്കെ അങ്ങനെയുള്ളവയാണെന്നു പറയുവാനും ധാരാളം യുക്തികളുണ്ട്. ആകയാൽ സ്വപ്നത്തിലായാലും, യഥാർത്ഥജീവിതത്തിലായാലും ദുഃഖം ഒഴിക്കുവാനാണ് നാം ശ്രമിക്കേണ്ടത്. അങ്ങനെയാവണമെങ്കിൽ നല്ല ചിന്തകളേ ആകാവൂ. ആ വിധത്തിൽ പരിശീലിക്കേണ്ടതായിട്ടുണ്ട്. പക്ഷേ പൂർവ്വപരിചയങ്ങളെല്ലാം അഭ്യാസവും അഭിപ്രായവും നമുക്കത്ര വേഗത്തിൽ വർജ്ജിക്കാവുന്നതല്ലല്ലോ.

ചിന്തിക്കുമ്പോൾ അസ്വാരസ്യങ്ങൾ ഒഴിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. ക്ലാസ്സിലിരുന്നുകൊണ്ടുള്ള ചിന്തകളിൽ ചിലത് അപഗ്രഥിച്ചുനോക്കാം. പരീക്ഷയിൽ തോറ്റുപോകരുതേ! ഇങ്ങനെ സമയം കളഞ്ഞാൽ മറിച്ചു വരാവുന്നതല്ലല്ലോ. പിന്നെ ഒരു പോലീസിൻസ്പെക്ടർ-ആയി. ഹാ! ആ കാക്കി ഡ്രസ്സിൽ ചെറുമീശയും തടവി, കട്ടിച്ചൂരലും വീശി സ്റ്റേഷനിലേക്കു പോകുമ്പോൾ

എത്രപേരാണ് വഴിനീളെ ബഹുമാനിക്കുന്നത്! പ്രമാദമായ ഒരു കൊലക്കേസ്! അത് അന്വേഷിക്കാൻ പോകുമ്പോൾ താൻ ഒരു പ്രസിദ്ധകഥാനായകനായിത്തീർന്നതുപോലെ തോന്നും. പക്ഷേ കോടതിയിലെ ചോദ്യങ്ങൾ, വലിയ വക്കീലന്മാരുടെ ക്രാസ്സ്, മേലധികാരികളുടെ സംശയം, ശത്രുക്കൾ, അസ്വാസ്ഥത, വേദന ഇവ ഒഴിവിവേണം. ചിന്ത നിർത്തിക്കൊള്ളുക. കാര്യംതീറ്.

നല്ല ഒരു വിവാഹം! ഈ ചിന്ത തരുണന്മാർക്കു സ്വാഭാവികമാണ്. അത് എത്രമാത്രം രസകരമാകാമോ അത്രയ്ക്കും അനാവശ്യമാണെന്ന പറയേണ്ടതില്ലല്ലോ.

ചുരുണ്ട തലമുടിയും, കരിങ്കുവളദളാക്ഷികളും, പുഞ്ചിരിപ്പൂനിലാവും, മനോഹരമായ സാരിയും, ശരീരവിലാസങ്ങളും ഒക്കെ പോകട്ടെ. വിവാഹവും നടന്നു; മധുവിധുവും കഴിഞ്ഞു; ഒടുവിൽ വൈധവ്യം തുടങ്ങി. കുഞ്ഞുങ്ങൾ ഉണ്ടാകുമെന്നല്ലേ ഭയം. സന്താനനിയന്ത്രണത്തെപ്പററി ആലോചിച്ചില്ല. മതി........

സ്വപ്നത്തിൽ 'അഞ്ചെട്ടു കുട്ടികൾ 'കഴിക്കാൻകിട്ടി കരയുന്നതും' താൻ ആത്മഹത്യയ്ക്കു മാധിക്കുന്നതും, ഒരു പക്ഷേ മരിക്കുന്നതും മററും ആയിരിക്കും ആ ചിന്താപരമ്പരയുടെ തുടർച്ച. മുഷിച്ചിൽ തോന്നുമ്പോൾ ആ മാർഗ്ഗത്തിൽനിന്നും ചിന്തയെ സന്മാർഗ്ഗത്തിലേയ്ക്കു നയിക്കാനുള്ള സംസ്കാരത്തിന്റെ അഭാവമായിരിക്കും ചിലർക്കു പ്രതിബന്ധമായി നില്ക്കുന്നത്.

ഒരു ചെറിയ ആകാശവിമാനമുണ്ടായിരുന്നു എങ്കിൽ കാളേജിലേക്കുപോകാൻ എന്തു സുഖമായിരിക്കും! എന്നു കാളേജിൽ പഠിച്ചിരുന്ന കാലത്തു് ഒരു ദിവസം ചരിത്ര ക്ലാസ്സിലെ ഒരു മണിക്കൂർ മുഴുവൻ ഏകാഗ്രമായി ചിന്തിച്ചു. അന്നുരാത്രി സ്വപ്നത്തിൽ ഞാൻ മെത്തയിൽനിന്നും കിടന്നപാടെ ആകാശത്തിൽ ഉയരുന്നതുപോലെ തോന്നി. വീട്ടിന്നു വെളിയിലായപ്പോൾ വീണുപോകുമോ എന്നു വല്ലാത്ത ഭയമായി. ശത്രുക്കൾ എന്നെ പിടിക്കാൻ അനുധാവനം ചെയ്യുന്നു. വേഗവേഗം ചാഞ്ഞതുപോലെ ഞാനിതാ ഭൂമിയെ സ്പർശിക്കാറായി. അവരടുത്തു. ഞാൻ വല്ലപാടും ഉണർന്നു രക്ഷപ്പെട്ടു. കണ്ടോ? ആകാശവിമാനത്തെപ്പററിയുള്ള ചിന്തപോയ പോക്കു്. സുഖത്തിലും ദുഃഖത്തിലും നാം തന്നെയാണു ഭോക്താക്കളെങ്കിൽ വേണ്ടില്ലായിരുന്നു. എന്നാൽ ചിലപ്പോൾ അന്യരും ഭാഗഭാക്കുകളായിത്തീരും. സ്വാർത്ഥപ്രധാനങ്ങളായ ചിന്തകളെങ്കിൽ സുഖം തനിക്കും ദുഃഖം മററുള്ളവർക്കുമായി വീതിക്കും. വൈരനിര്യാതനം പലപ്പോഴും ചിന്തയുടെ വിഷയമാകുന്നതു് ഇക്കാരണത്താലാണു്. എന്നാൽ ഉറക്കത്തിൽ അതു വകതിരിവില്ല. മനസ്സ് അതിന്റെ സൃഷ്ടിപരിപാടി മുറയ്ക്കു നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ചാവുന്നതു നാം തന്നെ ആയിരിക്കാം; കൊല്ലുന്നതു ശത്രുവും. അതിൽ നമുക്കു ഭയം തോന്നുന്നു. ആകയാൽ വൈരനിര്യാതനംപോലെയുള്ള ചിന്തകൾക്കു ഇടംകൊടുത്താൽ പ്രത്യാഘാതമുണ്ടാകുമെന്നു് ഓർമ്മവേണം.

മനസ്സിങ്കലെ നല്ലതും ചീത്തയും ആയ ചിന്താഗതികളെ സദാ ഉല്ലാസിപ്പിച്ചുകൊണ്ടിരുന്നാൽ ശരീരത്തിന്റെ

ചോദ്യങ്ങളും ഏറെക്കുറെ നല്ലതും ചിന്തയുമായി ഇടകലർന്നി രിക്കാമെന്ന തരമുള്ളു. ആകയാൽ ചിന്തയായിട്ടുള്ളതെന്തെ ല്ലാമെന്നറിഞ്ഞു തൽസംബന്ധമായ വിചാരം വളർത്തിക്കയാ ണെന്നാൽ ചിന്താസ്വാതന്ത്ര്യംപോലെ സന്തോഷം നല്കുന്ന മറ്റൊന്നുംതന്നെ ലോകത്തിലില്ലെന്നു തീർച്ചയാക്കിപ്പറയാം.

ഇങ്ങനെയുള്ള ചിന്തകൾ നമ്മെ ആദർശവാദിക (Idealists) ളാക്കുകയില്ലയോ എന്നൊരു ചോദ്യത്തിനി വിടെ അവകാശമുണ്ട്. ആദർശവാദിക്കു സമുദായത്തിൽ സ്ഥാനമില്ല. എപ്പോഴും സംഘട്ടനത്തിന് അധീനനായി രിക്കും. സങ്കല്പലോകത്തിൽനിന്നും യഥാർത്ഥജീവിതത്തി ലേക്കു വരുമ്പോൾ അങ്ങനെ സംഭവിക്കാതിരിക്കാൻ തര മില്ല. അതുകൊണ്ടു ചിന്താപരൻ വളരെ സൂക്ഷിക്കണം. നല്ല മനഃശക്തിയുണ്ടെങ്കിലേ യാഥാർത്ഥ്യങ്ങളെ അഭിമുഖീ കരിക്കുവാനും സമുദായത്തിൽ സ്വൈരം വസിക്കുവാനും സാധിക്കയുള്ളൂ. അല്ലെങ്കിൽ ഒരു ഭ്രാന്തൻ ആയിരിക്കണം. നമ്മുടെ കഥകളിക്കാരെ കണ്ടില്ലേ? അരംഗത്തു പ്രതാപ ശാലികളായ മഹാരാജാക്കന്മാരും ഐശ്വര്യധാമങ്ങളായ മഹാരാജ്ഞിമാരും ആയി വിഹരിച്ചതിനുശേഷം അവ ർ ദ്രവ്യം വാങ്ങിക്കൊണ്ടു ഭക്ഷണം മുതലായവയ്ക്കു ക്ലേശിച്ചു നടക്കുന്നു. എന്തായാലും അവർ കരഞ്ഞുകൊണ്ട് ആനന്ദം അനുഭവിക്കുന്നവരാണെന്നുള്ളതു തീർച്ചതന്നെ. ദിക്കു ക്കാരനാകാം രോഗമാണ് തന്റെ ദിനചര്യ എന്ന വസ്തുവും മനസ്സിലാകുമ്പോൾ പാരവശ്യം വർദ്ധിച്ച് ശരീരത്തിന്റെ ശക്തിയും മനസ്സിന്റെ ഉന്മേഷവും നശി

ക്ഷണം. എന്നാൽ വിശ്വാസധനനായ നരനാണെങ്കിൽ പ്രത്യാഘാതങ്ങളുണ്ടാവാതെ സൂക്ഷിക്കും.

പ്രാചീന ഭാരതീയർ ലൗകികങ്ങളായ ചിന്തകൾ നിശ്ശേഷമായും ഉദാസീനരാണെന്നല്ല. ഭയത്താൽതന്നെയായിരിക്കണം പാരത്രിക ചിന്താപരന്മാരായിരുന്നത്. എല്ലാ ചിന്തകളുടെയും കേന്ദ്രസ്ഥാനത്തു സർവ്വോൽകൃഷ്ടമായ ഒരു പരമാത്മതത്വത്തെയും സ്ഥാപിച്ചു. അവർ തന്നെയായിരുന്നു ഭാഗ്യവാന്മാർ. അവർക്ക് സ്വപ്നവും സത്യവും തമ്മിൽ ഭേദമേ ഉണ്ടായിരുന്നില്ല. അവരുടെ ചിന്താസ്വാതന്ത്ര്യം പരിപൂർണ്ണാവസ്ഥയെ പ്രാപിച്ചിരുന്നു. ഇനി അങ്ങനെ ഒരു കാലാവസ്ഥയെ എന്നു സാദ്ധ്യമാണ്.

# 5. ജന്മവാസനകൾ

ചിത്തവൃത്തികൾ എല്ലാം നിരോധിക്കേണ്ടയാവശ്യമുണ്ടോ? പിന്നെ ജീവിച്ചിരുന്നിട്ടു ഫലമെന്തു്? ജീവിക്കാൻ തന്നെ സാധിക്കുമോ? ജീവിക്കേണ്ട; മരിച്ചുകൊള്ളണം. അതു പാടില്ല; ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ ജീവിതം അങ്ങനെ അനിശ്ചിതമായി തുലച്ചുകളയുന്നതു യുക്തമാണോ? ശരി; എന്നാൽ വാർദ്ധക്യം പ്രാപിച്ചിട്ടു മതി. അപ്പോഴേയ്ക്കും ലോകത്തിലെ പ്രവൃത്തി ഒരു വിധമെല്ലാം നിർവഹിച്ചു കഴിയുമല്ലോ. എന്നാലും അതുകൊണ്ടുള്ള ഗുണമെന്താണു്? ഇനി ജനിക്കാതിരിക്കാം. നമ്മുടെ ആത്മാവു് പരമാത്മാവിൽ ലയിച്ചുകൊള്ളും. എനിക്കതിഷ്ടമില്ല. മരിക്കാതിരുന്നാൽ ഏറെ നന്നു്. അഥവാ മരിച്ചേ കഴിയൂ എന്നു നിർബന്ധമാണെങ്കിൽ എനിക്കു വീണ്ടും ജനിക്കതന്നെ വേണം. ആ വ്യവസ്ഥയിന്മേൽ മരിക്കാം. ശരി, ആയിക്കൊള്ളൂ; ചിത്തവൃത്തികളിൽ ചിലതു ബാക്കിയിട്ടിരുന്നാൽ മതി. എത്ര പ്രാവശ്യം വേണമെങ്കിലും ജനിക്കാം. പക്ഷേ പിന്നീടു് മുറുമുറുക്കരുതു്. പൂർവജന്മഫലമാണെന്നും മറ്റും സങ്കടപ്പെടാതെ ഇപ്പോഴേ നോക്കിക്കൊള്ളണം. മനസ്സിലെ വാസനകൾ നശിപ്പിക്കണം. എല്ലാ വാസനകളും നശിപ്പിക്കണമോ? അങ്ങനെയാണെങ്കിൽ മുമ്പു പറഞ്ഞതുപോലെ മനസ്സിന്റെ കഥ കഴിയുമല്ലോ. വേണ്ട; ദുർവാസനകൾ നശിപ്പിച്ചാൽ മതി. ഒട്ടും ബാക്കി കിടക്കരുതു്. എന്നാൽ

ഉൽകൃഷ്ടമായ ജന്മം ലഭിക്കും. അക്കാര്യം നല്ല നിശ്ചയമില്ലാതെ വെറുതെ ബുദ്ധിമുട്ട കഴിക്കുന്നതെന്തിനു്? ആർക്കും അതിനെപ്പററി ഉറപ്പു പറവാൻ കഴിയുന്നതല്ല. പക്ഷെ അങ്ങനെ സംഭവിച്ചു എന്നിരിക്കട്ടെ; എത്ര വലിയ പശ്ചാത്താപമായിരിക്കും അപ്പോൾ ഉണ്ടാകുന്നതു്? എന്നു മാത്രമല്ല, ഐഹികജീവിതത്തിൽ സുഖങ്ങളിലും ഇച്ഛിച്ചവന്ന കണ്ടിട്ടുണ്ടോ? അതുകൊണ്ടു് അവസാനത്തിലെങ്കിലും ഈ ഒരു സംതൃപ്തിയോടുകൂടി മരിക്കാം. പുനർജ്ജന്മം നന്നാകണമെന്നുള്ള ചാരിതാർത്ഥ്യം.

മരിക്കണമോ എന്നു തോന്നുകയാണെങ്കിലും ദോഷാകരം നശിപ്പിച്ചു് മനസ്സിനെ ഉൽകൃഷ്ടമാക്കി വച്ചുകൊണ്ടിരിക്കാമല്ലോ. മനസ്സിലെ ദോഷം നശിപ്പിക്കേണ്ടതു. ചിത്തവൃത്തികളിൽ ചിലതു കളഞ്ഞാൽ മതി. സ്വഭാവമു ധർമ്മവിരുദ്ധമായിട്ടുള്ളതെല്ലാം. അതൊന്നും നന്നല്ല. ദോഷം കലർന്നിരിക്കും. പ്രസ്തുത ചിത്തവൃത്തികളെ പരിപോഷിപ്പിക്കയാണെങ്കിൽ ഒന്നിനൊന്നു ദോഷം വർദ്ധിച്ചു് അനേകജന്മങ്ങളിൽക്കൂടി കടന്നുപോയിട്ടും അതു പരിഹരിക്കാൻ മാർഗ്ഗമില്ലാതെ വരുന്നതാകാം. എന്നാൽ സദ്വാസനകളാണു് ഇങ്ങനെ വളർന്നതെങ്കിൽ ഈ ജന്മം നന്നാകാമെന്നു മാത്രമല്ല പുനർജന്മങ്ങളിൽ അധഃപതിക്കേണ്ടതായും വരുന്നതല്ല. പ്രസ്തുത വാസനകളുടെ ഫലമായി ആത്മാവിന്റെ ജന്മാന്തരങ്ങൾ അഭിലഷണീയങ്ങളായ പരിതഃസ്ഥിതികളിലായിരിക്കും. എന്തെന്നാൽ ധർമ്മാധർമ്മങ്ങളുടെ ഏറ്റക്കുറച്ചിലനുസരിച്ചായിരിക്കും ജന്മം

എന്ന ശ്രുതിപ്രമാണമുണ്ട്. ആകയാൽ സകല ദുർവ്വാസ നകളെയും നശിപ്പിച്ചു മനസ്സോടുകൂടിയ ഒരു ജ്ഞാനവാനൊരിക്കൽ വീണ്ടും ജനിക്കുന്നതിന്ന് എനിക്കൊരു വിരോധവുമില്ല. അങ്ങനെ ഇപ്പോഴും തന്നെ ജനിച്ചു വളർന്നിട്ടുള്ള ശുദ്ധജന്മന്മാരായിരിക്കാം. പക്ഷെ അവർ വളരെ സൂക്ഷിച്ചിരുന്നില്ലെങ്കിൽ അധഃപതിച്ചേക്കാം. ഈശ്വരനെ തന്നെ അപ്രകാരം സംഭവിക്കുന്ന സ്ഥിതിക്കു മറ്റുള്ളവരുടെ കാര്യം ചോദിപ്പാനുണ്ടോ? ഈശ്വരൻ എന്ന് ഞാനിവിടെ അർത്ഥമാക്കുന്നത് 'ബ്രഹ്മ'ത്തെ ഉദ്ദേശിച്ചാണ്. അപ്പോൾ ബ്രഹ്മത്തിൽ ദുർവ്വാസനകളുണ്ടോ എന്നൊരു വലിയ പ്രശ്നത്തിൽ നാം എത്തിച്ചേരുന്നു. 'സർവ്വം ബ്രഹ്മമയം' എന്ന പല്ലവി പാടുന്ന വേദാന്തത്തിന്ന് ഇക്കാര്യത്തിൽ എന്തു സമാധാനമാണ് പറയാനുള്ളതെന്നറിയുന്നില്ല. 'സച്ചിദാനന്ദം' എന്നും മറ്റും പറയുന്നതിൽ ഭാഷാന്തരത്തിന്റെ നാമമേ ഉള്ളൂ. ലോകം ഒരു പ്രത്യേക പദാർത്ഥമായി തള്ളിക്കളയുവാൻ വേദാന്തം സമ്മതിക്കുന്നില്ല. എന്തെന്നാൽ 'സാംഖ്യം' മുതലായ ദ്വൈത സിദ്ധാന്തങ്ങളെപ്പോലെ 'വേദാന്തം' ഖണ്ഡിക്കുന്നു. സാംഖ്യമോ, യോഗമോ, ന്യായവൈശേഷികമോ പ്രമാണമായി സ്വീകരിച്ച് ലോകം വെളിയിൽ നിന്നും നമ്മുടെ മനസ്സിൽ കയറിയതാണ് എന്നു പറയാമായിരുന്നില്ലേ? ശരി, അപ്രകാരം ചെയ്യാമായിരുന്നു. എന്നാൽ കേരളീയർ വേദാന്തവുമായിട്ടേ അധികം പരിചയപ്പെടുവാൻ കഴിഞ്ഞിട്ടുള്ളൂ. ആ അറിവ് ഈ രാജ്യത്ത് സാധാരണമാണ്. ആകയാൽ ശ്രീശങ്കരാചാര്യരുടെ കാല

മുതലുള്ളവരൊക്കെ നോക്കിയാൽ 'നിർഗ്ഗുണ'മായിട്ടും, 'സഗുണ'മായിട്ടും ബ്രഹ്മത്തെ ആരാധിക്കുവാൻ പരിശീലിക്കുകയാണ് ഒട്ടുമിക്കവരും ഇവിടെ ചെയ്യുന്നത്. 'നിർഗ്ഗുണ'ബ്രഹ്മത്തിന്റെ കാര്യം പോകട്ടെ. പേരു കൊണ്ടു തന്നെ അതിനൊരു ഗുണവും (അതായത് ഗുണദോഷങ്ങളുൾപ്പെടെ) ഇല്ലാത്തതാണെന്നറിയാം. 'സഗുണ'ബ്രഹ്മത്തിൽ സൽഗുണങ്ങൾ മാത്രമേയുള്ളു എന്നു വാദിച്ചാൽ പിന്നെ നമ്മിൽ കാണുന്ന ദോഷങ്ങൾ യാതൊരാളുടേതിയുമില്ലെന്നു വരും. മതവിഷയമായും വേദാന്തപരമായും നാം സർവ്വോപരി ശ്രേഷ്ഠമായിക്കരുതി വരുന്നത് ഭഗവദ്ഗീതയാണല്ലോ, അതനുസരിച്ച് ഈശ്വരൻ തന്നെയാണ് ദോഷത്തിന്റെയും ഇരിപ്പിടം എന്നു കാണാവുന്നതാണ്.

"യേ ചൈവ സാത്വികാഭാവാ
രാജസാസ്താമസാശ്ചയേ
മത്ത ഏവേതി താൻ വിദ്ധി".

"സാത്വികവും, രാജസികവും, താമസികവുമായ ഗുണങ്ങളെല്ലാം (അതായത് ദോഷം ഉൾപ്പെടെ) എന്നിൽ നിന്നും ഉണ്ടായവയാണ്." എന്നു ഭഗവാൻ തന്നെ അരുളിച്ചെയ്യുന്നതിൽ പരം എന്താണ് തെളിവു വേണ്ടത്? വേറൊരിടത്ത് ആ ഗ്രന്ഥത്തിൽ തന്നെ ഗുണങ്ങളുടെ കൂട്ടത്തിൽ ചില ദോഷങ്ങളും പറഞ്ഞു കാണുന്നുണ്ട്.

"ബുദ്ധിർജ്ഞാനമസംമോഹഃ
ക്ഷമാ, സത്യം, ദമഃ, ശമഃ
സുഖം, ദുഃഖം, ഭവോ/ഭാവോ,
ഭയം, ചാഭയ, മേവച;
അഹിംസാ, സമതാ, തുഷ്ടി
സ്തപോ, ദാനം, യശോ/യശഃ
ഭവന്തി ഭാവാ ഭൂതാനാം
മത്തഏവ പൃഥഗ്വിധാഃ"

ഇവിടെ ദുഃഖം, ഭാവം, ഭയം, അയശസ്സ് എന്നിത്രയും ഭഗവാങ്കൽ പ്രകടമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടല്ലോ. മൂന്നാമത്തേതിലുള്ള "ദ്യൂതം ഛലയതാമസ്മി" എന്ന പറഞ്ഞിരിക്കുന്നതിൽനിന്ന ചൂതുകളിയുമവനാണെന്ന വരുന്നു. മേൽപറഞ്ഞ വാക്യങ്ങളുടെ വിരുദ്ധം ബോധിക്കുന്നവയോ എന്നു തോന്നുമാറുള്ള ഭാഗങ്ങളും ഭഗവദ്ഗീതയിലുണ്ട്.

"ബലം ബലവതാംചാഹം
കാമരാഗവിവർജ്ജിതം
ധർമ്മാവിരുദ്ധോഭൂതേഷു
കാമോസ്മി."

ബ്രഹ്മം കാമരാഗവിവർജ്ജിതമാണെങ്കിലും ഭൂതങ്ങളിൽ കാമം ഇല്ലാതില്ല. പക്ഷേ ധർമ്മാവിരുദ്ധമായിട്ടുള്ള കാമം മാത്രമേ ബ്രഹ്മം അംഗീകരിക്കുന്നുള്ളൂ. ഇവിടെ ഗീതാകാരൻ ഒരു ഉത്തമോപദേശമാണ് നൽകുന്നത്. അതായത്, അവർ ദുർവ്വാസനകളെ നശിപ്പിച്ചു മനസ്സിനെ പരിശുദ്ധമാക്കണമെന്നാണ്.

ലോകത്തിലെ സുഖദുഃഖങ്ങൾക്കു ബ്രഹ്മമാണു കാരണമെങ്കിൽ പക്ഷപാതവും നിർദ്ദയത്വവും അതിൽ ആരോപിക്കേണ്ടതായി വരും. ചിലർ സുഖാനുഭവങ്ങളിൽ കാലം കഴിക്കുന്നു. മററു ചിലരാ എന്നും ദുഃഖിച്ചും വിലപിക്കുന്നു. ഇങ്ങനെ വരാൻ പാടുണ്ടോ? അദ്വൈതത്തിനു ഇക്കാര്യത്തിൽ ശരിയായ സമാധാനം നിർദ്ദേശിക്കുവാനില്ല. ഭാഷ്യകാരനുമില്ലെന്നുള്ളതു ദ്വൈതസിദ്ധാന്തങ്ങളുടെ വിജയത്തിന് ഏറെക്കുറെ കാരണമായിത്തീർന്നിട്ടില്ലെന്നില്ല. എന്തായാലും ബ്രഹ്മസൂത്രകാരനും, ഭാഷ്യകാരനും സധൈര്യം ഈ വിഷയത്തിൽ പ്രവേശിക്കുന്നുണ്ടെങ്കിലും ഫലം തൃപ്തികരമാണോ എന്നു സംശയമാണ്. ഈ വിഷയത്തെപ്പററി പ്രതിപാദിക്കുന്ന മൂന്നു സൂത്രങ്ങളും ഇവിടെ ഉദ്ധരിക്കാം.

1. "വൈഷമ്യനൈർഘൃണ്യേ ന സാപേക്ഷത്വാൽ തഥാഹിദർശയതി."—ബ്രസൂ—2—1—34

ജീവാത്മാക്കൾ ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നു എങ്കിലും അവരിൽ കാണുന്ന ദോഷങ്ങൾക്ക്. അതു ഉത്തരവാദിയല്ല. ബ്രഹ്മത്തിൽ പക്ഷപാതമോ ക്രൌര്യമോ ആരോപിക്കേണ്ടു വേണ്ട. ശ്രുതിപ്രമാണമുണ്ട്. ഏതാണ് ശ്രുതിപ്രമാണം? "പുണ്യോവൈപുണ്യേന കർമ്മണാ ഭവതി പാപഃപാപേന" എന്ന 'ബൃഹദാരണ്യകം' ബ്രഹ്മസൃഷ്ടിയിൽത്തന്നെ ഉച്ചനീചത്വങ്ങൾ ഉണ്ടായിരുന്നു എങ്കിൽ അവ എവിടുന്നു വന്നുകേറി? കർമ്മഫലങ്ങളായ ധർമ്മാധർമ്മങ്ങൾ ഉണ്ടായിരുന്നു. അതാണ്

സാപേക്ഷത്വംകൊണ്ടു സ്ഥാപിച്ചിരിക്കുന്നതു്. സൃഷ്ടിക്കു മുമ്പു് ജീവാത്മാക്കൾ ഉണ്ടായിരുന്നോ എന്നു ചോദിച്ചാൽ അടുത്ത സൂത്രംകൊണ്ടു സമാധാനം പറയുകയായി.

2. "ന കർമ്മാവിഭാഗാദിതിചേൽ ന
അനാദിത്വാൽ."

കർമ്മഫലങ്ങളായ ധർമ്മാധർമ്മങ്ങൾ സൃഷ്ടിക്കുമുമ്പില്ലായിരുന്നു എന്നു പറയുകയാണെങ്കിൽ അതു ശരിയല്ല. എന്തെന്നാൽ സൃഷ്ടി അനാദിയാണ്. ജീവാത്മാക്കളും അവയുടെ കർമ്മങ്ങളും ധർമ്മാധർമ്മങ്ങളും അനാദിയാണ്. ആകയാൽ പ്രപഞ്ചത്തെ ബ്രഹ്മം സൃഷ്ടിച്ചു എന്നു പറയുമ്പോൾ ധർമ്മാധർമ്മങ്ങളുടെ ആപേക്ഷികത്വം ഒഴിച്ചുകൂടാവുന്നതല്ല.

3. "ഉപലഭ്യതേ ച".

ശ്രുതിപ്രമാണവുമുണ്ട്. "അനേന ജീവേനാത്മനാ അനുപ്രവിശ്യ നാമരൂപേ കരവാണി" എന്നു 'ഛാന്ദോഗ്യം'. പോരെങ്കിൽ

"സൂര്യാചന്ദ്രമസൌ ധാതാ-
യഥാപൂർവ്വമകല്പയത്."

എന്നു 'ഋഗ്വേദസംഹിത'. ആദ്യത്തെ പ്രമാണത്തിൽ നിന്നു സൃഷ്ടിക്കുമുമ്പു് ജീവാത്മാക്കൾ ഉണ്ടായിരുന്നു എന്നും രണ്ടാമത്തേതിൽനിന്നു സൂര്യചന്ദ്രന്മാരുണ്ടായിരുന്നു എന്നും വ്യക്തമാകുന്നുണ്ടല്ലോ. ആകയാൽ ധർമ്മാധർമ്മങ്ങളോടു കൂടിയ ജീവാത്മാക്കൾ അനാദിയായി ഉള്ളതാണെന്നും അങ്ങനെ ലോകത്തിൽ വന്നുചേർന്നിട്ടുള്ള ദോഷങ്ങൾക്കു ബ്രഹ്മം ഉത്തരവാദിയല്ലെന്നും ആണ് ആചാര്യർ സമ

ത്വിക്കുന്നതു്. ആകയാൽ ഗീതാകാരന്റെ അഭിപ്രായം 'സാംഖ്യദർശനം'കൊണ്ടു സാധൂകരിക്കാൻ പാടുള്ളു.

സാംഖ്യയോഗദർശനമനുസരിച്ചു ഗുണത്രയങ്ങൾ തുല്യാവസ്ഥയിൽ പ്രപഞ്ചകാരണമായ മൂലപ്രകൃതിയിൽ (Primordial matter) സ്ഥിതിചെയ്തിരുന്നു എന്നും, സൃഷ്ടിയുടെ ആരംഭത്തിൽ പുരുഷന്റെ പ്രതിഭാസത്താൽ സത്വരജസ്തമസ്സുകൾ ചലിക്കാൻ തുടങ്ങി എന്നും, പ്രകാശാത്മകത്വവും, ലഘുത്വവും ഉള്ള സത്വഗുണം ജീവാത്മാവിന്റെ ശാന്തതയ്ക്കും തത്കാരികളായ പ്രീതി, സുഖം മുതലായവയ്ക്കും, പ്രവൃത്തിമുഖമായ രജോഗുണം ദ്വേഷം സ്വഭാവത്തിനും, തത്കാര്യങ്ങളായ ദുഃഖാദികർമ്മങ്ങൾ, മോഹാത്മകമായ തമോഗുണം, മടി, ഔദാസീന്യം, വിഷാദം മുതലായവയ്ക്കും നിമിത്തങ്ങളായിത്തീരുന്നു എന്നും വിശദമാക്കുന്നതാണു്. സാംഖ്യത്തിൽ ജീവാത്മാവിനെ 'അഹംബുദ്ധി' എന്നാണു് പറയുന്നതു്. അതായതു് നാം ഓരോരുത്തരും തന്നെ. നമ്മിൽ ഗുണവും ദോഷവുമുണ്ടെന്നു് ആരും പറഞ്ഞറിയിക്കേണ്ടയാവശ്യമില്ല. അഹംബുദ്ധി അല്ലെങ്കിൽ ജീവാത്മാവു് ഒരു സൃഷ്ടികാര്യമാണു്. കാര്യത്തിലുള്ളതു കാരണത്തിൽ കാണണം. സൃഷ്ടികാരണം മൂലപ്രകൃതിയാണെന്നു പറഞ്ഞുവല്ലോ. ആകയാൽ അതിൽ ഗുണദോഷങ്ങളുമുണ്ടു്. എന്നാൽ അവ അനാദിയാണെങ്കിലും നിത്യമല്ല. അതുകൊണ്ടു് അവയെ നശിപ്പിക്കാം. അതു് എങ്ങനെയെന്നു യോഗദർശനം വിവരിച്ചു പറഞ്ഞിട്ടുണ്ടു്. യോഗംതന്നെ 'ചിത്ത

വൃത്തി' നിരോധമാണെന്നു ആദ്യമേ പറഞ്ഞുകൊണ്ടാണു് പതഞ്ജലി മഹർഷി ആ തത്വചിന്ത തുടങ്ങുന്നതു്.

ചിത്തവൃത്തികളെ ഉണ്ടാക്കുന്ന മനോവാസനകളെ പ്പററിമാത്രമേ ഇനി ഒരുവാക്കു പറയേണ്ടതായിട്ടുള്ളു.

മനോവാസന എന്നു പറയുന്നതു എന്താണെന്നു നോക്കാം.

" ദൃഢഭാവനയാ ത്യക്ത
പൂർവാപരവിചാരണം
യദാദാനം പദാർത്ഥസ്യ
വാസനാസാ പ്രകീർത്തിതാ."

ഏതെങ്കിലും ഒരു സാധനത്തിന്റെ പൂർവാപര സംബ ന്ധങ്ങളും മററും നോക്കാതെ അംഗീകരിക്കുന്നതാണു് വാസന. പൂർവാനുഭവത്തിന്റെ ശക്തിയേറിയ സ്മരണ നിമിത്തം മറെറാന്നും സ്ഫുരിക്കുന്നില്ല. തന്റെ പ്രവൃത്തി കൾക്കും ശരിയുള്ളതാണെന്നു തീർച്ചപ്പെടുത്തുന്നു. മന സ്സിൽ നശിക്കാതെ കിടക്കുന്ന ഈനാദോഷങ്ങളും ആഗ്രഹ ങ്ങളും തന്നെയായിരിക്കണം ഈ ദുസ്ഥിതിക്കു കാരണം. ആഗ്രഹത്തിനനുരൂപമായ വിചാരവും അതിനനുസരി ച്ചുള്ള പ്രവൃത്തിയും ഉണ്ടാകുമ്പോൾ നമ്മുടെ സ്വഭാവം തന്നെ മാറിപ്പോകുന്നു.

"സയഥാകാമോ ഭവതി തൽക്രതുർഭവതി;
യൽക്രതുർഭവതി തൽകർമ്മകുരുതേ;
തദഭിസമ്പദ്യതേ" എന്നാണല്ലോ ശ്രുതി.

വാസനകൾ രണ്ടുവിധമുള്ളവയിൽ ദുർവാസനകളെ പ്പററിമാത്രമേ അല്പം ഇവിടെ പറയണമെന്നു വിചാരിക്കു

ന്നുള്ളൂ. സദ്‌വാസനകൾ മാത്രമായി ശേഷിക്കുന്ന മഹത്ത്വോടുകൂടിയ ജീവാത്മാവിനു പുനർജന്മം ഉപേക്ഷിക്കേണ്ടതാവശ്യമില്ലെന്നു പറഞ്ഞു. അഥവാ ഉണ്ടായില്ലെങ്കിൽ പോകട്ടെ. എന്നാൽ ദുർവാസനകളോടുകൂടിയ മനസ്സിനെയും വഹിച്ചുകൊണ്ട വീണ്ടും വരുന്ന ജീവാത്മാവിന്റെ കാര്യമാണ് അത്യന്തം കഷ്ടമായിട്ടുള്ളത്.

അതു് ഊഹിക്കാതിരിക്കയുമില്ല. വാല്മീകിമഹർഷി പറയുന്നതു നോക്കുക.

“ അജ്ഞാനസ്വാപനാകാരേ
ഘോരാന്ധകാരശാലിനീ
പുനർജന്മകരീ.”

ഇതാണ് ദുർവാസനയുടെ ലക്ഷണം. ലോകരെന്നു ‘കാമക്രോധങ്ങൾ’ എന്നാണ് ദുർവാസനക്കാർ പറയുന്നത്. ഇവയുടെ ചിത്തവൃത്തികൾ ‘ഭഗവദ്ഗീത’യിൽ സമർത്ഥിച്ചിട്ടുണ്ട്.

‘ഇദമദ്യമയാലബ്ധം, ഇമംപ്രാപ്സ്യേ മനോരഥം
ഇദമസ്തീദമപിമേ, ഭവിഷ്യതി പുനർധനം,
അസൗമയാഹതഃ ശത്രുർഹനിഷ്യേ ചാപരാനപി
ഈശ്വരോഹമഹംഭോഗീ, സിദ്ധോഹം,
ബലവാൻ സുഖി.’—ഇത്യാദി.

ഇതെനിക്കു കിട്ടിക്കഴിഞ്ഞു. ഇനിയും ആഗ്രഹിച്ചതെല്ലാ
നേടിക്കൊള്ളാം. വേണ്ട ധനം ലഭിച്ചു കഴിഞ്ഞു. ഇനി
അതു വർദ്ധിപ്പിക്കാൻ വിഷമമില്ല. ഈ ശത്രുവിനെ നശ
പ്പിച്ചു. ഇനിയുള്ളവരെയും ഉടനെ കൊന്നൊടുക്കണ

ഞാൻതന്നെ പ്രഭു, സുഖിമാൻ, സുജനൻ, പരിപൂർണ്ണൻ, ശക്തൻ, സൌഭാഗ്യവാൻ. ഇവരുടെ പരിണാമമെന്തായിരിക്കുമെന്നാണ് ഭഗവാൻ അരുളിച്ചെയ്യുന്നതു് ?

"പതന്തി നരകേശുചൌ"

പാപപങ്കിലമായ നരകത്തിൽ പതിക്കുന്നു.

ദുർവ്വാസനകളിൽ മുഖ്യമായതു് ലോകവാസനയാണ്. ലോകരെല്ലാം ബഹുമാനിക്കണം എന്നാണു മനോഭാവം. ഒന്നാമതു് ഇതു സാദ്ധ്യമല്ല. ശ്രീരാമനുപോലും സാധിച്ചിട്ടില്ല. രണ്ടാമതു അനാവശ്യവുമാണ്. വ്യക്തികളിൽ നിന്നും ഉത്ഭവിച്ച ഈ ദുർവാസന ജാതി സമുദായങ്ങളിലും ഉത്ഭൂതമായിത്തീരുന്നു. തെക്കർ വടക്കരെയും, വടക്കർ തെക്കരെയും, ഒരു ജാതിക്കാർ അന്യജാതിക്കാരെയും ആക്ഷേപിക്കുന്നതും, ചിലർ സ്വന്തം കുലത്തെയും, ബന്ധുക്കളെയും പ്രശംസിക്കുന്നതും അന്യരെ നിന്ദിക്കുന്നതും എല്ലാം ലോകവാസനയുടെ ഫലമാണ്.

"ശുചി: പിശാചോ വികലോ വിചക്ഷണ:
ക്ഷമോപ്യശക്തോ ബലവാംശ്ച ദുഷ്ട:
നിശ്ചിന്തചോര: സുഭഗോപി കാമീ
കോ ലോകമാരാധയിതും സമർത്ഥ: ?"

ശുചിയായിട്ടുള്ളവനെ പിശാചായിട്ടും, സമർത്ഥനെ മഠയനായിട്ടും, ക്ഷമയുള്ളവനെ അശക്തനായിട്ടും, നിശ്ചിന്തനെ കള്ളനായിട്ടും, സുഭഗശീലനെ കാമിയായിട്ടും ഗണിക്കുന്നതു ലോകവാസനകൊണ്ടുതന്നെയാണ്. എല്ലാവരെയും സന്തോഷിപ്പിക്കുവാൻ ആരെക്കൊണ്ടു കഴിയും? ആകയാൽ ജ്ഞാനികൾ നിന്ദയും, സ്തുതിയും ഒരുപോലെ ഗണിക്കുന്നു.

ദുർവാസനകളിൽ രണ്ടാമത്തേതു ശാസ്ത്രവാസനയാണ്. ഒരുപാടൊക്കെ അറിയാമെന്നൊരു ഭാവം, അനവധി ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെന്നൊരഹമ്മതി. ദുർവാസസ്സുമഹർഷി ഒരിക്കൽ താൻ വായിച്ചിട്ടുള്ള ഒരു കുന്നു ഗ്രന്ഥവുമായി ശിവനെക്കാണാൻ ചെന്നു. ദൂരെ നിന്നിരുന്ന നാരദൻ ആഗതനെ ഉദ്ദേശിച്ച് "കഴുത ചുമടു ചുമന്നുകൊണ്ടുവരുംപോലെ" എന്നറിയാതെ പറഞ്ഞുപോയി. ഗ്രന്ഥം മുഴുവനും നദിയിലെറിയുകയായിരുന്നു ദുർവാസാവു ചെയ്തതു്. പിന്നീടാണ് അദ്ദേഹത്തിനു ശിവൻ ആത്മജ്ഞാനം ഉപദേശിച്ചതത്രെ!

"ബഹുശാസ്ത്രകഥാകന്ഥാ
രോമന്ഥേന വൃഥൈവ കിം?
അന്വേഷ്ടവ്യം പ്രയത്നേന
തത്ത്വജ്ഞൈർജ്യോതിരാന്തരം."

അനേക ശാസ്ത്രങ്ങളാകുന്ന ജീർണ്ണ വസ്ത്രങ്ങൾ പിന്നെയും പിന്നെയും ചവച്ചിറക്കിട്ടു ഫലമെന്ത്? ഉള്ളിലെ വെളിച്ചം ബുദ്ധിമുട്ടിയന്വേഷിക്കയാണ് തത്ത്വജ്ഞാനികളുടെ കർത്തവ്യം. ഇനിയും ഒരു കൂട്ടർ വേദമൊക്കെ പഠിച്ചു കേമന്മാരായി ഞെളിയുന്നുണ്ട്. അവരെപ്പററി ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നതു് ഇങ്ങനെയാണ്.

യാമിമാം പുഷ്പിതാം വാചം
പ്രവദന്ത്യവിപശ്ചിതഃ
വേദവാദരതാഃ പാർത്ഥ!
നാന്യദസ്തീതിവാദിനഃ"

വേദപ്രോക്തമായിട്ടുള്ള ഇതുമാത്രം പരമാർത്ഥം എന്ന് എത്ര സരസമായിട്ട് ഈ മൂഢന്മാർ പറഞ്ഞു കേൾപ്പിക്കും. ലോകത്തിൽ ഗ്രാഹ്യമായിട്ട വേറൊന്നും ഇല്ലത്രെ !

ദേഹാഭിമാനമാണ് മൂന്നാമത്തെ ഉപാസനയായി പൂർവ്വാചാര്യന്മാർ നിർദ്ദേശിക്കുന്നത്. പ്രാകൃതജനങ്ങൾ ദേഹംതന്നെയാണ് ചൈതന്യവിശിഷ്ടമായ ആത്മാവ് എന്നു വിചാരിക്കുന്നു. ശബ്ദജ്ഞാനവും മററു ആഹാര ഭോഗാദികളും വർദ്ധിപ്പിക്കാൻ അവർ ചെയ്യുന്ന തീവ്രയത്നങ്ങൾ കാണുമ്പോൾ ശരീരം നിത്യമായിട്ടുള്ളതാണെന്ന് അവർ വിശ്വസിക്കുന്നതുപോലെ തോന്നുന്നു. അനേകായിരം സംവത്സരംമുമ്പു നമ്മുടെ മഹർഷിമാർ നിർദ്ദേശിച്ചിട്ടുള്ള ഇത്തരം അനവധി ഉപാസനകൾ അന്നത്തെപ്പോലെതന്നെ ഇന്നും നിലകൊള്ളുന്നുണ്ട്. കൂടാതെ അവർ പ്രതീക്ഷിക്കാത്ത മാതിരിയിൽ വിദേശീയ വിവിധ ധർമ്മങ്ങളെ സ്വീകരിക്കുവാൻ ഇടയായിട്ടുള്ള നമ്മുടെ മനസ്സിൽ കടന്നുകൂടിയിട്ടുള്ള ഉപാസനകളും അസംഖ്യങ്ങളുമാണ്.

അവയെല്ലാം യോഗശാസ്ത്രവിധികൾ അനുസരിച്ചോ, ബുദ്ധിപൂർവ്വം അംഗീകരിക്കുന്ന മറെറന്തെങ്കിലും മാർഗ്ഗങ്ങൾ അവലംബിച്ചോ നശിപ്പിച്ചതിന്റെശേഷം സ്വതഃപ്രധാനമായിത്തീരുന്ന മനസ്സോടുകൂടി ജീവിച്ചിരിക്കയോ, മരിക്കയോ ചെയ്താൽ പുനർജ്ജന്മത്തെപ്പററിയുള്ള അസ്വസ്ഥത ഇല്ലാതാകാം.

# 6: സാഹിത്യത്തിലെ ഒരു ആൾമാറാട്ടം

കുഞ്ചൻനമ്പ്യാർ ജീവിച്ചിരുന്നതു രണ്ടു ശതാബ്ദം മുമ്പാണ്. ജനനമരണകാലങ്ങളെപ്പററി ഇനിയും സംശയം തീർന്നിട്ടില്ലെങ്കിലും കൊല്ലം പത്താംശതകത്തിന്റെ പൂർവാർദ്ധം അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനകാലമായി ഗണിക്കാമെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല. ഇത്രയും കാലത്തിനിടയ്ക്കു, ലക്ഷോപലക്ഷം ജനങ്ങളെ വിനോദിപ്പിക്കയും, അവരുടെ അറിവു വർദ്ധിപ്പിക്കയും, ദേശഭക്തിയെ ഉദ്യോതിപ്പിക്കയും ഭാഷാഭിമാനത്തെ വളർത്തുകയും ചെയ്തിട്ടുള്ള തുള്ളൽ കഥകൾ നമുക്ക് അത്യന്തം പ്രിയങ്കരങ്ങളായിത്തീർന്നിട്ടുണ്ട്. പാരായണത്താലും, കഥാശ്രവണത്താലും, അഭിനയദർശനത്താലും ഈ തുള്ളലുകൾ നാട്ടുകാരെ പുരാണങ്ങളിലേക്കാകർഷിക്കയും, ഹിന്ദുക്കളെ പ്രത്യേകിച്ചും, ആ വഴിക്കു് ഈശ്വരഭക്തന്മാരാക്കിത്തീർക്കയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഈ നാടോടിക്കവിയോടുള്ള നമ്മുടെ കടപ്പാടു വർദ്ധിച്ചുവരുന്തോറും അദ്ദേഹത്തിന്റെ ജീവചരിത്രവസ്തുതകൾ ഗ്രഹിക്കുന്നതിനു നാം ജിജ്ഞാസുക്കളായിത്തീരുന്നു എങ്കിൽ അതിലെന്താണ് അദ്ഭുതപ്പെടുവാനുള്ളത് ?

ഐതിഹ്യങ്ങളിലും ഉപാഖ്യാനങ്ങളിലും ഒതുങ്ങിക്കിടന്നിരുന്ന ജീവചരിത്രം ആദ്യമായി ഉദ്ധരിപ്പിച്ചത്

പരേതനായ ശ്രീമാൻ പി. കെ. നാരായണപിള്ളയാണ്. കവിയുടെ അനശ്വരയശസ്സിനു പാത്രമായ ഇതുലകം പ്രഥമാവതാരംചെയ്തത് അദ്ദേഹം ഏറിയനാൾ സുഖമായി നിവസിച്ചിരുന്ന അമ്പലപ്പുഴ വച്ചാകയാൽ അവിടെ ജനിച്ചുവളർന്നു കൈരളീ ഭക്തനായിത്തീർന്ന സാഹിത്യപഞ്ചാനനനു പ്രസ്തുത ജീവചരിത്രപ്രകാശനം അവശ്യകർത്തവ്യമായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. വളരെ ദ്രുതഗതിയിൽ പ്രസംഗരൂപത്തിൽ തയ്യാറാക്കിയ ആ ജീവചരിത്രപ്രബന്ധം ഇദംപ്രഥമമായി ഇവിടത്തെ ഒരു വിദ്വത്സദസ്സിൽ വായിച്ചപ്പോൾ അതു സശ്രദ്ധം കേട്ടുകൊണ്ടിരുന്നവരിൽ ഒരാളായിരുന്നു ഇതെഴുതുന്ന ആളും. മലയാളഭാഷയോടും അതിലെ സാഹിത്യത്തോടും പ്രത്യേകമായ ഒരാദരവുണ്ടാകുവാൻ പല കാരണങ്ങളും അന്ന് ആവിർഭവിച്ച കൂട്ടത്തിൽ ഈ സംഭവവും ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നുണ്ട്.

പ്രസംഗകന്റെ സ്വതസ്സിദ്ധമായ വാഗ്വിലാസവും ഫലിതചാതുര്യവും കുഞ്ചൻനമ്പ്യാരുടെ പ്രസ്തുത സ്വഭാവാംശങ്ങളോടു സമ്മേളിച്ച് അത്യന്തം ഹൃദ്യവും ആസ്വാദ്യവുമായ ഒരു സാഹിത്യസദ്യയാണ് അന്നു ലൈബ്രി റാളിൽ കൂടിയിരുന്നവർക്ക് അനുഭവിക്കാൻ കഴിഞ്ഞത്. അതിനുശേഷം ഉണ്ടായിട്ടുള്ള നമ്പ്യാരുടെ ജീവചരിത്രങ്ങളിലും നിരൂപണങ്ങളിലും പ്രസ്തുത പ്രസംഗത്തെ ഉപജീവിക്കാത്തവയില്ല. അനന്തരകാലത്തെ സാഹിത്യചർച്ചകളുടെ ഫലമായി നമ്പ്യാരെപ്പറ്റി നമുക്കു കൂടുതൽ വിവരങ്ങൾ

ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അവയിൽ പ്രാധാന്യം വഹിക്കുന്നതു് "രാമപാണിവാദവാദ"മാണു്. ഈ വാദത്തിന്റെ ഉപജ്ഞാതാക്കൾതന്നെ ഒരാളല്ല രണ്ടുപേരാണെന്ന വാദവും ഇനിയും നിലച്ചിട്ടില്ല. അതിനിടയ്ക്കു് കുഞ്ചൻനമ്പ്യാരും രാമപാണിവാദനും അഭിന്നരാണെന്നും അല്ല ഭിന്നരാണെന്നും തെളിയിക്കുവാൻ ഓരോ യുക്തികളുമായി അനേകം സാഹിത്യവിമർശകകേസരികൾ രംഗപ്രവേശംചെയ്തു കഴിഞ്ഞിരിക്കുന്നു. സാഹിത്യവേദികയിലുണ്ടാകുന്ന ഇത്തരം വാദപ്രതിവാദങ്ങൾ എപ്പോഴും രസകരങ്ങളായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. അവരവരുടെ വാദങ്ങൾ നേടുന്നതിനായി സമകാലികസാഹിത്യം ചുഴിഞ്ഞുനോക്കുന്നതിനും, ഗുപ്തരഹസ്യങ്ങൾ കണ്ടുപിടിക്കാൻ മൂലകൃതികൾ സമഗ്രമായി പരിശോധിക്കുന്നതിനും, വിവിധകോടികളെ പരാമർശിച്ചു വിമർശിക്കുന്നതിനും പലരും അത്യുത്സാഹം പ്രദർശിപ്പിച്ചിട്ടുള്ളതു് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ സാഹിത്യപോഷകമായിരിക്കുമെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇതുകൊണ്ടൊക്കെ സാമാന്യജനങ്ങൾ പരിശ്രമിക്കേണ്ട ആവശ്യമുണ്ടോ എന്നറിയുന്നില്ല. നമ്മുടെ ചിരപരിചിതനായ "കുഞ്ചൻ" വേറൊരാളാണെന്നു പറഞ്ഞാൽ അവരതെളുപ്പത്തിൽ വിശ്വസിക്കുന്നതല്ല. ശരി; എന്നാൽ അദ്ദേഹം "രാമപാണിവാദൻ" എന്ന പേരിൽ ഏതാനും ഉൽകൃഷ്ടസംസ്കൃതകൃതികൾകൂടി രചിച്ചിട്ടുണ്ടെന്നു സമ്മതിച്ചുകൊടുക്കുമോ? അതു് ഇതുവരെ ഒരു ചോദ്യമായിരുന്നു. കാലഹരണം വന്നുപോയി എന്നാണിതിനുത്തരം. എന്നാൽ "പഞ്ചതന്ത്രം" കിളിപ്പാട്ടും "ശ്രീകൃഷ്ണചരിതം"

മണിപ്രവാളവും നിങ്ങളുടെ കഞ്ചന് കൊടുക്കുവാൻ നിവൃത്തിയില്ല. എന്തുകൊണ്ട്? അവ പകൎത്തിവച്ചിട്ടുള്ള താളിയോലഗ്രന്ഥങ്ങളിലെ അന്തരബന്ധി പദ്യങ്ങൾകൊണ്ട് ഇതാ നോക്കുക!

"പഞ്ചതന്ത്രം നീതിശാസ്ത്രം ഭാഷയാസന്നിവേശിതം
രാമമണപാണിവാദേന ബാലാനാംബോധഹേതവേ."

അതുപോലെതന്നെ,

"രാമേണപാണിവാദേന രചിതേ മിത്രസംസ്കൃതേ
ശ്രീകൃഷ്ണചരിതേ കാവ്യേ മുതൽ സൎഗ്ഗസ്സമാപിതഃ"

ഈ ശ്ലോകങ്ങൾ എവിടന്നു കിട്ടി? കോങ്ങോട്ടു കൃഷ്ണൻനായരവർകൾ പകൎത്തി അയച്ചു. അങ്ങിനെയാണെങ്കിൽ പ്രസ്തുത രണ്ടു കൃതികളും തങ്ങൾക്കു വേണം. കഞ്ചൻ കഞ്ചനായിട്ടുതന്നെ ഇരുന്നാൽ മതി. ഇളമുകളിലെല്ലാം. ഇല്ല; അവയും കാലക്രമേണ തെററിപ്പോകും. രാമനോ! ഇളമുകളിലും കൈകടത്തിത്തുടങ്ങിയോ? തുടങ്ങി. നമ്പ്യാർ ഉണ്ണായി സ്മരിച്ചിട്ടുള്ള "ധരണീസുരവരമകുട മഹാമണി" പാണിവാദൻ സ്മരിച്ചിട്ടുള്ള നാരായണഭട്ടതിരിയാണ്. തെക്കേടത്തോ, തൃക്കോവമണ്ണോ എന്നേ സംശയമുള്ളൂ. അപ്പുറം രാമപാണിവാദൻ ആചാൎയ്യനോ? അദ്ദേഹത്തിനും സ്ഥാനമുണ്ട്. അതില്ലെന്നു പറവാൻ പ്രതിയോഗികൾ നിവൃത്തിയില്ല.

"ദിക്കുചെല്ലും പുകഴ്നേരു 'ദ്രോണമ്പള്ളി'
സൽക്കുലശ്രേഷ്ഠനാർ, മന്ത്രനായകൻ".

"ക്ഷോണീമണ്ഡലംതന്നിലശേഷവേ പുകഴ്‌ന്നോരു
ക്ഷോണീപാലനവൻ വീരൻ ദ്രോണശിഷ്യനാം പാർത്ഥൻ"

എന്നും മറ്റും കാണുന്ന ഭാഗങ്ങൾ തുള്ളലുകളിലുള്ളിടത്തോളം കാലം ഈ വസ്തുത നിഷേധിക്കാവുന്നതല്ല. ഇങ്ങനെ പ്രകടമായ ഏതെങ്കിലും ഒരു തെളിവ് തുള്ളലുകളിൽ എവിടെയെങ്കിലും ഉള്ളതായി പറഞ്ഞിരുന്നു എങ്കിൽ വേണ്ടില്ലായിരുന്നു. പാണിവാദന്റെ സംസ്കൃതകൃതികളിൽ സാധാരണ കണ്ടുവരുന്ന "പാണിവാദ" പദപ്രയോഗം എന്തുകൊണ്ടിത്ര നിഷ്കൃഷ്ടമായി കവി തുള്ളലുകളിൽ നിരാകരിച്ചു എന്നു ചിന്തിക്കാനുള്ളതല്ലേ? അതിനു പ്രാസഗതി ധാരാളമുണ്ടായിരുന്നിട്ടും അപ്രകാരം ചെയ്യാഞ്ഞതെന്താണ്?

"ഏണനയനേ ദേവി വാണീഗുണനിലയേ
പാണിവാദനാമെന്റെ നാവിന്മേൽ വിളങ്ങേണം"

ഇങ്ങനെ ആകാമായിരുന്നില്ലേ? എന്നാൽ "നാണീടാതടിയന്റെ" എന്നോ "താണീടാതടിയന്റെ" എന്നോ ഉള്ള നിരർത്ഥകപ്രയോഗം ഒഴിക്കാമായിരുന്നു. ഇങ്ങനെ "വാണിഗണം," വരുന്ന ഭാഗങ്ങൾ മിക്ക തുള്ളലുകളിലും കാണേണ്ടതാണും. പോരെങ്കിൽ പ്രാസത്തിന്നു തരം കിട്ടിയാൽ വിടുന്ന ആളാണോ നമ്പ്യാർ? പാണിവാദപദപ്രയോഗം തുള്ളലിലുണ്ട് എന്നൊരു നിരൂപകൻ പറയുന്നു. എത്രയുണ്ട്? ഒന്നേയുള്ളൂ. അതുതന്നെ മുഴുവൻ അരിച്ചുനോക്കിട്ടു കിട്ടിയതാണ്. ഹരിശ്ചന്ദ്രചരിതം തുള്ളലിൽ ആ പദപ്രയോഗമുള്ള വരി പ്രക്ഷിപ്തമാണെന്നതിനു സംശയമില്ല. അതിനെ തുടർന്നുള്ള ഈരടികൾ നോക്കി

യാൽ ഒടുവിലത്തെ ഈരടി ഒററയടിയായി നില്ക്കുന്നതു കാണാം. "ഒരു വെടിക്കു രണ്ടുപക്ഷി" എന്ന മട്ടിൽ ഈ ഒരു വരി 'ണ' പ്രാസം നോക്കി ഇടയ്ക്കു തിരുകിയാൽ രാമപാണിവാദവാദവും നേടാം, അടുത്തുവരുന്ന വരികളിൽ സംസ്കൃതനായ ദ്രോണമ്പള്ളിയെ ഒട്ടതിരിയുമാക്കാം എന്നാണു് ആലോചനപോയതു്. പക്ഷേ അതു ഫലിച്ചില്ല. സാഹിത്യഗവേഷണവിഷയത്തിൽ അതിസമർത്ഥനായ നിരൂപകൻ അപ്രകാരംചെയ്തു എന്നല്ല ഞാൻ പറയുന്നതു്. പാണിവാദനെ കുഞ്ചൻനമ്പ്യാരാക്കാനും മറിച്ചും ഉള്ള ശ്രമം പഴങ്ങ ഉള്ളിയതാണെന്നു കാണിക്കാൻ മാത്രമാണു്.

കൃതികളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരമായിട്ടു തന്നെ ഇത്ര വളരെ കുഴപ്പങ്ങളും ഉള്ള സ്ഥിതിക്കു് ബാഹ്യങ്ങളായ സംസ്കൃതമുക്തകങ്ങളെയും, താളിയോലപ്പകർപ്പുകളിൽ വല്ലവരും വല്ലപ്പോഴും എഴുതിവെച്ചിരുന്ന പദ്യങ്ങളെയും പ്രമാണമാക്കിക്കൊണ്ടു് ഒരു വിധി കല്പിക്കുന്നതു സൂക്ഷിച്ചുവേണമായിരിക്കണം. ഒടുവിൽ അപ്രകാരം നിരൂപകന്മാരെ കളിപ്പിക്കുന്ന ആളുകൾ പരമാർത്ഥം തുറന്നു പറയുമ്പോൾ ആണു് ചിലർക്കു ചിരിയും മററുവർക്കു് ചിറയും ഉണ്ടാവുന്നതു്. അതു സമ്മതിക്കാതെ ഇഹലോകവാസം വെടിയുന്നവരും കാണും. എങ്കിലും ഫലിച്ചു കഴിഞ്ഞാൽ കർത്തൃത്വം സ്ഥാപിക്കുന്നതു് മനുഷ്യസഹജമായ ഒരു വാസനയാണു്. ഒന്നാന്തരം സാഹിത്യവിമർശകനാം പ്രത്യുല്പന്നമതിയും പോരെങ്കിൽ അമ്പലപ്പുഴക്കാരനാം ആയ സാഹിത്യപഞ്ചാനനനെ നാട്ടുകാരൻ കിട്ടായി ആശാൻ

പഠിച്ചതു കണ്ടില്ലേ? ആശാൻ അക്കാര്യം പിന്നീടു പരസ്യമായി പറഞ്ഞില്ലെങ്കിൽ ആരെങ്കിലും അറിയുമോ? കുഞ്ചൻനമ്പ്യാരെ ബാല്യത്തിൽ പാമ്പുകടിച്ച കഥ എത്ര സരസമായിട്ടു് ഈ ആശാൻ സംസ്കൃതഗദ്യത്തിൽ നിബന്ധിച്ച പി. കെ-യ്ക്കു് അയച്ചുകൊടുത്തു! എന്നാൽ അതിലെ പാണ്ഡിത്യപ്രകടനോപകരണങ്ങളായ അലങ്കാരചമല്ക്കാരവും, വാഗ്ഗുംഫനവും ആ രസികശിരോമണി സാംശയിക്കാത്തതു് അഭിനവമായി ലഭിച്ച ലഹരിയിൽ മതിമറന്നുപോയതുകൊണ്ടായിരിക്കാം. വിഷദൂർമ്മിതനായ ആ കൊച്ചുകുട്ടി വിണ്ടു്,

"ഫണിനാഗകസ്ത്വരിവ"

ആണത്രേ! വരണാനന്തരം വന്ന സരസ്വതീദേവിയെ "ശരച്ചന്ദ്രചന്ദ്രികധവളനഗദ്ധാനന്ദമന്ദാരസമരദസാന്ദ്രസുന്ദരവദനാരവിന്ദേ" ആയിരുന്നു. ആ ദേവി ആശ്ലേഷമായി എന്താണു ചെയ്തതു്? ആ നമ്പ്യാർ കുട്ടിയെ "പ്രേമാതിരേകേണ കടാക്ഷചന്ദ്രികയാ ശിശിരീകരിക്ക"യാണു ചെയ്തതു്. പിന്നീടു മന്ദസ്മേരമുഖാംബുജംകൊണ്ടു് ദ്രവീകരിക്കമാത്രമല്ല ആലിംഗനംചെയ്യുകയും ചെയ്തു. പാമ്പു കടിപ്പിച്ചതു് ആ വേലപ്പുരക്കു ആണതുകൊണ്ടായിരിക്കാം. അവിടെ അതിന്ന പ്രയാസമില്ലല്ലോ.

സാഹിത്യപണ്ഡിതന്മാരെപ്പോലും ഇങ്ങനെ കളിപ്പിക്കാൻ മതിയായ കിട്ടാതെ ആശാന്മാരുള്ളപ്പോൾ തല്ലി ശ്രാവകന്മാർ പഠിക്കുന്നവരുടെ കാര്യം പറയാനുണ്ടോ? പരേതനായ പി. ഗോവിന്ദപ്പിള്ള ഭാഷാചരിത്രം എഴുതിയ കാലം ഇവരുടെ സുവർണ്ണകാലമായിരുന്നു.

കേരളത്തിലെ ഫലിതസാമ്രാജ്യചക്രവർത്തി ആയ കുഞ്ചൻനമ്പ്യാരുടെ നേരമ്പോക്കുകൾ രാമപാണിവാദന്റെ പ്രൗഢങ്ങളായ നാടകങ്ങളിൽ ഇല്ലെന്നൊരാൾ പറഞ്ഞ പച്ചപ്പരമാർത്ഥം പ്രതിയോഗി ഖണ്ഡിക്കാൻ തുടങ്ങിയപ്പോൾ ആണ് അതിന്റെ വൈഷമ്യം മനസ്സിലാക്കിയുള്ളു. രാമപാണിവാദകൃതങ്ങളായ നാടകങ്ങളിലെ ഫലിതവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നമ്പ്യാരുടെ ഫലിതം എത്ര അകന്നു നില്ക്കുന്നു എന്നു തെളിഞ്ഞാൽ അങ്ങനെ ഒരു സാദൃശ്യം സ്ഥാപിക്കുന്നതു് അസ്ഥാനത്തായിരിക്കുമല്ലോ. പാണിവാദന്റെ ഫലിതത്തിന് ഒരു മകുടോദാഹരണമായി ഉദ്ധരിച്ചിട്ടുള്ളതു് ഈ ഭാഗമാണ്.

"സജ്ജനേഷു പരാർത്ഥവക്രാലിതോപാത്ത നീതിമത്വം,
ദുർജ്ജനമതാനുസാരതോപാത്ത ധീരത്വം,
ബ്രഹ്മസ്വാപഹരണേനാർജ്ജന സാമർത്ഥ്യം,
അബലാകുലമേതന്ന തീക്ഷ്ണദണ്ഡധരത്വം"

ഇങ്ങനെയൊക്കെയാണത്രെ അസുരന്മാർ രാജധർമ്മം പരിപാലിച്ചുവന്നതു്. അതായതു്, സജ്ജനങ്ങളിൽ നേരുകെട്ട വക്രനീതിയും, ദുർജ്ജനാഭിപ്രായമനുസരിച്ചുള്ള ധൈര്യവും, ബ്രഹ്മസ്വം അപഹരിച്ചു ധനാർജ്ജനശീലവും, അബലകളോടാണു ശിക്ഷണനീതിയും അവർ പരിപാലിച്ചുവന്നു എന്നർത്ഥം. ഈ വരികളിൽ ചമ്പുക്കളിലെ ഗദ്യത്തിലെന്നപോലെ ഒരു വിരോധാഭാസപ്രീതിയുണ്ടാക്കി

അല്പം ഹാസ്യരസം ആവിഷ്കരിക്കുന്നുണ്ടാവാം. എന്നാൽ ഈ മന്ദഗതിയും, ആലോചനാക്ഷമതയും നമ്പ്യാർക്കുണ്ടോ? അപ്രതീക്ഷിത സംഗതികളുടെ സംഘട്ടനത്താൽ ഹാസ്യത്തിന്റെ ഫലിതം എത്ര പൊടുന്നനെ ആണ് നമ്മിൽ പ്രവർത്തിക്കുന്നത്?

തുള്ളലുകളിലെവിടെ നോക്കിയാലും, ഇതിനുദാഹരണങ്ങൾ കാണാം.

" തള്ളിവരുന്നൊരു വെള്ളത്തിരയിൽ
തുള്ളിയലഞ്ഞു വലഞ്ഞു ദശാസ്യൻ
വെള്ളവുമൊട്ടു കുടിച്ചു തടിച്ചു
പള്ളയുമമ്പൊടു വീർത്തു തുടങ്ങി
ഇരുപതുകൈകൾകൊണ്ടൊന്നു തുഴഞ്ഞു
കര പറ്റാഞ്ഞു കരഞ്ഞും കുഴഞ്ഞു.
ഇരുപതു തണ്ടുകൾ വെച്ചു മുറുക്കിയ
പെരിയൊരു വഞ്ചി കണക്കേ രാവണ-
നൊരുവണ്ണം കരപറ്റിക്കയറി,
ഒരുക്കത്തൊടു മണ്ടി മുതിർന്നു."

(കാർത്ത—വിജയം)

ഇവിടെ നമുക്ക് ചിരിക്കയല്ലാതെ, ആലോചിച്ചു വിഷമിക്കേണ്ടതുണ്ടോ? ഇങ്ങനെ നോക്കുന്നതായാൽ പാണിവാദകൃതികളിൽ വിരളമായിക്കാണുന്ന ഫലിതഘട്ടങ്ങൾ തുള്ളലുകളുമായി സാദൃശ്യസ്ഥാപനത്തിന് ഒരിക്കലും മതിയാകുന്നതല്ലെന്നു പറഞ്ഞേ തീരൂ.

കുഞ്ചൻനമ്പ്യാരുടെ സംസ്കൃതപരിജ്ഞാനം ഒരു വിധം സംശയഗ്രസ്തമായിട്ടാണിരിക്കുന്നതെന്നു പണ്ടു പറഞ്ഞവരാണു "മാലവീയാ"ദി, സംസ്കൃതനാടകങ്ങൾ ഇപ്പോൾ അദ്ദേഹത്തിന്റെ തലയിൽ വച്ചു കെട്ടുവാൻ മുതിർന്നിരിക്കുന്നതു്. ഇതിനാപോൽ ബലകരമായി നിർദ്ദേശിച്ചു കാണുന്ന കാരണങ്ങൾ ഏറിയകൂറും ദുർബലമായിത്തന്നെയിരിക്കുന്നു. ധ്രുവചരിത്രത്തിലെ

"മാലതീമാധവം, ശാകുന്തളം, പിന്നെ
ബാലരാമായണം, കർപ്പൂരമഞ്ജരി,
മാളവികാഗ്നിയും, മിത്രാംബുരാശിയും
മേളം കലർന്നോരു മുദ്രാരാക്ഷസം"

എന്ന ഭാഗത്തു കാണുന്ന അനവധി പ്രൌഢസംസ്കൃതകൃതികൾ കവി വായിച്ചിട്ടുണ്ടെന്നാണു് അവയിലൊരു കാരണം. നമ്പ്യാരുടെ ഇമ്മട്ടുകൾ വായിച്ചിട്ടുള്ളവർക്കു് അദ്ദേഹത്തിന്റെ അന്യാദൃശമായ വ്യക്തിവിവരണസാമർത്ഥ്യം മനസ്സിലാക്കുവാൻ പ്രയാസമില്ല. ശ്രീകൃഷ്ണന്റെ ബാല്യത്തിലെ കൂട്ടുകാരായിരുന്ന മുപ്പതിരണ്ടു കുട്ടികളുടെയും പേരു് ഒരു സങ്കോചവുംകൂടാതെ കൃഷ്ണലീലയിൽ പറഞ്ഞിട്ടില്ലേ?

"താച്ചുന്നം, കോരച്ചനും, കൊച്ചിട്ടി, കേളനും
കോന്നനും, ചേന്നനും, കുഞ്ഞുനാരായണൻ"—

ഇത്യാദി. ദുര്യോധനന്റെ തൊണ്ണൂറ്റൊൻപതു് അനുജന്മാരുടെയും പേരുകൾ നമ്പ്യാരല്ലാതെ വേറെ ആരെങ്കിലും തികച്ചു പറഞ്ഞിട്ടുണ്ടോ?

"ഭസ്മാസനനം, ഭൂർഷ്ണണനം
ഭസ്മോദ്ധരണം, ഭക്ഷണനം"—ഇത്യാദി.

ഇതുപോലെ, സ്ഥലങ്ങൾ, പക്ഷിമൃഗവൃക്ഷലതാദികൾ, ആചാരങ്ങൾ, വിനോദങ്ങൾ, ഔഷധങ്ങൾ — ഇവയുടെ എല്ലാം വ്യക്തിവസ്തുനാമകൾ അവിടവിടെ ആയിക്കാണാവുന്നതാണ്. ഇക്കൂട്ടത്തിൽ അമ്പതിലേറെ സംസ്കൃതകൃതികളുടെ പേരു പറഞ്ഞു എന്നുവച്ച് അതെല്ലാം അദ്ദേഹം വായിച്ചിരിക്കണമെന്ന നിർബന്ധമുണ്ടോ ?

നമ്പ്യാരുടെ സംസ്കൃതപാണ്ഡിത്യം സാധൂകരിക്കാൻ വേറൊരു തെളിവു കാണിക്കുന്നതു ചില ഇടങ്ങളിലെ ശുദ്ധസംസ്കൃതഭാഗങ്ങളാണ്. എന്നാലവ പാണിവാദന്റെ സംസ്കൃതത്തിൽനിന്നും എത്രയോ താഴ്ന്ന പടിയിലാണെന്ന വല്ലവരും പറയുന്നപക്ഷം പ്രതിയോഗിയുടെ സമാധാനം അതെല്ലാം ഇടങ്ങൾ യോജിച്ച ഹാസ്യസന്ദർഭങ്ങളിലാണെ കവി കരുതീട്ടുള്ളതെന്നാണ്. അതിപ്പുറം ഇതു മുഴുവൻ ഹാസ്യസന്ദർഭമാണെന്നും ഗൗരവമുള്ള കവിത ഒരിടത്തും ഇല്ലെന്നും ആയിരിക്കണം ഇവരുടെ മനസ്സിലിരുപ്പെന്നറിയുന്നില്ല. ഗൗരവം തികഞ്ഞതും എന്നാൽ സഹൃദയഹൃദയം നിറഞ്ഞതും ഉള്ള ഇടങ്ങളിലെ അനവധി ഭാഗങ്ങൾ നമ്പ്യാരെ ഒന്നാംകിടയിലേയ്ക്കുയർത്തുന്നവയാണെന്നു ഞാൻ പറയേണ്ട ആവശ്യമില്ല.

"ജീവനുള്ള ശരീരങ്ങൾക്കൊക്കെയും പാർത്തുകാണു-
മ്പോൾ
ജീവനായിട്ടൊന്നേതന്നെ ആത്മാവിപ്പോൾ പരബ്രഹ്മം

നൂലുകൊണ്ടു പിരിച്ചോരു ചരടിൽപ്പൊന്മണികോർത്തു
മാലയാക്കി ധനികന്മാർ ധരിക്കുന്ന ഗളം തന്നിൽ
മുത്തുകൊണ്ടും മാലകോർത്തും പവിഴംകൊണ്ടു-
മുണ്ടാക്കും
പൂത്തിലഞ്ഞിക്കായകൊണ്ടും കുന്നികൊണ്ടും
മല്ലന്മാർ
എന്നപോലെ സ്വജാതിപ്രഭുത്വം, ഐതികം
ഭേദം
ഒന്നുകൊണ്ടുകോർത്തുകെട്ടിക്കളിപ്പിക്കാറില്ല ദൈവം
എന്നാലുച്ചനീചത്വമറിവിനാൽമാർഗ്ഗം തെളിവില്ല
ഒന്നുതന്നെ ചരട്ടയിതിൽ ഉന്നതസ്ഥാനം പറയാമോ."

പിന്നെയും രാജസിംഹാസനത്തെപ്പറ്റി സൂചിപ്പി പറയുന്ന ഈ വാക്യവും നോക്കുക.

" കണ്ടു കാഞ്ചനമാകും വാനവരേവാ-
നന്ദമാക്കിവച്ചോരു മൺകോവരപ്പുടെ
പണ്ടാരമായുള്ള സിംഹാസനങ്ങളിൽ
പണ്ടൊരുവന്നു കേറുമാറിപ്പോൾ "

പ്രകൃതിവൎണ്ണനയിലും ഈ ഗൗരവം സവിശേഷം കളിയാടുന്നുണ്ട്.

" കടലിൽ പൂണ്ടുയരുന്നൊരു കനകക്കുടമെന്നപോലെ
ദിനകരന്റെ ബിംബം ഇതുതന്നെ ഉയർന്നിതേ."

സ്ഥലച്ചുരുക്കത്താൽ അധികം ഉദ്ധരിക്കുന്നില്ല. ഇങ്ങനെ സന്ദർഭോചിതമായ ഗൗരവം പരിപാലിക്കാൻ സമർത്ഥനായ നമ്പ്യാര് ശിവപൂജയ്ക്കിരുന്ന രാവണനെ

ക്കൊണ്ടു പറയിക്കുന്ന സംസ്കൃതം നേരമ്പോക്കാക്കിത്തീൎക്കുമോ ? അദ്ദേഹത്തിൻെറ ശക്തിക്കുതക്കവണ്ണം സംസ്കൃതം പ്രയോഗിച്ചു. രാമപാണിവാദനാണെങ്കിലല്ലേ പേടിക്കേണ്ടു ? ആകയാൽ ആ ഭാഗത്തു് ഒരു നിരൂപകൻ ചൂണ്ടിക്കാണിച്ചിട്ടുള്ള അതു സ്ഖലിതങ്ങളും രാമപാണിവാദൻെറ കാൎയ്യത്തിൽ ഒരിക്കലും ക്ഷന്തവ്യങ്ങളായി വരുന്നതല്ല. കുഞ്ചൻനമ്പ്യാരാണെങ്കിൽ അതു വകവയ്ക്കാനുമില്ല എന്നേ പറയേണ്ടു.

അമ്പലപ്പുഴവെച്ചും രാമപാണിവാദൻ സംസ്കൃതനാടകങ്ങൾ രചിക്കയും അവയെ യോഗ്യന്മാരായ നടന്മാർ ചേൎന്നു രാജകീയസദസ്സുകളിലും മററും അഭിനയിക്കുകയും ചെയ്തിരുന്നല്ലോ. രാത്രിയിലെ നാടകാഭിനയം കണ്ടു രസിച്ച സഹൃദയശിരോമണികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായശേഷം, പകൽ സമയം ജനങ്ങളെ ചിരിപ്പിക്കാനായിമാത്രം തുള്ളൽത്തറയിൽ കേറിനിന്നു തുള്ളിയ ഈ 'പാണിവാദൻ' ഇവിടെ ഒരു സിനിമാശാലയിൽ പ്രദൎശിപ്പിച്ച "ജെക്കിളും ഹൈഡും" എന്ന ആൾമാറാട്ട ചലച്ചിത്രകഥയെക്കൂടി അതിശയിക്കത്തക്ക സാമൎത്ഥ്യം പ്രകടിപ്പിച്ച ആളും ആയിരുന്നിരിക്കണം. ഒരു പക്ഷേ ഒരേ സമയത്തുതന്നെ അതായതു രാത്രിയിലും ഇദ്ദേഹമുണ്ടായിരുന്നു എങ്കിൽ,

"സാരസ്യൈകസമാശ്രയാംബുജധുനീ
ലീലാരതസ്സന്തതം
രാജീവേക്ഷണ രാജഹംസസദൃശഃകോ-
യന്മാനസേ ഖേലതി."

ഇത്യാദി പ്രൌഢസംസ്കൃതശ്ലോകങ്ങൾ രംഗത്തു പ്രയോ
ഗിക്കുമ്പോൾ തൽകർത്താവുതന്നെ ആൽത്തറയിൽനിന്നു
കൊണ്ട്,

“ ശുകപുരമമരും പരമശിവൻ മമ
സുകവിത വരുവാൻ വരമരുളേണം
തകഴിയിലമരും ഹരിഹരസുതനും
സകല ഗുണങ്ങൾ നമുക്കരുളേണം
നഗവരനന്ദിനി മാതുമെയും
ഭഗവതി സതതം കാത്തരുളേണം ”

എന്നു കോട്ടുവച്ചു തുള്ളിക്കൊണ്ടിരുന്നു എന്നു ചിന്തിക്കു
വാൻപോലും വയ്യ. അതുമാത്രമോ ? അവിടെ സാഹസങ്ങ
ളുണ്ടോ ?

“ കാവും കുളവും നോക്കിപ്പറവാനങ്ങൊരു കൂട്ടം
തിരുകണ്ണും മിഴിച്ചങ്ങു മരുഭാഗേ വസിക്കുന്നു;
മറിവും മായവുമെല്ലാം മാച്ചുവച്ചുകൊണ്ടെല്ലാം-
മറിയുന്നജ്ഞാനമെന്നു പുറമേ ഭാവവും കാട്ടി
താരമേളോദിപ്പിന്നോരാൾ നിറമേറും സഭ തന്നിൽ
മുറജപ്പുസൽകഥ ചൊല്ലിത്തുടങ്ങും പൃഥ്വീശൻ തന്റെ
കാരാപര ഗുണംകൊണ്ടു നിറഞ്ഞുള്ളിവസ്തുയകം-
ത്തുറഞ്ഞു പാടിയോരോന്നു പറഞ്ഞു രസമാമെല്ലാം ”

ഒടുവിൽ സഹിക്കാൻ വയ്യാതെ,

“ എറിഞ്ഞു കളപാടിക്കമെന്നറിഞ്ഞു
കൊൾവിനെല്ലാരും ”

എന്ന് പൊടിപ്പെട്ടതിരക്കാണ്ടാണ വല്ലപാടും തുള്ളൽ
നിർവ്വഹിക്കാറ്.

മടജനങ്ങൾക്കുവേണ്ടി പാണിവാദൻ ഇത്രയും അദ്ധ്വാ പതിച്ചുപോയെങ്കിൽ അതിലെന്താ തകരാറുമുണ്ടെന്നു നിർച്ചയിക്കണോ.

എന്തായാലും ഇപ്പോഴത്തെ ശോകമഹായജ്ഞം നില ച്ചാലും ഈ വാദം അവസാനിക്കുമെന്നു തോന്നുന്നില്ല. പുതിയ തെളിവുകൾ ഇനിയും വന്നുകൊണ്ടിരിക്കും. അങ്ങ നെയിരിക്കുമ്പോൾ ഇനി ഒരു ദിവസം കേൾക്കാം, രാമ പാണിവാദൻ വിവാഹം കഴിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിനു കുട്ടികൾ ഉണ്ടായിരുന്നു എന്നും രേഖ ലഭിച്ചു എന്ന്. എന്നാൽ കുഞ്ചൻനമ്പ്യാരു വേറെയാണ്. അദ്ദേഹം വിവാഹം കഴിച്ചിട്ടില്ല. തുള്ളലുകളിൽ ഒരു തെളിവുമില്ല. നേരേമറിച്ചു കുട്ടികളോട് എന്താണൊരവജ്ഞയാണു നമ്പ്യാർക്കുള്ളത്. അല്ലെങ്കിൽ,

"തള്ളക്കുള്ളിട്ടൊരു തല്ലുവരുമ്പോൾ
പിള്ളയെടുത്തു തടുക്കും ശേഷി."

"വല്ലാമക്കളിലില്ലാ മക്കളിതെല്ലാവർക്കും
സമ്മതമല്ലോ."

"അച്ചിമാർ തങ്ങളിൽ കൊഞ്ചുന്നതാം കുട്ടന്മാ-
ത്തല്ലുന്നതാണെന്നും കണ്ടാൽ മനോഹരം
പൽച്ചുലകൊണ്ടു തേച്ചിട്ടടിക്കയും
കൊച്ചുനെകൊണ്ടു തട്ടിക്കയും വിസ്മയം."
"കുട്ടികളെപ്പിടിച്ചോരോ കട്ടകത്തിന്നകത്താക്കി-
ട്ടെട്ടുകൊണ്ടു പൊതിഞ്ഞിട്ടു പട്ടരച്ചൻ പുറപ്പെട്ടു."

ഇങ്ങനെ അവരോടു തീരെ വാത്സല്യമില്ലാത്ത മട്ടിൽ വൎണ്ണിക്കമായിരുന്നോ? പ്രതിയോഗികൾ ഉടനെ ഇങ്ങുമുഖം മറിച്ചു നോക്കി 'സന്താനഗോപാല'ത്തിലെ കുട്ടികളെ മഹാവിഷ്ണു പാലാഴിയിൽവച്ചു പരിചരിക്കുന്നതു കാണുകയായി.

“പൃത്ഥ്വീസുരന്റെ പുത്രകുമാരരു-
മത്ര കളിച്ചു വസിച്ചീടുന്നു;
വാത്സല്യസാഗരമാരങ്ങിനെ ഭഗവാൻ
ചാഞ്ചാടിച്ചു കളിപ്പിക്കുന്നു;
പൊക്കംനോക്കട്ടെയെന്നു പറഞ്ഞു
വിരലുപിടിച്ചു നിവൎത്തി കുമാരനെ
ഇതിലിതിലിതിലെന്നു പറഞ്ഞു
വിരലുകൾച്ചെന്നു പിടിച്ചു നിവൎത്തും,
കൈത്തളമൊന്നു പിടിച്ചു വലിച്ചു
കഴുത്തിലുടൻ, കരയേറിയിരുന്നും,
മടിയിൽ പുക്കു സുഖേന ശയിച്ചും,
മകരക്കുണ്ഡല കണ്ടു രസിച്ചും,
ഇടെയിടെ മുട്ടുകൾ കുത്തിനടന്നും,
ഫണിവരതല്പേ വീണു മറിഞ്ഞും,
തൃക്കൈകൊണ്ടു പിടിച്ചു മുകരി
ശിരസ്സും നിറുകയിലാഘ്രാണിച്ചും
ലക്ഷ്മീഭഗവതി പൈതങ്ങളെയൊ
ത്താശ്ലേഷിച്ചു കുചങ്ങളൊടേറ്റും.”
ഇവിടെ വാത്സല്യത്തിനു കുറവുണ്ടോ?

എന്തിന്? ഇവിടെയെങ്ങും ഒരു തക്കവും ഇല്ല; വാദം വളരെക്കാലം നീണ്ടുനില്ക്കുകതന്നെ ചെയ്യും. പ്രസ്തുത വാദത്തിന്റെ ഒരു ഉപജ്ഞാതാവായ മഹാകവി ഉള്ളൂർ അങ്ങനെ ഒരു വാദം ഇടവാൻ ഏതാനും കാരണങ്ങൾ ഉണ്ടെന്നു പ്രകാശിപ്പിക്കയാണു ചെയ്തതെന്നും, ഉപരിഗവേഷണംകൊണ്ടേ അതു തീരുമാനിക്കാവു എന്നും മാത്രമേ പറഞ്ഞിട്ടുള്ളു. ശ്രീമാൻ പണിക്കരവർകളും അതു പിൻതാങ്ങുകയാണു ചെയ്തിട്ടുള്ളത്. വേറെ ചിലർ ഇപ്രകാരം തന്നെ കിട്ടിട്ടുള്ള തെളിവുകൾ ധാരാളം മതി, എന്ന ഭാവത്തിൽ അവരുടെ മതം സ്ഥാപിച്ചു കാണുന്നു. ഇനിയുമൊരു കൂട്ടർ നമ്പ്യാരെപ്പററിയുള്ള കാര്യങ്ങളെല്ലാം യഥാസ്ഥിതിക മനോഗതിയോടുകൂടി വിവരിച്ചതിനുശേഷം അതൊക്കെവേണ്ടിട്ടെന്നപോലെ, ഇദ്ദേഹം രാമപാണിവാദൻ കൂടിയാണെന്നു മന്ദസ്വരത്തിൽ മൂളിവയ്ക്കുന്നു. ഇങ്ങനെ ഒരു ഗതാനുഗതികത്വം വന്നുപോയാൽ മലയാളത്തിലെ നിരൂപണകലയ്ക്കു മങ്ങലുണ്ടാകുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ആകയാൽ സ്ഥിരപ്രതിഷ്ഠിതമായ ഒരു വിശ്വാസത്തെ മാററി മറെറാരഭിപ്രായം സ്ഥിരീകരിക്കുന്നതിന് അത്ര എളുപ്പത്തിൽ സാധിക്കുന്നതല്ലെന്നാണു രാമപാണിവാദവാദം തെളിയിക്കുന്നതെന്നു മാത്രമേ തല്ക്കാലം പറയേണ്ടതായിട്ടുള്ളു.

# 7. ഗീതയുടെ പ്രാരംഭം

ഭാരതഖണ്ഡത്തിൽ അപ്പോഴപ്പോഴായി പല ഗീത
കളും ഉണ്ടായിട്ടുണ്ടെങ്കിലും ഭഗവൽഗീതയോളം പ്രസിദ്ധി
മറെറാന്നിനും സിദ്ധിച്ചിട്ടില്ല. ജാതിമതഭേദംകൂടാതെ
ജനങ്ങൾ എത്രയോ ശതാബ്ദങ്ങളായി ഗീതയെ ആദരിച്ചു
വരുന്നു. ആത്മശാന്തിക്കു് ഈ ഗ്രന്ഥം പാരായണം
ചെയ്യുന്നതു് ഒരു ദിവ്യൗഷധമായി ഗണിക്കപ്പെടുന്നതാണു്.
ശ്രീശങ്കരാചാര്യർ തുടങ്ങി അനേകം പണ്ഡിതവരേണ്യ
ന്മാരും, വിമർശകസമിതികളും പല വിലയേറിയ വ്യാഖ്യാന
ങ്ങളും ഗീതാരഹസ്യങ്ങൾ ലോകസമക്ഷം പ്രകാശിപ്പി
ച്ചിട്ടുണ്ടെങ്കിലും ഗീതാസമുദ്രം മഥിച്ചു് അതിലുള്ള അമൃത
നിഷ്യന്ദിയായ സത്തു മുഴുവൻ എടുത്തു് മനുഷ്യലോകത്തെ
അനുഗ്രഹിക്കുവാൻ ഇതുവരെ ആർക്കെങ്കിലും സാധിച്ചി
ട്ടുണ്ടോ എന്നു സംശയമാണു്.

ഗീത മഹാഭാരതകാലത്തെ സംഭവങ്ങളെ അനുസ്മരി
പ്പിക്കുന്നു. യുദ്ധാനന്തരംപുനഃസംവിധാനത്തിൽ സാമൂഹ
ികമായും മതപരമായും മററും ഗീതയ്ക്കുണ്ടായിരുന്ന
പ്രാധാന്യം നോക്കുമ്പോൾ ആധുനികകാലങ്ങളിലെ ഭയ
ങ്കര സമരങ്ങൾക്കുശേഷം ഇങ്ങനെ ഒരു കൃതി ഉണ്ടാകു
ന്നില്ലല്ലോ എന്നു ഖേദിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ
സകല രാജാക്കന്മാരും ഭൂരിഭാഗം ജനങ്ങളും കക്ഷിഭേദന്യേ
അത്ഭുതപൂർവ്വമായ വാശിയോടുകൂടി പൊരുതിയ ആ മഹാ

യുദ്ധം ഗീതയെ ഉല്പാദിപ്പിച്ചതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. പതിനെട്ട് അക്ഷൌഹിണി സൈന്യം, അനവധി മഹാരഥന്മാർ, അസംഖ്യം രാജാക്കന്മാർ, കുരുക്ഷേത്രം, ഇതെല്ലാംകൂടി പതിനെട്ടുദിവസം നിന്നുനിന്നു ആ യുദ്ധം കഴിഞ്ഞപ്പോൾ ഭാരതഖണ്ഡത്തിലെ ജനങ്ങൾ ഒട്ടുമുക്കാലും ഒടുങ്ങി എന്നുതന്നെ പറയാം. പിന്നീട് ഒരു യുഗംതന്നെ ആരംഭിക്കേണ്ടിവന്നു. അതേ! അന്നു തുടങ്ങിയതാണു കലിയുഗം.

പ്രസ്തുത ധർമ്മയുദ്ധത്തിൽ അണിനിരന്ന സൈന്യങ്ങളുടെ മദ്ധ്യത്തിലായി കൌരവപ്രധാനിയായ ദുര്യോധനൻ നിന്നുകൊണ്ടു തന്റെ ഗുരുവും, മഹാരഥനും ആയ ദ്രോണരോട് ശത്രുസൈന്യത്തിന്റെ ഘടനയും, വിന്യാസക്രമങ്ങളും, നായകന്മാരുടെ യോഗ്യതകളും മററും വിവരിക്കുന്നു. അതു കഴിഞ്ഞു സ്വന്തം സൈന്യത്തേയും വർണ്ണിച്ചു കേൾപ്പിക്കുന്നു.

"അപര്യാപ്തം തദസ്മാകം
ബലം ഭീഷ്മാഭിരക്ഷിതം;
പര്യാപ്തം ത്വിദമേതേഷാം
ബലം ഭീമാഭിരക്ഷിതം."

ഗീതയുടെ കാവ്യരൂപത്തിലുള്ള രചന ആരുടെ ആയാലും ഈ പദ്യത്തിലെ വക്രോക്തി മനഃപൂർവ്വമായി പ്രയോഗിച്ചിട്ടുള്ളതാണെന്നു തോന്നുന്നു. യുദ്ധത്തിന്റെ കലാശത്തെപ്പററി ദുര്യോധനന് ആശങ്കകൾ ഉണ്ടാകാതിരുന്നില്ല. തനിക്കു വലിയ സൈന്യവും, യുദ്ധവീരന്മാരും, ധനവും,

വിഭവങ്ങളും, ജനസ്വാധീനവും ഒക്കെ ഉണ്ടായിരുന്നു എങ്കിലും സ്വപ്രത്യയസ്ഥൈര്യം കുറവായിരുന്നു. അതുകൊണ്ടു് യുദ്ധംകൂടാതെ പാണ്ഡവന്മാർ തോൽവി സമ്മതിച്ചു എങ്കിൽ എത്ര നന്നായിരുന്നു എന്നു് ആ സർവ്വസുഖപ്രിയൻ ആശിക്കാതിരുന്നില്ല. - അതാണു കൃഷ്ണനുമായുള്ള സംഭാഷണം നടന്നപ്പോഴും ദുര്യോധനൻ സ്വസ്ഥമായിരിക്കാൻ കാരണം. വിജയത്തെപ്പറ്റിയുള്ള സംശയം ശ്ലോകത്തിൽനിന്നും മനസ്സിലാക്കാവുന്നതാണു്. എങ്ങനെ? “നമ്മുടെ സൈന്യം ഭീഷ്മാഭിരക്ഷിതമാണു്.” എന്തെന്നാൽ ഭീഷ്മരായിരുന്നല്ലോ, സർവ്വസൈന്യാധിപൻ. എന്നാൽ ഭീഷ്മർ പാണ്ഡവപക്ഷപാതിയാണെന്നു ദുര്യോധനനു് ഇതിനുമുമ്പു് ബോദ്ധ്യമായിക്കഴിഞ്ഞിരുന്നു. പോരെങ്കിൽ യുദ്ധാരംഭത്തിനുമുമ്പു് ഭീഷ്മർ പാണ്ഡവന്മാർക്കു വിജയം ആശംസിക്കയും ഉണ്ടായി. തല്ക്കാലം കൌരവപക്ഷത്തുചേർന്നു യുദ്ധംചെയ്യാതിരിക്കാൻ നിവൃത്തിയില്ലായിരുന്നു. ഇക്കാരണങ്ങളാൽ ദുര്യോധനനു പരാജയശങ്കയുണ്ടായതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

എന്തായാലും ഈ വ്യാഖ്യാനം പ്രകൃതത്തിനനുയോജിച്ചതല്ല. എന്തെന്നാൽ അടുത്ത പദ്യത്തിൽ

“തസ്യ സഞ്ജനയൻ ഹർഷം
കുരുവൃദ്ധഃ പിതാമഹഃ
സിംഹനാദം വിനദ്യോച്ചൈഃ
ശംഖം ദധ്മൗ പ്രതാപവാൻ.”

എന്ന പറഞ്ഞിരിക്കുന്നതു നോക്കുക. ഇവിടെയും സംശയത്തിനവകാശമുണ്ട്. ദുര്യോധനൻ അന്യഥാ ശങ്കിക്കുമെന്നു കരുതി അയാളെ സന്തോഷിപ്പിക്കുവാൻ ഭീഷ്മർ ശാഖ്യേതിയതാകാം. ഭീഷ്മരുടെ വീര്യശൌര്യപ്രതാപങ്ങൾക്കും കൌരവപിതാമഹസ്ഥാനത്തിനും യോജിച്ച സേനാനായകത്വം അദ്ദേഹത്തിനു നല്കാതിരിക്കാൻ തരമില്ല. പൊതുജനാഭിപ്രായത്തിൽ അത്യന്തം അഭിമാനമുണ്ടായിരുന്ന ദുര്യോധനൻ വേറെ വിധത്തിൽ ചെയ്യാതിരിക്കുവാൻ നിർബ്ബന്ധനായിരുന്നു. വാസ്തവമാലോചിക്കയാണെങ്കിൽ കർണ്ണനെയാണ് ദുര്യോധനൻ ആ സ്ഥാനത്തേയ്ക്കു നിശ്ചയിച്ചിരുന്നതു്. പക്ഷേ ഭീഷ്മർ കർണ്ണനെ അർദ്ധരഥനായി മാത്രം കണക്കാക്കുകയാൽ അവരിരുവരും തമ്മിൽ കലഹമുണ്ടാവുകയും, ഭീഷ്മർ തോററു മടങ്ങിയാലല്ലാതെ താൻ യുദ്ധംചെയ്കയില്ലെന്നു കർണ്ണൻ ശപഥംചെയ്കയും ചെയ്തു. ഭീഷ്മരേയും ദ്രോണരേയും തനിക്കഭിമുഖമായി കണ്ടാൽ അർജ്ജുനൻ യുദ്ധംചെയ്യാൻ മടിക്കുമെന്നും കപടബുദ്ധിക്കാരനായ ദുര്യോധനൻ ആലോചിച്ചിരിക്കാൻ ഇടയുണ്ട്. അതങ്ങനെതന്നെ സംഭവിക്കയും ചെയ്തു.

ഭീഷ്മരേയും ദ്രോണരേയും യുദ്ധംചെയ്യാൻ വിയോഗിക്കാമോ എന്ന സംശയം അർജ്ജുനനും ഉണ്ടായിരുന്നു.

"യോത്സ്യമാനാൻ അവേക്ഷേഹം
യ ഏതേത്ര സമാഗതാഃ
ധാർത്തരാഷ്ട്രസ്യ ദുർബ്ബുദ്ധേഃ
യുദ്ധേ പ്രിയചികീർഷവഃ"

ദുർബുദ്ധിയായ ദുര്യോധനൻ അതും അതിനപ്പുറവും ചെയ്തു കാര്യം നേടുന്നവനായിരുന്നല്ലോ. ആകയാൽ ഇരുസേനകളുടേയും മദ്ധ്യത്തിലായി ശ്രീകൃഷ്ണൻ അർജ്ജുനന്റെ രഥം കൊണ്ടുചെന്നു നിർത്തിയപ്പോൾ അർജ്ജുനൻ ആദ്യമായി കണ്ടതു് ഭീഷ്മരെയും ദ്രോണരെയുംതന്നെയായിരുന്നു.

" തത്ര പശ്യൻ സ്ഥിതാൻ പാർത്ഥഃ
പിതൄൻ അഥ പിതാമഹാൻ
ആചാര്യാൻ മാതുലാൻ ഭ്രാതൄൻ
പുത്രാൻ പൌത്രാൻ സഖീൻ തഥാ
ശ്വശുരാൻ സുഹൃദശ്ചൈവ."

ഭൂരിശ്രവസ്സ്, ഭീഷ്മർ, ദ്രോണർ, ശല്യർ ഇവരെല്ലാവരും തന്റെ ഭക്തിബഹുമാനാദരങ്ങളെ അർഹിക്കുന്നവരായിരുന്നു. അഭിമന്യു, ലക്ഷ്മണൻ മുതലായവരോടുള്ള വാത്സല്യവും അതുപോലെതന്നെ ആയിരുന്നു. ഇവരിൽ പലരേയും ശരമെയ്തു കൊല്ലാതെ അർജ്ജുനനു് യുദ്ധത്തിൽ ജയിക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. തന്റെ വശത്തുള്ളവർ ശത്രുക്കളാൽ ഹതരായിത്തീരുന്നതും തനിക്കു കാണേണ്ടിവരും. ഇതിലെത്രയോ ചുരുക്കംപേരാണു് യുദ്ധാനന്തരം ജീവിച്ചിരിക്കുവാൻ പോകുന്നതു്? ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ ആരംഭത്തിൽ സമാധാനകാംക്ഷിയായിരുന്ന സർ. നെവിൽ ചേംബർലെയിനു് ഉണ്ടായ മനോഗതിതന്നെയാണു് അന്നു് അർജ്ജുനനും ഉണ്ടായതു്. ചേംബർലെയിൻ ഹിററ്ലരെയും മുസോളിനിയേയും അവരവരുടെ പാർപ്പിടങ്ങളിൽചെന്നു കാണുക

യുണ്ടായി. ഒടുവിൽ കലഹശീലന്മാരോടു സമാധാനം പറയുകയില്ലെന്നു കണ്ടപ്പോൾ പ്രധാന മന്ത്രിപദംപോലും സ്വയമേവ ഒഴിഞ്ഞുകൊടുക്കുവാൻ സന്നദ്ധനായി.

അൎജ്ജുനനു പെട്ടെന്നിങ്ങനെ ഒരു ഭാവഭേദം സംഭവിച്ചതു് ഒരു വിധത്തിലും ആശാസ്യമായിരുന്നില്ലെന്നു് അധികം പറയാതെ നമുക്കറിയാമല്ലോ. യുദ്ധം അങ്ങനെ കലാശിച്ചിരുന്നു എങ്കിൽ ഭാരതഖണ്ഡത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? ഭീഷ്മദ്രോണാദികൾ പലപ്പോഴും ധൎമ്മോപദേശിച്ചിട്ടും കൎണ്ണൻ ശകുനി മുതലായവരുടെ കുതന്ത്രത്തിൽപെട്ടു് അന്നത്തെ രാജാധിരാജനായിരുന്ന ദുര്യോധനൻ ധൎമ്മത്തിൽനിന്നു വളരെ അധഃപതിച്ചിരുന്നു എന്നാണു വ്യാസൻ നമ്മെ മനസ്സിലാക്കുന്നതു്. ശ്രീകൃഷ്ണ സഹായത്തോടുകൂടി പാണ്ഡവന്മാർ ജയിച്ചു രാജ്യഭാരം ചെയ്യുന്നതു കാണുവാൻ ആ യോഗിവൎയ്യന്നു് അത്യഗ്രഹമുണ്ടായിരുന്നതുപോലെ തോന്നുന്നു. എന്തായാലും ഇത്ര വിസ്തരമായ കഥയിലു് ആ വക കാൎയ്യങ്ങളൊന്നും നമുക്കു തീൎച്ചപ്പെടുത്തുവാൻ പാടില്ല. അൎജ്ജുനനെ ആ ദശാസന്ധിയിൽ ശ്രീകൃഷ്ണൻ വേണ്ട ഉപദേശംചെയ്തു് യുദ്ധോത്സുകനാക്കിയില്ലെങ്കിൽ ഭാരതീയചരിത്രം മാറി എഴുതേണ്ടി വരുമായിരുന്നു എന്നേ പറവാൻ നിവൃത്തിയുള്ളു.

യുദ്ധമദ്ധ്യത്തിൽവച്ചു് യുദ്ധം തുടങ്ങുന്നതിനുള്ള ശംഖു നാദം ഇരുഭാഗത്തുനിന്നും മുഴങ്ങിയതിനുശേഷം, പതിനെട്ടു

ദ്ധ്യായത്തിൽ ഇപ്പോൾ നാം കാണുന്ന 'ഗീത' മുഴുവൻ ശ്രീകൃഷ്ണൻ ഉപദേശിച്ചതാണോ എന്ന ചോദ്യത്തിനവകാശമുണ്ട്. ചുരുങ്ങിയപക്ഷം നാലഞ്ചുമണിക്കൂർ കൊണ്ടേ അതു നമുക്കു വായിച്ചുതീർക്കാൻ സാധിക്കയുള്ളൂ. ഇടയ്ക്കിടയ്ക്ക് അർജ്ജുനൻ അനേകം ചോദ്യങ്ങളും ചോദിക്കുന്നുണ്ട്. ഇത്രയുംനേരം ദുര്യോധനാദികൾ മിണ്ടാതിരുന്നുവോ? "അഥവാ യുദ്ധാരംഭത്തിൽതന്നെ അർജ്ജുനനും ശ്രീകൃഷ്ണനും കൂടി സമാധാന ഉടമ്പടിക്കുള്ള നിബന്ധനകൾ ആലോചിച്ചു തീർച്ചപ്പെടുത്തുകയായിരിക്കാം. പതിനൊന്ന് അക്ഷൗഹിണിയും പല മഹാരഥന്മാരും ഉള്ള സൈന്യത്തോടു യുദ്ധംചെയ്യുവാനുള്ള ധൈര്യം തീരെ ഇല്ലാതെ അർജ്ജുനൻ നിരാശപ്പെട്ടു ദുഃഖിക്കയായിരിക്കാം."

# 8: വിചികിത്സ

"സതാംഹി സന്ദേഹ പദേഷു വസ്തുഷു
പ്രമാണ മന്തഃകരണപ്രവൃത്തയഃ"

അതോ ഇതോ എന്ന സംശയം കൊണ്ടു് മനസ്സു് മടിച്ചു നില്ക്കുന്ന അവസ്ഥയ്ക്കാണു് 'വിചികിത്സ' എന്നു പറയുന്നതു്. അങ്ങനെയുള്ള സന്ദർഭത്തിൽ നാം എന്താണു ചെയ്യേണ്ടതു്? അന്തഃകരണത്തോടു തന്നെ ചോദിക്കണം. അപ്പോൾ ഒരു പോംവഴി ലഭിക്കാതിരിക്കുന്നതല്ല. അതനുസരിച്ചു പ്രവർത്തിക്കുകതന്നെ. ചിലപ്പോൾ അതുകൊണ്ടു നാശം സംഭവിച്ചേക്കാം. അതു വകവയ്ക്കാനില്ല. പൊതുജനങ്ങൾ ശ്ലാഘിക്കയേ ചെയ്യുന്നുള്ളു. എന്തെന്നാൽ സംശയാലുക്കളെ അവർ വെറുക്കുകയും ദൃഢനിശ്ചയമനസ്കരെ ബഹുമാനിക്കുകയും പതിവാണു്. ഈ തത്ത്വം നമുക്കു ലോകസാഹിത്യത്തിൽനിന്നും നല്ലപോലെ മനസ്സിലാക്കുവാൻ കഴിയും.

മുകളിൽ ഉദ്ധരിച്ച പദ്യം നോക്കുക. ആശ്രമത്തിൽ വസിച്ചിരുന്ന ശകുന്തളയെ കണ്ടപ്പോൾ ദുഷ്യന്തമഹാരാജാവിന്നു് അവൾ ക്ഷത്രിയപരിഗ്രഹയോഗ്യയാണെന്നു നിശ്ചയിക്കുവാൻ കഴിഞ്ഞു. ആകയാൽ വിവാഹം ചെയ്യുവാൻ മടിച്ചതേയില്ല. സംസ്കാര സമ്പന്നനും, കുലീനനും, സുശീലനും ആയ അദ്ദേഹത്തിന്നു് സ്വന്തം അന്തഃകരണപ്രബോധം തന്നെയാണു പ്രമാണമെന്നു തോന്നി. ഒടുവിൽ പല

വൈഷമ്യങ്ങളേയും അഭിമുഖീകരിക്കേണ്ടി വന്നുവെങ്കിലും അവസാനം ശുഭമായിരുന്നുവല്ലോ.? അദ്ദേഹത്തിന്ന് ആ വിവാഹം മൂലം ജനിച്ച 'ഭരത'ചക്രവർത്തിയുടെ നാമമാണ് ഇന്നും നമ്മുടെ ഇൻഡ്യാമഹാരാജ്യം വഹിക്കുന്നതു്. ഇങ്ങനെ എത്ര ഉദാഹരണം വേണമെങ്കിലും ഉത്തമസാഹിത്യങ്ങളിൽ കണ്ടെത്താവുന്നതാണ്.

പണ്ട് ഒരു പാരസീക സേനാനായകൻ കുഴിച്ചു വച്ചിരുന്ന നിധി കണ്ടുപിടിക്കുവാൻ ഗ്രീസിലെ പോലിക്രാറസ് "അശരീരി" വാഗ്ദേവതയെ ഭജിച്ചപ്പോൾ നിൽക്കുന്ന സ്ഥലത്തുള്ള സകല കല്ലുകളും തോണ്ടുവാനാണ് ആജ്ഞ ലഭിച്ചതു്. അതിന്ന് അന്യസഹായം ആവശ്യമില്ലല്ലോ. ഇതു ചോദിക്കാതെ തന്നെ ചെയ്യാമായിരുന്നു. കൈകാരൻ വരുന്ന ജോലി സകല ശക്തികളും പ്രയോഗിച്ചു ചെയ്യുക എന്ന വേദപുസ്തകത്തിലെ ഉപദേശവും സാരഗർഭമാണ്. അതു ചെയ്യുവാൻ സംശയിച്ചു നിന്നാൽ സമയം കിട്ടിയില്ലെന്നു വന്നേക്കാം. ഓരോ മനുഷ്യൻെറയും ഭാഗ്യസൌധത്തിൻെറ ശില്പി അവൻ തന്നെയാണ്. അതിൽ സമർത്ഥനാണെങ്കിൽ പരസഹായമോ ഉപദേശമോ ആവശ്യമില്ല.

"മൂഢഃ പരപ്രത്യയനേയബുദ്ധി" എന്ന ആപ്തവാക്യം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

സോക്രട്ടീസ് വിഷപാനം ചെയ്തു മരിക്കാറായപ്പോൾ പറഞ്ഞതെന്താണ്.? മനസ്സാക്ഷിക്ക് വിപരീതമായി

അന്യാഭിപ്രായത്തിന് കീഴടങ്ങുകയില്ലെന്നാണ്. അതെ!
"നപ്രാണാന്തേ പ്രകൃതിവികൃതിർജായതേ ചോത്തമാനാം"

എന്ന വാക്യം എത്ര ശരിയായിരിക്കുന്നു. ലോകൈകഗുരു ശിഷ്യന്മാരോടെന്താണ് ഉപദേശിച്ചത്.? "എന്നോട് യോജിക്കാത്തവർ എന്റെ വിരോധികളാണ്. നിങ്ങൾ ആവശ്യപ്പെടുന്നതു ലഭിക്കും; അന്വേഷിക്കുന്നതു കാണും; മുട്ടിയാൽ തുറന്നു തരും."

പാശ്ചാത്യർ 'വിചികിത്സ' ഒരു പ്രബലദോഷമായിട്ടാണു തോന്നിട്ടുള്ളത്. ഇവിടെ വരുന്ന സായിപ്പന്മാരെ കണ്ടില്ലേ? നമ്മോട് അവരെന്തെങ്കിലും ചോദിച്ചാൽ ഉടനെ വിധിയിലൊ നിഷേധത്തിലൊ ഒരുത്തരം പറഞ്ഞു കഴിയണം. മടിച്ചു നില്ക്കുന്നതു അവർ കണ്ടുകൂടാ. അതാണ് അവരുടെ ഓഫീസർമാർ 'അതെ, അല്ല' എന്നുള്ള വാക്കെങ്കിലും ഇംഗ്ലീഷിൽ അറിഞ്ഞിരിക്കണം എന്നു നിർബന്ധിക്കുന്നതിന്റെ കാരണം. ആത്മവിശ്വാസത്തിനെതിരായ സംശയം വളരെ ആപല്ക്കരമായി അവർ ഗണിച്ചു വരുന്നു. ഹിററ്ലർ ആദ്യകാലത്തു വിജയശ്രീമാനായതെങ്ങിനെ? ദൃഢനിശ്ചയം കൊണ്ടല്ലേ? ആരെന്തു പറഞ്ഞാലും മനസ്സിൽ തോന്നിയതുപോലെ ചെയ്യും; അതുപോലെ തന്നെ മുസ്സോലിനിയും. അവർക്ക് ഒടുവിൽ തോല്വി പററിയല്ലോ എന്നു പറയുമായിരിക്കും. അതിനു സമാധാനം പുറകെ വരുന്നു.

2. 'വിചികിത്സ' മനുഷ്യന്റെ ഉല്കൃഷ്ടതിന് അപരിത്യാജ്യമാണെന്നുള്ള അഭിപ്രായവും ചിന്തനീയമാണ്.

അത്ര കാര്യകാരണ സഹിതം ഓരോ സംഗതിയെപ്പററി ആലോചിക്കുവാൻ അവകാശമുണ്ടാകുന്നു. അതില്ലെങ്കിൽ ഓരോ പ്രവൃത്തിയും സാഹസികമെന്നു പറഞ്ഞു തള്ളുന്ന തിനാം അറിവുള്ളവർ മടിക്കുന്നില്ല. ലേഖനാരംഭത്തിലെ പദ്യം എഴുതിയ കവിതന്നെ മഹാരാജാവിന്റെ വിവാഹത്തെപ്പററി പിന്നീട പറയുന്നതെന്താണ്? "എല്ലാം വിധം പ്രണയവും ബാല്യദശോപരീക്ഷിച്ചല്ലാതെചെയ്യരുതു്." പ്രസ്തുത മഹാരാജാവിന് ആ വിവാഹം മൂലം അനുഭവിക്കേണ്ടിവന്ന കഷ്ടതകളും ശകുന്തളം നാടകം വായിച്ചിട്ടുള്ള വായനക്കാരെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. ഹിററ്ലർ ആത്മവിശ്വാസത്തെ മാത്രം ആശ്രയിച്ചുള്ള ബിലിത്തം അത്യമാത്സര്യം "മിന്നൽ യുദ്ധം" കൊണ്ട് പോളണ്ടും മററു പല രാജ്യങ്ങളും അതിവേഗത്തിൽ പിടിച്ചു കീഴടക്കിയും റഷ്യയിലേക്കുള്ള സാഹസികയുദ്ധാപത്തും അവസാനത്തിൽ കലാശിച്ചു. എന്നു മാത്രമല്ല, ഒടുവിൽ സർവ്വസ്വവും ജീവനും ഉപേക്ഷിക്കേണ്ടതായി വന്നു. എത്ര പ്രധാന സേനാനായകന്മാരെ അവരുടെ വിപരീതാഭിപ്രായം ഒന്നുകൊണ്ടു മാത്രം സ്ഥാനഭ്രഷ്ടരാക്കി! എത്ര രാജ്യതന്ത്രജ്ഞന്മാരായ ഉദ്യോഗസ്ഥന്മാരെ നിഗ്രഹിച്ചു! 'വിചികിത്സ' എന്നുള്ളത് അത്യന്തം അപഹാസ്യമായിത്തീർന്നിയ അഹംബുദ്ധികളായ പരിണാമം കണ്ടില്ലേ? മുസ്സോലിനിയുടെയും അവസാനം അതുപോലെ എന്നു പറഞ്ഞാൽ പോരാ. കുറേക്കൂടി ദാരുണമായിരുന്നു എന്നറിയാമല്ലോ.

വിചികിത്സയെ ഹിന്ദുക്കളോളം സാരമായി ഗണിക്കുന്ന ഇതരജാതിക്കാരുണ്ടോ എന്ന സംശയമാണ്. തൊട്ടതിനും പിടിച്ചതിനും ഒക്കെ അവർ സമയം നോക്കണം. യാത്രയിൽ ശകുനം നോക്കാതെ ഇറങ്ങുന്നവർ ദുർല്ലഭമെന്നു പറയാം. “വീണാവേണുമൃദംഗഭേരിപടഹാദ്യോപാനം ച ശംഖധ്വനി” ഇത്യാദി ശുഭശകുനങ്ങളും ഒട്ടേറെയുണ്ട്. അതുപോലെ മദ്യം, പച്ചയിറച്ചി മുതലായ അസംഖ്യം ദുശ്ശകുനങ്ങളും, “കയറിട്ട കാള പശുവും യാത്രായാമ ശോഭനമത്രേ.” കയറിട്ടതുകൊണ്ടു നമ്മുടെ നേരെ പാഞ്ഞു വരികയില്ലായിരിക്കാം. ഒററ നായയെ കൊള്ളാം. ബ്രാഹ്മണനാണെങ്കിൽ ഇരട്ടയായിരിക്കണം: നായർ കൂട്ടംകൂടുമ്പോഴും ഭയങ്കരനായിരിക്കാം. ബ്രാഹ്മണൻ ഒററയായാൽ നമ്മെ പറഞ്ഞു പററിക്കുമായിരിക്കാം. ഇതിനൊക്കെ പ്രത്യേകം വല്ല താല്പര്യമുണ്ടോ എന്തോ ? എന്തായാലും നാം ഒന്നാലോചിക്കയെങ്കിലും ചെയ്യും. പൂച്ച വിലങ്ങനെ ചാടിയാൽ തിരികെ പുറപ്പെട്ട സ്ഥലത്തുചെന്ന് കുറെ നേരം ഇരുന്നിട്ടേ തിരിക്കാവൂ അത്രേ! ആ സമയംകൊണ്ടു നാം പോകുന്ന കാര്യത്തെപ്പററി സാവധാനം ആലോചിച്ചുവശായി. ഈ വിധത്തിൽ വ്യാഖ്യാനിച്ചാൽ ചികിത്സ കൊണ്ടു ഗുണമുണ്ടെന്നും വരും.

കർമ്മകുശലന്മാരായ പാശ്ചാത്യന്മാരും ഇക്കാര്യം വിസ്മരിച്ചിരുന്നില്ലെന്നുള്ളതിലേക്ക ധാരാളം ഉദാഹരണങ്ങളുണ്ട്. അമേരിക്ക കണ്ടുപിടിക്കാനായി യത്നിച്ച കൊളംബസ് യാത്ര പുറപ്പെടുന്നതിനുമുമ്പ് ജ്യോത്സ്യരോട്.

അക്കാൎയ്യത്തെപ്പററി ആലോചിച്ചു എന്നറിയുമ്പോൾ നാം അത്ഭുതപ്പെടും. വഞ്ചനോപായങ്ങൾ എന്തെല്ലാമെന്ന് ഗാഢമായി ചിന്തിച്ചു, നല്ല സമയംനോക്കി പുറപ്പെട്ട-വഴിക്കിടെക്കണ്ട ഓരോ നിസ്സാരസംഗതിപോലും തന്റെ കാൎയ്യസാദ്ധ്യത്തിന്ന് വിജയമോ തോൽവിയോ വരുത്തുന്നതെന്ന് സഹചരന്മാരുമായി കൂടിയാലോചിച്ചു. കാററിന്റെ ഗതി മാറിവീണു എന്നു കണ്ടാൽ ഉള്ളിൽ അസ്വസ്ഥത കടന്നുകൂടുകയായി. ഒടുവിൽ തന്റെ വിശ്വാസപാത്രമായ ആത്മമിത്രത്തോടു പറഞ്ഞതു് അമേരിക്ക കണ്ടു പിടിക്കാൻ സാധിക്കുമോ എന്നു താൻ ബലമായി സംശയിക്കുന്നു എന്നാണ്. ചുരുക്കിപ്പറഞ്ഞാൽ ഒരു സന്ദേഹപരത്വത്തിന്റെ പരിണാമമാണ് അദ്ദേഹത്തിന്റെ വിജയം.

കവികൾക്കും മററു കലാകാരന്മാൎക്കും വിചികിത്സ അപരിത്യാജ്യമായ ഒരു ഗുണമായിട്ടാണു കണ്ടുവരുന്നതു്. ഉൽകൃഷ്ടാഭിലാഷവും, മനോവ്യാകുലതയും നിരന്തരമായ സംശയവും, അന്യാഭിപ്രായസ്വീകരണതല്പരതയും എല്ലാം കൂടിച്ചേൎന്ന ഒരു അന്തഃകരണത്തിന്റെ പ്രചോദനമത്രെ ഉത്തമകലാനിൎമ്മാണപരിണാമത്തിൽ നമുക്കു ദർശിക്കുവാൻ കഴിയുന്നതു്. സന്തോഷാവേശംപോലെതന്നെ സന്താപവും അവരെ കൂടെക്കൂടെ ബാധിച്ചിരുന്നതായി കാണാം. കവികളെ സംബന്ധിച്ചാണെങ്കിൽ ഷേക്സ്പീയർ മാത്രം ഒരു വ്യത്യസ്തമാണെന്നു പറയാം. മിൽട്ടൻ ആന്ധ്യവും വഹിച്ചുകൊണ്ടു രാത്രികാലങ്ങളിൽ നിദ്രാദേവിയെപ്പോലും ഉപേക്ഷിച്ചു എത്രനേരംകൊണ്ടാണ് "പാരഡൈസ്

ലാസ്റ്റ്” എന്ന മഹാകാവ്യത്തിലെ ഓരോ പൎവ്വവും രചിച്ചതു്? പിറേറദിവസം മനസ്സിൽ സങ്കല്പിച്ച ഭാഗം മുഴുവൻ പറഞ്ഞുകൊടുത്തെഴുതിക്കയായി. അതു വായിച്ചുകേൾക്കുമ്പോൾ പലതും മാററണം എന്നു തോന്നും. പിന്നെയും മാറി എഴുതുകയായി. ഒടുവിൽ കുറവും കുററവും ഒക്കെ തീൎന്നപ്പോൾ എന്താണു സംഭവിച്ചതു്? ലോകത്തിൽ എന്നെന്നേക്കും അനശ്വരമായി നിലനില്ക്കത്തക്ക യോഗ്യതയോടുകൂടിയ ഒരു മഹാകാവ്യം സംജാതമായി. കാളിദാസ മഹാകവിയുടെ നാടകങ്ങളോ കാവ്യങ്ങളോ നോക്കുക. ഒരു പദംപോലും മാററിവയ്ക്കുന്നതിന് അന്നത്തെ പണ്ഡിതലോകം ഉദ്യമിച്ചിട്ടു പററിയില്ല. അതെ! “വന്യസ്സരിത്തോ ഗജ ഉന്മമജ്ജ” എന്ന പദ്യാംശത്തിലെ ‘സരിത്ത’ ശബ്ദത്തിനു ഭംഗിപോരാഞ്ഞിട്ടു ‘തടിന്യാം’ എന്നു മാററിയത്രെ! പക്ഷെ ധാരാളം കുഴകളുള്ള നദി എന്ന അൎത്ഥമുള്ള വാക്കേ പ്രകൃതത്തിൽ യോജിക്കയുള്ളു എന്നു മലയാളിയുടെ സൂക്ഷ്മസ്വഭാവം നിരീക്ഷണംചെയ്തിട്ടില്ല. മഹാകവിയുടെ അഭിപ്രായം അറിഞ്ഞപ്പോൾ വിമൎശകന്മാർ ലജ്ജിച്ചു് പിന്മാറേണ്ടിവന്നു. ഇങ്ങനെ നീണ്ടുപോകും. ഈ ‘വിചികിത്സ’യെപ്പററിയുള്ള ലേഖനം തല്ക്കാലം ഇവിടെ നിൎത്താം.

# 9. വെൺമണി പ്രസ്ഥാനം

പഴയ മണിപ്രവാളരീതി "ലീലാതിലകം" എന്ന ശാസ്ത്രഗ്രന്ഥത്തിന്റെ ആവിർഭാവത്തോടുകൂടി നിയതമായ ഒരു പ്രസ്ഥാനത്തെ നിർദ്ദേശിക്കേണ്ടതായിരുന്നു. പക്ഷേ അങ്ങനെയല്ല സംഭവിച്ചത്. ആചാര്യന്റെ ശാസനങ്ങൾ പിൽക്കാലത്തെ കവികൾ ഓരോന്നായി ഖണ്ഡിക്കുവാൻ തുടങ്ങി. അടുത്തകാലത്തുതന്നെ നിരണം കവികൾ മണിപ്രവാളം പാട്ടിൽ പ്രയോഗിച്ചു. കൃഷ്ണഗാഥാകാരന് അതൊരനുഗ്രഹമായിത്തീർന്നു.

ലീലാതിലകത്തിനുശേഷം ആരെങ്കിലും

"സന്ദർഭേ സംസ്കൃതി കൃതാച"

എന്ന സൂത്രം അനുസരിച്ചു ഗൗരവമുള്ള ഏതെങ്കിലും കവിത എഴുതുകയുണ്ടായോ എന്നു സംശയമാണ്. നേരമ്പോക്കിനുവേണ്ടിമാത്രം വല്ലവരും പ്രയോഗിച്ചിരിക്കാമെന്നേയുള്ളൂ. അങ്ങനെ വരാനാണു ന്യായം. എന്തെന്നാൽ സംസ്കൃതത്തിലെ 'പ്രക്രിയ' അറിയാതെ അത്തരം പ്രയോഗം സുസാധ്യമല്ല. പുതുതായി സംസ്കൃതം പഠിച്ച മലയാളികൾക്കൊക്കെ അതൊരു വലിയ ബുദ്ധിമുട്ടുള്ള പണി ആയിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

"കാ കാ: കരഞ്ഞുമരമേറിയുറങ്ങയന്തി"

എന്നു കല്പിച്ചു തെററുകൂടാതെ ക്രിയാപദം പ്രയോഗിക്കാൻ കഴിഞ്ഞുവെങ്കിൽ,

“ പൂപ്പൂകിഴെ പന്തലകളു സൂകരാഃ ”

എന്നും മററും അവരെക്കൊണ്ടുന്ന സാധിക്കയില്ലെന്നുതന്നെ പറയാം. അതുകൊണ്ട് ഈ സമ്പ്രദായം എത്രതന്നെ സൂത്രംകൊണ്ടു നിബന്ധിച്ചാലും നിന്നുപോകാനെ തരമുള്ളൂ. സംസ്കൃതം നല്ലപോലെ അറിയാമായിരുന്ന നമ്പൂതിരിമാർക്കു നിശ്ചയമായും ഈ പ്രസ്ഥാനത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞിരുന്നു എന്നും ഹാസ്യത്തിനുമാത്രമല്ല, ഗൗരവമേറിയ കൃതികളിൽപോലും,

“ കേഴന്തിവാരഹാസിവിരഹവ്യാകുലാ
വല്ലഭാ മേ ”

എന്നും മററുമുള്ള പ്രയോഗങ്ങൾ ലീലാതിലകത്തിനുമുമ്പ് ധാരാളം പ്രചരിച്ചിരുന്നു എന്നും സാഹിത്യചരിത്രം വെളിപ്പെടുത്തുന്നുണ്ട്.

കൃഷ്ണഗാഥയ്ക്കുശേഷം വന്ന ചമ്പുകാരന്മാർ സംസ്കൃതവൃത്തങ്ങളും ദ്രാവിഡഗാനങ്ങളും അവരുടെ മനോധർമ്മസ്വാതന്ത്ര്യം അനുസരിച്ചു പ്രയോഗിച്ചിട്ടും അവരുടെ കൃതികളെ മണിപ്രവാളത്തിൽനിന്നും നീക്കിനിർത്തുവാൻ ആർക്കും ധൈര്യമുണ്ടെന്നു തോന്നുന്നില്ല. ലീലാതിലകത്തിലെ ലക്ഷണമനുസരിച്ചു മണിപ്രവാളത്തിന്റെ എല്ലാ വകഭേദങ്ങളും ഒരേ കൃതിയിൽതന്നെ കാണണമെങ്കിൽ ചമ്പുക്കൾ നോക്കണം. അവരുടെ ‘ഗദ്യം’ എന്നു പറയപ്പെടുന്ന പദ്യപ്രദേശങ്ങളിലും പ്രസ്തുത ലക്ഷണങ്ങൾ തികഞ്ഞുകാണാം.

" ലീലാരംഗിതകാന്തേ പുതുമയൊടയമേ-
കാതപത്രാം ഇളയാം നാറം
നാലാഴികൾക്കട്ടു മുഴും ധരണിയെ മുഴുവൻ
വാണുകൊണ്ടിരുന്നു."

ഈ പദ്യഭാഗം ലീലാതിലകകാരൻ കണ്ടിരുന്നു എങ്കിൽ 'ധരണിയെ' എന്നതു ഭാഷാപദം തന്നെയാണെന്നു വ്യാഖ്യാനിച്ച് അതിനും 'ഏകാതപത്രാം' എന്ന സംസ്കൃതപദത്തിനും പൊരുത്തം വരുത്തിയിരിക്കുന്നതിൽ നെററി ചുളിപ്പിച്ചേക്കാം.

" പരസ്പരഭാഷാസാദൃശ്യം ബോദ്ധ്യമ്യേന പാട്ടിൽ " എന്നു സിദ്ധാന്തിക്കുന്ന ആചാര്യൻ

"അസ്തഗിരിശിഖരമസ്തകസീമനി
ഭാസ്കരഭഗവാൻ മറയുന്നേരം
ഗതവതി സവിതരി ഗുഹകളിൽനിന്നാ
ത്തിമിരകരീശ്വരരിളകുന്നേരം"

എന്നതു് ഒരു ദ്രാവിഡഗാനമായി കണക്കാക്കുന്നതല്ല. പാട്ടുകാരന്മാരുടെ ഈ സ്വാതന്ത്ര്യം ഏകദേശം അക്കാലത്തുതന്നെ ഉണ്ടായതായി വിചാരിക്കാവുന്ന 'ചന്ദ്രോത്സവം' കാവ്യത്തിൽ അല്പമൊരു പ്രത്യാഖ്യാനത്തെ അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ടു്. തൽകർത്താവിനു് ഭാഷാകവിതയെ വീണ്ടും ലീലാതിലകത്തിനു വഴിപ്പെട്ടതിയായാൽ കൊള്ളാമെന്നു് അഭിനിവേശമുണ്ടായിരുന്നതുപോലെ തോന്നുന്നു. അതായതു ചുരുക്കം ചില ദിക്കിൽ

"പൊടിമിരംഗമണിഞ്ഞതി മേദുരം
എന്നും മററുമുള്ള പ്രയോഗങ്ങൾ കാണുന്നതു്.

എന്തായാലും എഴുത്തച്ഛന്റെ കാലത്തിനു് അല്പം മുമ്പായിട്ടെങ്കിലും ലീലാതിലകം വിസ്മൃതിയിൽപ്പെട്ടു കഴിഞ്ഞിരിക്കണം. അഥവാ അന്നു പ്രചാരത്തിലിരുന്നു എങ്കിൽത്തന്നെയും അതു അത്ര വകവച്ചിരുന്നില്ലെന്നു തീർച്ചയാണു്. പരമാർത്ഥം ഇങ്ങനെയിരിക്കെ ലീലാതിലകത്തിന്റെ ആവിർഭാവം കൊല്ലവർഷം 8?5-നു ശേഷമാണെന്നു പറയുന്നതായാൽ ആ അഭിപ്രായത്തിന്റെ സ്വീകാര്യതയെപ്പററി സന്ദേഹത്തിനവകാശമുണ്ടു്. തല്ക്കാലം ഈ വ്യതിയാനം ഇവിടെ നില്ക്കട്ടെ.

ചന്ദ്രോത്സവകാരൻ തന്നെ പ്രസ്തുത കാവ്യത്തിൽ അംഗീകരിച്ച മണിപ്രവാളം.

" മധുര മധുര ഭാഷാ സംസ്കൃതാന്യോന്യ സമ്മേ-
ളനസുരഭിലയാമീ കാവ്യവാണീ വിലാസം "

ഇങ്ങനെയാണെന്നു സൂചിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടാൽ ധാരാളം പിൻബലത്തോടുകൂടിയാണു് എഴുത്തച്ഛൻ കിളിപ്പാട്ടിൽ പ്രസ്തുത മണിപ്രവാളരീതി പ്രയോഗിച്ചതു്. എന്താണു് എഴുത്തച്ഛൻ സംസ്കൃതവൃത്തങ്ങൾ ഉപേക്ഷിച്ചതിന്റെ രഹസ്യം? കഴിവില്ലാഞ്ഞിട്ടാണോ? അല്ല. ഒന്നാമതായി സ്വഭാഷാഭിമാനം. സംസ്കൃതവൃത്തങ്ങൾ അത്ര എളുപ്പമുള്ള ഒരു കാര്യമല്ല; തന്റെ നാട്ടുകാർക്കു് അതൊരു ബുദ്ധിമുട്ടായിത്തീരും. രണ്ടാമതായി മലയാളിയൊരു സമർത്ഥമായ ഗദ്യരീതി സ്ഥാപിക്കുവാൻ തന്റെ ഭാഷാരീതി തന്നെയാണു സഹായകമായിത്തീരുന്നതെന്നും ആ മഹാന

ഭാവൻ ആലോചിച്ചിരുന്നിരിക്കണം. സി. പി. അച്യുതമേനോൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള മുതലായ ഗദ്യകാരന്മാർക്ക് എഴുത്തച്ഛന്റെ രീതി എത്രമാത്രം പ്രേരകമായിത്തീർന്നിട്ടുണ്ടെന്നു പറയാതെതന്നെ അറിയാമല്ലോ. അദ്യാപി ആ ഗദ്യരീതിക്കു പ്രയോഗവും പ്രാധാന്യവും കൂടിക്കൂടിവരുന്നു. നമ്മുടെ മഹാകവികളും 'മനസ്സി'നെത്തന്നെ ശരണംപ്രാപിച്ചിരുന്നു എങ്കിൽ ഒരുമാതിരി 'ശാസ്ത്രിഗദ്യം' വളർന്നുവരുമായിരുന്നു. ഈ പ്രകൃതം ഇവിടെ നില്ക്കട്ടെ.

പ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങളും നാടോടി മലയാളപദങ്ങളും ഇടകലർത്തി പ്രയോഗിച്ചു മണിപ്രവാളഭംഗിവരുത്തുവാനാണ് പിൽക്കാലത്ത് കവികൾ ശ്രമിച്ചത്. മണിപ്രവാളം എന്ന വ്യവഹാരംതന്നെ ഇല്ലാതെയായി എങ്കിലും ആ പേരിനുള്ള ഭംഗികൊണ്ടോ പുരാണവസ്തുവിലുള്ള മമതയാലോ കുഞ്ചൻനമ്പ്യാർ മുതലായ മഹാകവികൾ മണിപ്രവാളത്തെ സ്വീകരിച്ചിട്ടുണ്ട്. നമ്പ്യാരുടെ 'ശ്രീകൃഷ്ണചരിതം' ഒരു മണിപ്രവാളകാവ്യമായിട്ടാണ് എല്ലാവരും ഗണിച്ചിട്ടുള്ളത്.

"മധുരപദാ കലിതാ മണിപ്രവാളം" എന്നദ്ദേഹം ആ കൃതിയിൽതന്നെ പറഞ്ഞിട്ടുമുണ്ട്. ഉള്ളൂരുകളിവും മണിപ്രവാളത്തെ ഒരു പ്രത്യേക കവിതാരീതിയായി പരാമർശിച്ചിട്ടുണ്ട്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ലീലാതിലകം കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും

നാട്ടുനടപ്പനുസരിച്ചു മണിപ്രവാളത്തിന്റെ ഭംഗിവിശേഷങ്ങളെല്ലാം മനസ്സിലാക്കുകയും സ്വകൃതികളിൽ പ്രയോഗിക്കയും ചെയ്തു.

"ഉത ഹരിണികളോടു വാഴുമാറാ
സതതമിയം മദിരേക്ഷണാ പ്രിയാളിഃ"

എന്നും മററും ശാകുന്തളം തർജ്ജമയിൽ ധാരാളം ദൃഷ്ടാന്തങ്ങളും കാണാവുന്നതാണു്. മണിപ്രവാളത്തിൽ സംസ്കൃതപ്രത്യയാന്തങ്ങളായ ചലിതപദങ്ങളെ ചേർക്കുന്നതു് ഒരു ഭംഗിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ ദൃഢമായ അഭിപ്രായം. ശാകുന്തളം തർജ്ജമയ്ക്കു 'മണിപ്രവാളശാകുന്തളം' എന്നു പേരിട്ടതും "മധുരസരസമാം മണിപ്രവാളവും ചമച്ചു" എന്നു് ആ കൃതിയുടെ അവസാനത്തിൽ പറഞ്ഞതും, 'അക്ബർ' എന്ന ആഖ്യായികയുടെ പ്രാരംഭത്തിൽ മണിപ്രവാളഗദ്യം പ്രയോഗിച്ചതും എല്ലാം മനഃപൂർവമായിട്ടു തന്നെയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടതു വലിയകോയിത്തമ്പുരാന്റെ മണിപ്രവാളപക്ഷപാതിത്വം ഏതാണ്ടു യാഥാസ്ഥിതികരൂപത്തെ പ്രാപിച്ചിരുന്നു എന്നാണു്. എന്നാൽ ദൈവാധീനം കൊണ്ടെന്നപോലെ ഈ പ്രസ്ഥാനത്തിൽത്തന്നെ വേണ്ട ഉല്പതിഷ്ണുത്വം പ്രകടിപ്പിക്കുന്നതിനു അനേക കവികളും ഉണ്ടായിരുന്നു. അവരിൽ പ്രഥമഗണനീയൻ ഈ ശതാബ്ദ്യാഘോഷത്തിനു കാരണഭൂതനായ വെൺമണി മഹൻ നമ്പൂരിയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

മണിപ്രവാളത്തിന് ഒരു വെൺമ ചേർക്കുന്നതിന് 'ശശാങ്കാമല തരയശസ്സാ'ർജ്ജിച്ച ആ കവിവരൻ ഒട്ടും മടിച്ചില്ല. ഇങ്ങനെ പരിഷ്കരിച്ച മണിപ്രവാളത്തെയാണു ഈ ലേഖനത്തിന്റെ തലക്കെട്ടു നിർദ്ദേശിക്കുന്നതു്. [illegible] കവിയെക്കൂടാതെ, അദ്ദേഹത്തിന്റെ അച്ഛനും 'ഭാഷാപോഷിണി സഭ' മൂലമായി സാഹിത്യത്തിൽ നമുക്കു ചിരപരിചിതരായിത്തീർന്നിട്ടുള്ള മററനേകം കവികളും, കവയിത്രികളും അന്നു ജീവിച്ചിരുന്നു. കൈരളിയുടെ ഒരു സുവർണ്ണകാലംതന്നെയായിരുന്ന ആ ഘട്ടം.

എന്നാൽ അന്നത്തെ കേരളീയ കവിതാലോകത്തിൽ വെൺമണിമഹൻ നമ്പൂരിയെപ്പോലെ ശോഭിച്ചിരുന്നവർ വേറെ ആരുമില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ വെൺമണിയുടെ കാലം കഴിഞ്ഞിട്ടായിരുന്നല്ലോ കേരളകാളിദാസന്റെ കീർത്തി മൂർദ്ധന്യദശയെ പ്രാപിച്ചതു്.

വെൺമണിപ്രസ്ഥാനത്തിൽ മുഖ്യമായി എടുത്തു പറയേണ്ട സംഗതി സംസ്കൃതവൃത്തങ്ങളുടെ പ്രാചുര്യമാണു്. ലീലാതിലകകാരൻ ആറു മാതിരി വൃത്തങ്ങളെ മാത്രമേ മണിപ്രവാളത്തിൽ അംഗീകരിച്ചിട്ടുള്ളു എന്നു "മണിപ്രവാളപ്രസിദ്ധാവസന്തതിലകാദിവൃത്തവിലക്ഷണം" ഇത്യാദി സൂത്രത്തിൽനിന്നു മനസ്സിലാക്കാവുന്നതാണു്. എന്നാലിതു്, അന്യഥാ വ്യാഖ്യാനിക്കുന്നവരുമുണ്ടു്. അതെങ്ങുമിരിക്കട്ടെ. അധുനാതനർ പ്രത്യേകിച്ചും ഇപ്പോഴത്തെ ജീവൽസാഹിത്യകാരന്മാർ പ്രസ്തുത വൃത്താന്തങ്ങളോട്

ഒരു വിപ്രതിപത്തിയുള്ളതുപോലെ തോന്നുന്നു. വാസ്തവമാലോചിച്ചാൽ ഛന്ദസ്സിന്റെ വിലയും നിലയും നാടൻവൃത്തങ്ങൾക്കുണ്ടാവാൻ പ്രയാസമാണെന്നാണു് എന്റെ അഭിപ്രായം. ഒരു ശ്ലോകം എഴുതിക്കഴിഞ്ഞതായാൽ അതൊരു ശബ്ദസൃഷ്ടിവിശേഷംപോലെ നമുക്കു തോന്നുന്നു. ബ്രഹ്മാകജാതമായ ഒരു ഉൽകൃഷ്ടസന്താനമാണതു്. എത്ര മോശമാണെങ്കിലും അതു കളയുവാൻ നമുക്കു തോന്നുന്നില്ല. കുറെ കാലമെങ്കിലും ജീവിക്കും. നാടൻ വൃത്തത്തിൽ നല്ല വരിയാണെങ്കിൽ നാം വകവെയ്ക്കാറുണ്ടോ ? പ്രസിദ്ധ കവികളുടെ ചില ഈരടികൾ അവയ്ക്കുള്ള നൈസർഗ്ഗികമായ തന്മയത്വംകൊണ്ടു ചിരകാലപ്രതിഷ്ഠയെ പ്രാപിച്ചു എന്നു വരാം. അല്ലെങ്കിൽ ഒരു ബന്ധകാര്യം ഇത്ര വളരെ ഉൽകൃഷ്ടമായിരുന്നാൽ നിലനില്ക്കുമായിരിക്കാം. എഴുത്തച്ഛനെയും കുഞ്ചൻനമ്പ്യാരെയും നിരൂപിക്കുകതന്നെ വേണം. അവർ അതാതു പ്രസ്ഥാനങ്ങളിൽ അവതാരപുരുഷന്മാരാണു്. പോരെങ്കിൽ അവരുടെ വമ്പിച്ച കൃതികളെല്ലാം ദ്രാവിഡവൃത്തമയങ്ങളുമാണു്. അവർ രണ്ടുപേരുടെയും ഈ വിശേഷവിധിയായ ദ്രാവിഡവൃത്തപ്രാഗത്ഭ്യത്താൽ ഒരു വിധം മങ്ങൽ തട്ടിയ ഛന്ദസ്സിനു പൂർവ്വാധികം പ്രശസ്തി നൽകിയതു് വെൺമണിമഹൻ നമ്പൂരിപ്പാടു തന്നെയാണു്. അതിൽ സർവ്വതോമുഖമായ സ്വാധീനതയും സ്വാതന്ത്ര്യവും അദ്ദേഹത്തിനുണ്ടായിരുന്നു എന്നു കൃതികൾ വിളിച്ചുപറയുന്നു. അതുപോലെ പിഴപ്പാടുള്ള ഛന്ദസ്സുകൊണ്ടു കൈകാര്യം ചെയ്യുവാൻ ചുരുക്കം കവികളേ ഉണ്ടായിട്ടുള്ളു എന്നു പറയാം. ആധുനികകാലത്തു മഹാകവി ഉള്ളൂരും, വള്ളത്തോളും വടക്കുംകൂറും ഈ പ്രസ്ഥാനത്തിൽ വിജയം നേടിട്ടുള്ളവരാണു്.

"ഭാഷാസംസ്കൃതയോഗോ മണിപ്രവാളം" എന്ന പ്രഥമസൂത്രം മാത്രമെ ലീലാതിലകത്തിൽ ഉണ്ടായിരുന്നുള്ളുവെങ്കിൽ നമുക്ക് ആ ലക്ഷണശാസ്ത്രം വെൺമണിപ്രസ്ഥാനത്തിനും ഒരു പ്രമാണമായി സ്വീകരിക്കാമായിരുന്നു. മററു സൂത്രങ്ങളും വൃത്തിയും എല്ലാംകൂടിയാവുമ്പോൾ അതെല്ലാം പ്രാചീനമെന്നു തള്ളേണ്ടിവരുന്നു. എന്നാൽ പുതിയ മണിപ്രവാളത്തിന് ഒരു ലക്ഷണഗ്രന്ഥമായില്ലെന്നു ഖേദിക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ വെൺമണിപ്രസ്ഥാനത്തിലെ കവിതയ്ക്കു 'ഭാഷാകവിത' എന്നല്ലാതെ 'മണിപ്രവാളം' എന്നു വ്യവഹരിക്കേണ്ട ആവശ്യമില്ലല്ലോ. നവീനവ്യാകരണങ്ങളും അലങ്കാരശാസ്ത്രവും എല്ലാം അതിനു യോജിക്കയും ചെയ്യും. പഴയ മണിപ്രവാളം പുനരുദ്ധരിക്കുവാൻ ഇടക്കിടെ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ശ്രമങ്ങളും തജ്ജിമ പരിപൂരിക്കാൻ ഇടയായതു് അതിലെ ചില പ്രയോഗങ്ങൾ പുതിയ വ്യാകരണനിയമങ്ങളെ അനുസരിക്കുന്നില്ല എന്ന കാരണത്താലാണല്ലോ.

വെൺമണികൃതികൾ എല്ലാം ഇപ്പോൾ എന്റെ പക്കലില്ല. ഉള്ളതു് തുറന്നു നോക്കീട്ട് യാദൃച്ഛികമായി കണ്ട ഈ പദ്യം താഴെ ഉദ്ധരിക്കുന്നു.

"തങ്കത്താരണിത്തേരണാസഖചിതാ-
ന പ്രൌഢി സൽക്കാരമേകും
തങ്കം വങ്കളഭാഴക്കോണിവകളാ
മുള്ളുന്ന പൃഥ്വീതലേ

തങ്കപ്പൊൻ മണിമേടതൻ വലഭിയിൽ
തിക്കിത്തിരക്കിക്കട–
ക്കൺകോണോടുകൊട്ടത്തു കഞ്ജമിഴിമാർ
നോക്കുന്നു ചിരിക്കുന്നോഹോ!"

ഇതിലെ ലാളിത്യവും ശബ്ദഗുണവും, വായിക്കുമ്പോഴും തന്നെ അറിയാമല്ലോ. സംസ്കൃതമലയാളപദങ്ങൾ തമ്മിൽ തിരിച്ചറിയുവാൻ പാടില്ലാത്ത വിധത്തിൽ അത്ര ഇണങ്ങിച്ചേർന്നിരിക്കുന്നു. ഇതാണ് വെൺമണിപ്രസ്ഥാനം.

"തദ്ഭവമം ഭാഷാരസപ്രായോഗ്യേ" എന്ന ലീലാതിലകസൂത്രത്തിന്ന് എത്ര ഉദാഹരണം വേണമെങ്കിലും വെൺമണികൃതികളിൽനിന്നും എടുത്തെഴുതാവുന്നതാണ്. സ്ഥാലീപുലാകന്യായപ്രകാരം ഒന്നുദ്ധരിക്കാം.

"ആരോമലാമ്പലപ്പൊയ്ക്കയിലിളകുമിളം
കാററുമേററാറു പിന്നി–
ട്ടാമോദത്തോടണന്നാം സുമധുര മധുപാ–
നത്തിനായത്ത്പരന്മാർ
ശ്രീമത്സന്ധ്യാസ്ത്രീതൻ നിർമ്മലവദനവികാ–
സം വിളങ്ങീടുമെന്നോ–
ത്താമൽത്തീരപ്രദേശത്തെഴുമൊരു ചെറുകാർ
വണ്ടിനെക്കണ്ടിതോ നീ?"

ലീലാതിലകത്തിലുദ്ധരിച്ചിരിക്കുന്ന പല പദ്യങ്ങളും അശ്ലീലത്തിന് മകുടോദാഹരണങ്ങളാണ്. സംഭോഗ ശൃംഗാരം അവയിൽ സ്പഷ്ടമായി വ്യഞ്ജിക്കുന്നേടത്രെ. ഇങ്ങനെ അഭിപ്രായപ്പെട്ട ആചാര്യദൃഷ്ടിയിൽ വെൺമണി കൃതികൾ എത്രമാത്രം വിശിഷ്ടങ്ങളായിരിക്കണം! എന്നിട്ടും നമ്പൂരിപ്പാട്ടിലേയ്ക്ക് 'അമ്മായി' ശ്ലോകങ്ങളേ എഴുതാൻ വശമുള്ളു എന്നു ജല്പിക്കുന്നവർ അനവധിയുണ്ട്. ഈ വിഷയത്തിൽ ഇപ്പോൾ പ്രവേശിക്കുന്നില്ല. സ്വതന്ത്രനായ കവി വിഷയവിവേചനം ചെയ്തു സന്മാർഗ്ഗപോഷണത്തിനായി മാത്രം കവിതയെഴുതിക്കൊള്ളണം എന്നു നിയമമില്ല. പണ്ടൊരു 'പ്ലേറ്റോ' അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ പില്ക്കാലത്തെത്രപേർ അനാവശ്യമെന്ന് അവഹേളിച്ചിട്ടുണ്ട്. പോരെങ്കിൽ കവിയുടെ സാഹചര്യവും പരിതഃസ്ഥിതിയും നോക്കാതെ അങ്ങനെ കണ്ണടച്ചുകൊണ്ടു അഭിപ്രായം പുറപ്പെടുവിക്കുന്നതു ശരിയല്ലല്ലോ. മനുഷ്യലോകത്തെ പ്രകൃതിലോകത്തോടു ദൃഢമായി ബന്ധിച്ച് കാളിദാസപ്രഭൃതികളെപ്പോലെ അത്യുൽകൃഷ്ടമായ ശൃംഗാരരസം ആവിഷ്കരിക്കുന്നതിന് എപ്പോഴും നമ്പൂരിപ്പാട്ടിലേയ്ക്കു കഴിഞ്ഞിട്ടില്ലെങ്കിൽ, അതിന്റെ കാരണം, ആ ബാല്യചരിത്രത്തിൽത്തന്നെയാണ് അന്വേഷിക്കേണ്ടത്. അല്ലാതെ കരകവിഞ്ഞൊഴുകുന്ന കവിതാപ്രവാഹത്തെ എന്താണു തടയാഞ്ഞതു് എന്നു ചോദിക്കാൻ നമുക്കവകാശമില്ല; അദ്ദേഹത്തിന്റെ കവിതയുടെ രസാത്മകത്വം നമ്മെ ആകർഷിച്ചു വശത്താക്കുമ്പോൾ ബാലിശമായ ഈ ദോഷാരോപത്തിനൊരുമ്പെടുകയല്ല വേണ്ടതു്; സദ്വ്യാഖ്യാന

അമ്മാൽ ഉൽകൃഷ്ടീകരിക്കേണ്ടതു നമ്മുടെ ധർമ്മം. അല്ലെങ്കിൽ സ്വന്തകവിയെ മാത്രമല്ല, കൃഷ്ണഗാഥാകാരനേയും, കുഞ്ചൻനമ്പ്യാരെയും മററു പല മഹാകവികളേയും നാം വർജ്ജിക്കേണ്ടതായി വരും. അങ്ങനെ സാഹിത്യത്തിലൊരു ശുദ്ധീകരണം നടത്തുക എന്നതെത്ര അനാവശ്യവും പ്രകൃതിവിരുദ്ധവും ആണെന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഈ പ്രശ്നം ഇതിലധികം നീട്ടണമെന്നു വിചാരിക്കുന്നില്ല.

വെൺമണി മഹൻ നമ്പൂരിപ്പാട്ടിലെ കൈകളിൽ 'ശ്ലോകം' കേവലമൊരു വിനോദസാധനമായി പരിണമിച്ചിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ആ ദേവരൂപം മഠത്തിന്റെ വാതിൽപ്പടിയിലിരുന്നു മുരളീഗാനമങ്ങു സ്വപ്നാന്തത്തിൽ വിശ്വരൂപം ദർശിച്ച ഈ മഹാകവി വർത്തമാനം പറയുന്നതും, സ്തുതിക്കുന്നതും, ശാസിക്കുന്നതും എല്ലാം ശ്ലോകത്തിലായിരുന്നു. കവിത ഇങ്ങനെ സർവ്വസാധാരണമായിത്തീർന്നാൽ അതുകൊണ്ടാകുന്ന മതിപ്പു വിവിധഭാവങ്ങളിലായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ആകയാൽ

"എഴുമാവിലെഴും കന്നൻ
......നശിക്കണേ!"

എന്നതിന്റെ കൂടെ

"താരാഹാരമലങ്കരിച്ചു, തിമിര-
ച്ചൂളാതൽ പിന്നോക്കമി-
ട്ടാരാകേന്ദുമുഖത്തിൽനിന്നു കിരണ-

സ്സരം ചൊരിയുന്നങ്ങനേ,
ശ്രേരാമൽക്കനകാംബുജകോരകകുചാം
ത്തുങ്കിളപ്പാരാമമോരമോ-
ദാരാലംഗനയെന്നപോലെ നിശയും
പന്നാളുതന്നാളഹോ!”

ഇത്യാദി പദ്യങ്ങളും പല ശ്ലോകങ്ങളും പൂർവ്വാപര വിരുദ്ധമായ ഒരു സ്വതന്ത്രമനോഗതി നമുക്കു തെളിയിച്ചു കാണിക്കുന്നതാണ്. രസപ്രാധാന്യമില്ലാത്ത ശ്ലോകങ്ങൾ താൽക്കാലികമായ പല നേരംപോക്കിനും ഉതകുന്നവയായിരിക്കാം. ആ സന്ദർഭം അറിഞ്ഞാൽ മാത്രമേ നമുക്കു രസിക്കാൻ വഴിയുള്ളൂ. ഈ ഒരു ഗുണംപോലുമില്ലാത്ത ചേറും നാട്യാധികാരംകൊണ്ടുമാത്രം ഗ്രന്ഥം നിറയ്ക്കുന്ന കവികളും ധാരാളമുണ്ടായിരുന്നു. അത്തരം ഗ്രന്ഥങ്ങൾക്കു ഭാഷാ സാഹിത്യത്തിൽ യാതൊരു പ്രശസ്തിയും സിദ്ധിക്കുന്നതല്ല. എന്നാൽ വെണ്മണിമഹന്റെ പദ്യങ്ങൾ പഠിച്ചു ചൊല്ലാത്തവർ ചുരുക്കമാണ്. ഏതാണ്ടു കൊല്ലംമുതൽ വടക്കൻ തിരുവിതാംകൂർ, എറണാകുളം, തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിൽ എവിടെച്ചെന്നാലും നമ്പൂരിയുടെ ശ്ലോകങ്ങൾ പലരും ചൊല്ലി കേൾക്കാറുണ്ട്. ഇപ്പോഴും അക്ഷരശ്ലോകപരീക്ഷകളിലും മററും അദ്ദേഹത്തിന്റെ പദ്യങ്ങൾക്കുതന്നെയാണ് പ്രാധാന്യം.

ശൃംഗാരം, ഹാസ്യം, വീരം എന്നീ മൂന്നു രസങ്ങളും ഇദ്ദേഹം തന്മയത്വത്തോടുകൂടി ഛന്ദോവൃത്തങ്ങളിൽ വർണ്ണിച്ചി

ട്ടുള്ള ഇതരഭാഷാകവികൾ ചുരുക്കംതന്നെ. വെൺമണി ക്കൃതികൾ കൈവശമുള്ളവർ വേണ്ട ഉദാഹരണങ്ങൾ നിഷ്പ്രയാസം ലഭിക്കുന്നതാകയാൽ ഇവിടെ പകർത്തുന്നില്ല.

ഒരു കവിയുടെ നിലയിൽ നോക്കുകയാണെങ്കിൽ വെൺമണിമഹൻനമ്പൂരി നാല്പത്തെട്ടാം വയസ്സിനു മുമ്പ് അത്യത്ഭുതകരമായ കവികർമ്മമാണ് നിർവ്വഹിച്ചതു്. എങ്കിലും അതിന് പൂർണ്ണമായ ഫലപ്രാപ്തി ലഭിക്കത്തക്ക വിധത്തിൽ ദീർഘായുസ്സില്ലാതെ പോയതു് എത്രമാത്രം പരിതാപകരമായിരിക്കുന്നു! ഭാവിയിൽ വികസിക്കാനിരുന്ന മനോധർമ്മകുസുമങ്ങൾ ആ വിധത്തിൽതന്നെ നശിച്ചു പോയി. കവിതയിൽ തനിക്കു ബാല്യമേ കഴിഞ്ഞിട്ടുള്ളു എന്നും, അഖിലലോകപ്രശസ്തി ലഭിക്കുമെന്നു തനിക്കു നല്ല നിശ്ചയമുണ്ടെന്നും അദ്ദേഹം വിചാരിച്ചിരുന്നു എന്നുള്ള തിലേയ്ക്കു ലക്ഷ്യം, 'ജാഠം' പററിയതായി ആളുകൾ ഗണി ച്ചുവരുന്ന ആ നാന്ദി പദ്യം തന്നെയാണ്.

“അയ്യോ! നല്ലോരരങ്ങണഞ്ഞാലിന്നീ
ത്തിന്നുള്ള കാലോചിത—
ക്കൊള്ളാരൊന്നു തുടർന്ന നല്ല നടനെ
ന്നപ്പേക്ഷകൾപ്പനോദം” .

ആ പേരു കേൾക്കാൻ ഉള്ള ദീർഘായുസ്സ് ലഭിക്കുവാൻ “സ്രഷ്ടിച്ചു ഷഷ്ടിയധികം ഷഷ്ടിക്കുട്ടിനു” ആ ദൈവവിധി സമ്മ തിച്ചില്ല. അദ്ദേഹത്തിന്റെ യശസ്സ് എന്നും അഭംഗുര മായി വിളങ്ങട്ടെ!

# 10. ആശാൻ കവിതകളുടെ വ്യക്തിമാഹാത്മ്യം

പല അസ്വസ്ഥതകളും നിമിത്തം ജനങ്ങൾ ജീവസന്ധാരണത്തിനുള്ള മാർഗ്ഗങ്ങളിൽ തപ്പിത്തിരിയുമ്പോൾ നാട്ടിൽ സർവ്വത്ര സമാധാനവും സുഭിക്ഷവും കളിയാടുന്ന കാലത്തു മാത്രം സർവ്വോൽക്കർഷങ്ങളോടുകൂടി വർത്തിക്കേണ്ട സാഹിത്യാദി സുകുമാരകലകൾക്കു സ്ഥാനമെവിടെ എന്ന ചോദ്യമുണ്ടായെങ്കിൽ അത്ഭുതപ്പെടുവാനില്ല.

എങ്കിലും നമ്മുടെ സർവ്വതോമുഖമായ സമരസന്നദ്ധതയിൽ അവയെ നിശ്ശേഷം ഉപേക്ഷിച്ച് യുദ്ധത്തിന്റെ ഭീഷണവും മനുഷ്യജീവിതത്തെ അന്ധകാരമയമാക്കിത്തീർക്കുന്ന ആ പാശ്ചാത്യമനോഭാവം ഭാരതീയരായ നമുക്ക് ഒരിക്കലും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല.

എന്തെന്നാൽ ലോകത്തിലെങ്ങും എന്നു വേണ്ട ഐശ്വര്യമഹാരാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പോലും കാണാനോ കേൾക്കാനോ കഴിയാത്ത ഒരു കലാപ്രബുദ്ധതയാണ് യുദ്ധകാലത്ത് ഇവിടെ നമുക്കുണ്ടായിരിക്കുന്നത്.

വളരെ സങ്കുചിത പരിധികൾക്കുള്ളിൽ കിടന്നു ഞെരുങ്ങുന്ന കൈയെഴുത്തു മാസികകൾ, മഹായോഗങ്ങൾ, ശതാബ്ദാഘോഷങ്ങൾ, ചരമവാർഷികങ്ങൾ, പരിഷത്തു

കൾ, വ്യാഖ്യാനങ്ങൾ, നാടകങ്ങൾ ഇങ്ങനെ ഓരോ ന്നായി നോക്കുകയാണെങ്കിൽ ഭൗതികപരിതഃസ്ഥിതികളിൽ നിന്നും ബഹുദൂരം മാറി നില്ക്കുന്നതായ ഒരു ശാന്തമായ അന്തരീക്ഷമാണ് പ്രത്യക്ഷപ്പെടുന്നത്.

ഭൗതികപരിഷ്കാരത്തിൽനിന്നു ലഭ്യമാകുന്ന സുഖവും സന്തോഷവും ശാശ്വതങ്ങളല്ലെന്നും, സനാതനധർമ്മങ്ങൾ പരിപാലിക്കുവാൻ വേണ്ട ശ്രമങ്ങളെല്ലാം യുദ്ധം നില്ക്കുന്ന തിന്റെ പിറ്റേ ദിവസം തുടങ്ങണമെന്നും മറ്റുമുള്ള ഗാഢ ങ്ങളായ ചിന്തകൾ - ഭരണധുരന്ധരന്മാരെ പരിഭ്രാന്ത രാക്കിത്തീർക്കുന്ന ഈ ഘട്ടത്തിൽ ലളിതവും സുന്ദരവും ആയ ഒരു കലാസൗധം നമുക്ക് നേരത്തെ പ്രതിഷ്ഠിക്കു വാൻ കഴിഞ്ഞു എന്നുള്ളത് അത്യന്തം ചാരിതാർത്ഥ്യജന കമായിട്ടുള്ളതാകുന്നു.

ഭാവി ചരിത്രകാരന് കൊല്ലം പന്ത്രണ്ടാം ശതക ത്തിലെ ആദി ദശകങ്ങളിൽ കേരളത്തിനഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള വിഷമപ്രശ്നങ്ങളിലൊന്ന് കുമാരനാശാൻ തന്നെയായിരുന്നു എന്നെഴുതേണ്ടി വന്നേക്കാം. ആ പ്രശ്നം സാമുദായികമോ, രാഷ്ട്രീയമോ, സാഹിത്യപരമോ എന്നൊക്കെ അയാൾക്ക് വിചിന്തനം ചെയ്യേണ്ടതായും വരും. എന്തെന്നാൽ ഒരു സമുദായം ആശാനെ സ്വന്ത മാക്കി അതിന്റെ ഭാവി ശ്രേയസ്സിനും ഉച്ചാഭിലാഷ ലബ്ധിക്കും മാർഗ്ഗദർശകനാക്കുവാൻ ശ്രമിക്കുന്നു. ആ സമു ദായത്തിന്റെ ശത്രുപക്ഷക്കാരും വാദിക്കുന്നതായി നടിക്കുന്ന

മറെറാരു സമുദായം പ്രസ്തുത ആദർശസാഫല്യത്തിന്നു കരാവലംബം നല്കുന്നു. രണ്ടിന്റെയും ഇടയ്ക്കു നിന്നുകൊണ്ടു മൂന്നാമതൊരു സമുദായം ചാരിതാർത്ഥ്യം നേടുന്നു. സാഹിത്യപരമായി നോക്കുകയാണെങ്കിൽ അവിടെയും മൂന്നു വൈഷമ്യത്തിന്നു ധാരാളം വകയുണ്ടാക്കിക്കൊടുക്കുന്നവയാണു് ആശാന്റെ കൃതികൾ. ചിലർ അവയുടെ അകമ്പടിയോടുകൂടി പുറകോട്ടു നോക്കാതെ പുരോഗമനത്തിനു സാഹസപ്പെടുന്നു. മറെറാരു കൂട്ടർ ഈ മഹാകവിയുടെ ചിന്താരത്നങ്ങളെ ഉയർത്തിയെഴുന്നള്ളിച്ചു വാദപ്രപഞ്ചത്തിൽ പറപ്പിക്കുവാൻ ശ്രമിക്കുന്നു. ഒരു "പ്രേമഗായകൻ" മാത്രം എന്നു പറയുന്നവരുമുണ്ടു്. എല്ലാം തത്വചിന്തയിലടക്കി ലോകം ശൂന്യശൂന്യമാണെന്നു കാണിക്കുകയല്ലാതെ മറെറാരു കൃത്യവും കവിക്കില്ലായിരുന്നു എന്നു സമർത്ഥിച്ചും കണ്ടിട്ടുണ്ടു്. തന്റെ സ്വഭാവത്തിൽ കടന്നുകൂടിയ വിഷാദത്തിന്റെ പ്രതിച്ഛായകൾ മാത്രമാണു ഖണ്ഡകാവ്യങ്ങളെല്ലാം എന്നു ഖണ്ഡിച്ചു പറയുവാൻ ചിലർ മുതിർന്നു കാണുന്നു. എന്താണു് ഇതിന്റെയെല്ലാം അർത്ഥം? ഉൽകൃഷ്ടമായ നിരൂപണവും അതുകൊണ്ടു് കൈകാര്യം ചെയ്യുവാൻ സമർത്ഥന്മാരായ പണ്ഡിതന്മാരും കേരളത്തിൽ പെട്ടെന്നു പൊട്ടിപ്പുറപ്പെട്ടതല്ലെങ്കിലും അവയ്ക്കു വേണ്ട പ്രചോദനം നൽകത്തക്കവിധത്തിൽ അഭിനവാദർശങ്ങളടങ്ങിയ ആശാന്റെ കാവ്യതല്ലജങ്ങൾ ഇക്കാലത്താവിർഭവിച്ചു എന്നു പക്ഷാന്തരം കൂടാതെ സമ്മതിക്കാവുന്നതാണു്. ഈ ആദർശങ്ങൾ ശുദ്ധമായി നിർദ്ദേശിച്ചവർ കൈരളിക്കു് ഒരു വലിയ സമ്പാദ്യ

മുണ്ടാക്കിക്കൊടുക്കുവാൻ അവരുടെ എളിയ സഹായം പര്യാപ്തമായിത്തീരുമൊ എന്നു സംശയിക്ക പോലും ചെയ്തിരിക്കയില്ല. അഥവാ സ്വർഗ്ഗമഹാകവി തന്നെയും തന്റെ കൃതികൾക്ക് ഇത്രയും കാലാനുകൂലമായ പ്രാധാന്യം സിദ്ധിക്കുമെന്നു പ്രതീക്ഷിച്ചിരിക്കയില്ല.

കവിയുടെ സർവ്വതോമുഖമായ മനോധർമ്മം അതിന്റെ സ്വാഭാവികമായ ഗതിയെ പിന്തുടർന്നു എന്നല്ലാതെ ഏതെങ്കിലും ഒരു പ്രത്യേകമായ ഉപാധിയെ അവലംബിച്ചിരുന്നുവോ എന്നു സംശയമാണ്. എന്നാൽ അതിന്റെ വളർച്ച എങ്ങനെയെല്ലാമാണ് ആശാനിൽ പരിണതിയെ പ്രാപിച്ചത് എന്നു സൂക്ഷ്മമായി അറിയുന്ന പക്ഷം ചില പ്രത്യേകതകൾ നിർദ്ദേശിക്കാമെന്നേയുള്ളു. അതിലേക്ക് യഥാർത്ഥ സംഭവങ്ങളെല്ലാം അടങ്ങിയ ഒരു ജീവചരിത്രം അത്യാവശ്യമാണ്. ഉദാഹരണത്തിന് ആശാന്റെ കവിത ഏറിയകൂറും തത്വചിന്താപരമാണെന്ന് സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ അങ്ങനെയുള്ള കവിതകൾ അന്യഥാ സുലഭമായിരിക്കെ, ആശാൻ കവിതകളോടു നമുക്ക് പ്രത്യേകമായ പ്രതിപത്തി ഉണ്ടായതെങ്ങനെ? മഹർഷി രവീന്ദ്രനാഥടാഗോറിനെപ്പറ്റിയും ഈ നിരൂപണം ശരിയായിരിക്കുന്നുണ്ടല്ലോ. ഉപനിഷത്തുകളും ഗീതയും മററും വായിച്ച് അപ്പടി പകർത്തിയാൽ ഈ ഗുണം കൃതികൾക്കുണ്ടാവുന്നതല്ല. സ്വതന്ത്രചിന്ത—ചിന്തയിന്മേൽ ചിന്ത — കൊണ്ടുമാത്രമേ ഈ വൈശിഷ്ട്യം സമ്പാദിക്കുവാൻ കഴിയുകയുള്ളു. കവിചിന്തകന്മാരി

ആയിരുന്നാൽ തന്റെ ചുററുപാടും നോക്കും. പരിത
സ്ഥിതികളിൽ ആ ചിന്ത പ്രതിഫലിപ്പിച്ച് ദേശകാലോചി
തമാക്കിത്തീർക്കുമെന്നുള്ളതാണ് ചിന്തകകവിയുടെ രഹസ്യം.
അങ്ങനെയുള്ള തത്വചിന്ത ഒരു തികഞ്ഞ പുരോഗമന
സാഹിത്യകാരനും ആദരണീയമായിത്തീരും. ഇല്ലെങ്കിൽ
അവർക്ക് എന്തോ തകരാറുണ്ടെന്നു തീർച്ചയാക്കി
ക്കൊള്ളുകയേ വേണ്ടൂ. "അയ്യോ തോഴി! ഉലകിൽ മറയുന്നില
മാംസം വെടിഞ്ഞാൽ" എന്ന 'നളിനി'യിലും, "നീ കലിന
ങ്ങളരിപ്പിക്ക വിട്ടും ലോകമാണു മജ്ജനീയം" എന്ന 'ലീല'
യിലും കാണുന്ന തത്വചിന്താശകലങ്ങളും ഗാഢമായ ഉപരി
ചിന്തയും വീണ്ടും വിശദീകരിച്ച് നവീനലോകസംഗ്രഹ
വിജ്ഞാനാധികാരമനായ ആശാന്റെ മനോധർമ്മം വിക
സിച്ചിരിക്കുന്നതെങ്ങനെയെന്ന വിവരിക്കുവാൻ സമയം
കുറെക്കൂടി വേണ്ടിവരും. കവിയുടെ ചിന്ത ആദ്ധ്യാത്മിക
വിഷയങ്ങളിലേയ്ക്കു തിരിഞ്ഞ് അവയിൽ സ്ഥായീഭാവം
പ്രാപിക്കയാണെങ്കിൽ ലോകത്തിൽനിന്നു മാറി നില്ക്കണ
മെന്നില്ല. പക്ഷെ കവിക്കതിന് അപ്രകാരം സംഭവി
ക്കുന്നതെങ്കിൽ മനോധർമ്മത്തിൽ ലയിച്ചു താല്ക്കാലിക
ലോകത്തെ അവരും വിസ്മരിച്ചു എന്നുവരാം. അപ്പോൾ
നമുക്ക് അങ്ങനെയുണ്ടാകുന്ന മാനസസൃഷ്ടി അമൌലിക
മെന്നും തോന്നിയേക്കാം. യഥാതഥകഥനപ്രിയന്മാരായ
നിരൂപകന്മാർ ചിന്താപരമായ കാവ്യങ്ങളും നിരൂപണം
ചെയ്യുമ്പോൾ ഈ സംഗതി ഓർമ്മിച്ചാൽകൊള്ളാം.
കവികൾ അങ്ങനെ ഒരേ സമയത്തു രണ്ടു ലോകങ്ങളിൽ
സഞ്ചരിക്കുന്നവരാണെങ്കിലും അവരുമായിട്ടുള്ള നമ്മുടെ

ഇടപാടുകൾ കേവലം ഭൌമങ്ങളാകയാൽ ആണു് കവിതകളിൽ പൂർവ്വാപരവൈരുദ്ധ്യവും, അലൌകികതയും കാണുന്നതായി ചിലർ വ്യാഖ്യാനിക്കുന്നതു്. എന്നാൽ കവിയുടെ മാനസസൃഷ്ടികളിലും പൂർവ്വപരിചയവും വാസനയും അല്പമെങ്കിലും കാണാതിരിക്കാൻ തരമില്ല. അവിടെയാണു ജീവചരിത്രപരിശോധന അപരിത്യാജ്യമായിത്തീരുമെന്നു ഞാൻ പറഞ്ഞതു്. ഇതു പാശ്ചാത്യമനഃശാസ്ത്രസിദ്ധാന്തമനുസരിച്ചാണു്. ഭാരതീയരാകട്ടെ മനഃകായ ബന്ധങ്ങളിൽനിന്നും അന്തരാത്മാവിനെ പ്രത്യേകം തിരിച്ചു് അജ്ഞാതലോകങ്ങളിൽ സഞ്ചരിപ്പിക്കുന്നു. ഏതു വിധത്തിലായാലും ഫലം നാം കാണുന്നുണ്ടു്. അതു വ്യാഖ്യാനിക്കുവാൻ സാധിക്കുന്നില്ലെന്നേയുള്ളു. അങ്ങനെ ഒരു സ്ഥിതിയിൽ കുമാരനാശാൻ വർത്തിച്ചിരുന്നതായി അദ്ദേഹത്തിന്റെ നിത്യസഹചാരികൾ സാക്ഷ്യം വഹിക്കുന്നതുവരെ നമുക്കൊന്നും തീർച്ച പറയാവുന്നതല്ല. ഞാൻ ആയിരത്തി എമ്പത്താറാമാണ്ടു് അദ്ദേഹത്തെ ആദ്യമായി തിരുവനന്തപുരത്തെ ആനന്ദപ്രസ്സിന്റെ പരിസരങ്ങളിൽ വച്ചു കണ്ടപ്പോൾ (അന്നു 'നളിനി' കൈയെഴുത്തു പ്രതി ആയിരുന്നതേയുള്ളു) പ്രകൃത്യാ ചിന്താശീലനാണെന്നു അന്നെനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്നാൽ വേദാന്തചിന്താപരനായിത്തീരുവാൻ കാരണം നാണുഗുരുവിന്റെ സഹവാസവും ശിഷ്യസ്ഥാനസ്വീകരണവും ആണെന്നു് ജീവചരിത്രത്തിൽ കാണുന്നു. അങ്ങനെയാണെങ്കിൽ അതിൽ നല്ല അവഗാഹം ഉണ്ടായതിനുശേഷമാണു മനുഷ്യജീവിതത്തിന്റെ ക്ഷണികതയും നിസ്സാര

നയും അത്യന്തം പ്രകാശിപ്പിച്ച് 'വീണപൂവ്' മുതലുള്ള കാവ്യതല്ലജങ്ങൾ രചിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. 'ന്യായദർശനം' പ്രത്യേകം പഠിച്ച ആശാൻ അതോടു ചേർന്നുപോകുന്ന 'വൈശേഷിക'വും, 'സാംഖ്യ'വും തന്റെ കൃതികളിൽ വർജ്ജിച്ചിട്ടുള്ളതിനും ഇതല്ലാതെ കാരണം കാണുന്നില്ല.

വേദാന്തതത്വവിചാരംകൊണ്ടു കർക്കശമായ ജീവിതവിമർശം സാധിക്കുന്ന കവിയുടെ വിഷാദാത്മകത്വം നൈസർഗ്ഗികമോ, പ്രത്യേക ഉദ്ദേശത്തോടുകൂടി സ്വീകരിച്ചതോ എന്നു നിഷ്കൃഷ്ടമായി നിരൂപണംചെയ്യുന്നതിനും ജീവചരിത്രവാസ്തവങ്ങൾ സൂക്ഷ്മതരമായി അറിയേണ്ടിയിരിക്കുന്നു. ആദ്യത്തെ ക്ലേശാനുഭവങ്ങൾ കഴിഞ്ഞു് വേണ്ട സുഖസൌകര്യങ്ങൾ ലഭിച്ചതിനുശേഷവും ആശാന്റെ ദുഃഖാപ്തിവിശ്വാസം വിരളമാകുന്നതെന്തു്, എന്നൊരു ചോദ്യം വീണപൂവ്, നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ എന്നീ കൃതികൾ മനസ്സിരുത്തി വായിക്കുന്നവർ ചോദിക്കാതിരിക്കയില്ല. തന്റെ മനസ്സിൽ ചിരപരിചയദൃഢീകൃതമായിത്തീർന്ന ശോകാത്മകത്വം ഈ കൃതികളിൽ താദാത്മ്യം പ്രാപിച്ച് വായനക്കാരെയും തദനുരൂപാവസ്ഥയിലാക്കിത്തീർക്കുന്നു. ഭയവും നൈരാശ്യവും ദുഃഖവും, അസംതൃപ്തിയും എന്നുവേണ്ട മനുഷ്യന്റെ സുഖസ്ഥിതിക്കെതിരായുള്ള മനോവിശേഷങ്ങൾ വർണ്ണിക്കുന്നതിലാണു കവിക്കഭിരുചി. വാല്മീകിയുടെ സീതയെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നോളം രാമായണപ്രതിപാദിതമാണെങ്കിലും നമ്മുടെ കവിക്കു് അത്യന്തപ്രധാനമായ വിഷയം

കിട്ടുകയാൽ ഒരു ഘട്ടത്തിൽ വിഷാദാത്മകത്വത്തിന്റെ പരമകോടിയെ പ്രാപിക്കുവാൻ കഴിഞ്ഞു. ആശാന്റെ 'സീത ഒന്നു വേറെതന്നെ' എന്ന സ്ഥിതിയിലായി. പ്രരോദനത്തിലും മിൽട്ടന്റെ 'ലിസിഡാസ്' എന്ന വിലാപകാവ്യത്തിലെപ്പോലെ ആശാന് അത്യന്തം ഉപയുക്തമായ വിഷയം ലഭിച്ചു.

"ജീവനിങ്ങു ബഹുക്രിയാകുലമാം
ഈ ദീർഘയാത്രാകഥ
യ്ക്കാവശ്യം മൃതിയാം വിരാമം."

എന്നു പറയുന്ന കവിയുടെ ചിത്തം സ്വാഭാവികമായി വിഷാദാത്മകമല്ലെങ്കിൽ ഈ പല്ലവിതന്നെ പലയിടത്തും ആവർത്തിക്കയില്ലായിരുന്നു എന്നാണെനിക്കു തോന്നുന്നത്. പുനർജ്ജന്മവിശ്വാസം ഒന്നുമാത്രമേ ഈ വിഷാദാത്മകത്വത്തിൽനിന്നും നമ്മെ രക്ഷിക്കുന്നുള്ളു. എന്നാൽ ആശാന്റെ ഈ പ്രകാരമുള്ള സമാധാനം ഉൽപ്പതിഷ്ണുക്കളായ നമ്മുടെ യുവജനങ്ങൾക്ക് ഒരിക്കലും സ്വീകാര്യമായിത്തീരുന്നതല്ല. അങ്ങനെ ഒരു ദോഷം ഈ അതിരു കവിഞ്ഞ ശോകാത്മകത്വംകൊണ്ട് ആശാന്റെ കവിതകൾക്ക് വന്നുകൂടീട്ടുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അതുകൊണ്ട് ഈ ഒരു കാര്യത്തിൽ പുരോഗമനസാഹിത്യകാരന്മാർ ഒററി ചൂണ്ടിപ്പിടിച്ചേക്കാൻ ഇടയുണ്ട്. ഈ ജന്മത്തിൽതന്നെ ദുഃഖാനുഭവത്തിന്റെ ഫലമായി സുഖം കിട്ടുമെന്നു പറഞ്ഞിരുന്നെങ്കിൽ വളരെ നന്നായിരുന്നു.

പൗരസ്ത്യരായ കവികൾ തങ്ങളുടെ ജീവിതസന്ദേശങ്ങളെ നല്കീട്ട് കാലയവനികക്കുള്ളിൽ മറഞ്ഞിട്ടുള്ളവരാണ്,

നമ്മുടെ ശിക്ഷണങ്ങൾക്കും ഉപദേശങ്ങൾക്കും അതീതരാകയാൽ അവരുടെ നിത്യശാന്തിയെ ബാധിക്കുന്ന നിരൂപണങ്ങൾകൊണ്ടു വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. അവരുടെ കർമ്മങ്ങൾക്കും അവയിലുള്ള വിജയപ്രാപ്തിക്കും അനശ്വരമായ യശസ്സു സമാർജ്ജിച്ചു കഴിഞ്ഞിരിക്കുന്നു. പല തലമുറകളിലായി അവർ അനേകങ്ങളാകുന്ന അഭിപ്രായഗതികളെ തരണംചെയ്തു സ്ഥിരപ്രതിഷ്ഠയ്ക്കിളക്കം കൂടാതെ സ്ഥിതിചെയ്യുന്നവരുമാണു്. കാലം വേണ്ടത്ര അവരെ പരീക്ഷിച്ചു കഴിഞ്ഞു. എന്നാൽ ജീവിച്ചിരിക്കുന്ന കവികളെ സംബന്ധിച്ചിടത്തോളം കർക്കശമായ നിരൂപണങ്ങളും ഉപദേശങ്ങളും ആവശ്യമാണു്. ജനമനോഗതിക്കനുകൂലമായ പരിതഃസ്ഥിതി സാഹിത്യത്തിലും വേണമെന്നു സിദ്ധാന്തിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. അവരെ പൂർവ്വകവികളെ നിർദ്ദേശിച്ചു് ആത്മസന്തൃപ്തിനേടുവാൻ തുടങ്ങുകയാണെങ്കിൽ അത്രക്കുമാത്രമെ അവരുടെ മാഹാത്മ്യത്തിനു വില കല്പിക്കേണ്ടതുള്ളു. ജനസാമാന്യാഭിപ്രായത്തെ ആദരിക്ക എന്നതു് ആധുനികകവികൾക്കു് ഒരു ഭൂഷണമായിരിക്കും. പ്രാചീനകവികളെ സംബന്ധിച്ചിടത്തോളം അതിനു കാലാതിപാതദോഷമുണ്ടെന്നു നിരൂപകന്മാരും ധരിച്ചാൽകൊള്ളാം.

# 11. ശാസ്ത്രവും സാഹിത്യവും

ലോകവിശ്രുതസാഹിത്യകാരനായ ഹക്സ്‌ലി (Huxley) ഒരിക്കൽ പറയുകയുണ്ടായി ശാസ്ത്രകാരന് സാഹിത്യപരിശീലനം അത്യന്താപേക്ഷിതമെന്ന്. പക്ഷെ ഒരു ഉർഘടമുള്ളതു് അതിലേയ്ക്കു സമയം കിട്ടുമോ എന്നാണത്രേ! എന്നാൽ സാമാന്യസാഹിത്യത്തിലെപ്പോലെ ശാസ്ത്രത്തിലും രസകരമായ പ്രതിപാദനം പാടില്ലെന്നില്ല. അങ്ങനെ ആയാൽ ആ വക ഗ്രന്ഥങ്ങളും സാഹിത്യത്തിലുൾപ്പെടുത്തുകതന്നെ വേണം. പക്ഷെ സാഹിത്യഗുണത്തോടുകൂടിയ ശാസ്ത്രഗ്രന്ഥങ്ങളെഴുതുവാൻ ഒരു ഹക്സ്‌ലി തന്നെ വേണമെന്ന് അദ്ദേഹത്തിന്റെ ഏതു കൃതിയും വായിച്ചുനോക്കിയാലറിയാം. എന്തായാലും ശാസ്ത്രകാരനു സാഹിത്യപഠനം ഇക്കാലത്തെപ്പോലെ ഒരിക്കലും ആവശ്യമായിത്തീർന്നിട്ടില്ലെന്നുള്ള സംഗതി മറച്ചുവയ്ക്കാവുന്നതല്ല.

ഹക്സ്‌ലിയുടെ സമകാലികനായിരുന്ന ടിൻഡാൽ എന്ന പ്രസിദ്ധ ശാസ്ത്രകാരൻ തനിക്കു യഥാർത്ഥജീവിതസുഖം അനുഭവിക്കാൻ കഴിഞ്ഞതു് ടെന്നിസൺ മഹാകവിയുടെ കാവ്യതല്ലജങ്ങൾ വായിച്ച അവസരങ്ങളിൽ മാത്രമാണെന്നു പറഞ്ഞിട്ടുണ്ടു്. പരിണാമവാദപ്രണേതാവായ ഡാർവിൻ ചെറുപ്പകാലത്തു ഷേക്സ്‌പീയർ, മിൽട്ടൻ എന്ന രണ്ടു മഹാകവികളുടെയും കൃതികൾ വായിച്ചു നേടിയ ആത്മസംസ്കാരം വിലമതിക്കാവുന്നതല്ലെന്നും പില്ക്കാലത്തു

മനസ്സ് ശാസ്ത്രജടിലമാകാതിരിക്കാൻ ഇതൊന്നോ കാരണമുള്ളൂ എന്നും പ്രസ്താവിച്ചിരിക്കുന്നു. ഭൂമിശാസ്ത്രകാരനും ജ്യോതിശ്ശാസ്ത്രപണ്ഡിതനും ആയിരുന്ന ടാളമി തത്വചിന്താപരങ്ങളായ കവിതകളെഴുതിട്ടുണ്ടെന്നറിയുമ്പോൾ നമുക്ക് അത്ഭുതം തോന്നുന്നതല്ലേ? ഉദാഹരണത്തിന് ഈ പദ്യം നോക്കുക.

"മർത്ത്യനായ് പിറന്നൊരാളെങ്കിലും ചിലനേരം
പൃഥ്വിയിലല്ലനില്പതെന്നു സങ്കല്പിക്കുന്നു;
രാത്രിയിലാകാശത്തു നോക്കുമ്പോളുയർന്നു തൊ-
ന്നെത്തുന്നിതല്ലോ സകലേശ്വരസാന്നിധ്യത്തിൽ."

മലമ്പനിവിദഗ്ദ്ധനായ സർ റോണൾഡ് റോസ് കവിതയെഴുതിയാണ് വിശ്രമസമയം കഴിച്ചത്. ഇതിൽനിന്നുമൊക്കെ നാം എന്താണു മനസ്സിലാക്കേണ്ടത്? ശാസ്ത്രകാരന്മാരും മനുഷ്യത്വമുള്ളവരാണെന്നല്ലേ?

പ്രകൃതിരഹസ്യങ്ങൾ കണ്ടുപിടിക്കുന്നതിനും അവയെ ബുദ്ധിപൂർവം വ്യാഖ്യാനിച്ചു മനുഷ്യരുടെ അറിവു വർദ്ധിപ്പിക്കുന്നതിനും ഭൗതികസുഖം വർദ്ധിപ്പിക്കുന്നതിനും സയൻസിനുള്ള സാമർത്ഥ്യം നിരാക്ഷേപമാണ്. എന്നാൽ ജീവിതരഹസ്യങ്ങളിൽ പ്രവേശിക്കുന്നതിനുള്ള അതിന്റെ കഴിവുകൾ ഇന്നും പരിമിതമത്രേ. മനുഷ്യന്റെ സാമുദായിക സ്ഥിതിയെയോ വ്യക്തിമാഹാത്മ്യത്തെയോ ആത്മീയോൽക്കർഷത്തെയോ സംബന്ധിച്ച് അതിന് ഒന്നും പറവാനില്ല. ഈ ആത്മശക്തികൾക്കു കീഴടങ്ങാത്ത യാതൊന്നും

പ്രകൃതിലോകത്തിലില്ലെന്നുള്ള തത്വം സയൻസ് വിസ്മരിച്ചുള്ളപോലെ തോന്നുന്നു.

ആധുനിക സയൻസ് ഏറിയകൂറും പാശ്ചാത്യരുടെ കണ്ടുപിടിത്തമെന്നാണെല്ലാം വച്ചിരിക്കുന്നതു്. ഈ വിശ്വാസം അബദ്ധമാണെന്നും പുരാതനകാലത്തിൽ തന്നെയാണ് അതു ഉടലെടുത്തതെന്നും തെളിയിക്കുവാൻ പ്രയാസമില്ലെന്നുള്ള കാര്യം ഇരിക്കട്ടെ. യൂറോപ്പിലെ സ്ഥിതിനോക്കുകയാണെങ്കിൽ ഗ്രീസിലെ അനിശ്ചിതങ്ങളായ പുരാണപ്രസ്താവങ്ങളിൽ അന്തർല്ലീനങ്ങളായിരുന്ന ശാസ്ത്രതത്വങ്ങൾ ഇറ്റലിയിൽ പ്രവേശിച്ചു് കാര്യകാരണന്യായത്തിനുകീഴടങ്ങി അഭിനവരൂപങ്ങളെ പ്രാപിക്കയാണു ചെയ്തതു്. കാപ്പർനിക്കസ്സിന്റെ (Coppernicus) ജ്യോതിശാസ്ത്രവും, വെസേലിയസ്സിന്റെ (Vesalius) പ്രത്യക്ഷശാരീരവും ക്രിസ്ത്വാബ്ദം പതിനേഴാം ശതകത്തോടുകൂടി പശ്ചിമയൂറോപ്പിൽ പ്രചരിച്ചതു മുതല്ക്കാണ് അവിടെ സയൻസ് വികസിക്കുവാൻ തുടങ്ങിയതു്. ഏകദേശം അക്കാലത്തുതന്നെ സാഹിത്യരസികനും പണ്ഡിതാഗ്രേസരനും ആയ ബേക്കൺ (Bacon) ഈ പുതിയ ശാസ്ത്രതത്വങ്ങൾ ഗ്രന്ഥങ്ങൾ വഴിയായി പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ ഉദ്ദേശ്യം സയൻസിനെ സാഹിത്യത്തോടടുപ്പിക്കണമെന്നായിരുന്നു.

ബേക്കന്റെ പ്രേരണ ഹേതുവായുണ്ടായ പല സാഹിത്യകൃതികളിലും, വിശിഷ്യ കാവ്യങ്ങളിലും തെളിഞ്ഞുകാണാവുന്നതാണു്. ശാസ്ത്രനിരീക്ഷണഫലങ്ങളായ പല ഉപ

മാനങ്ങളും അവർ പ്രയോഗിച്ചിട്ടുള്ളതു കണ്ടാലറിയാം. ഡെവ്നൻറ (Davenent) വാലർ (Waller) എന്ന രണ്ടു കവികളും ഇക്കൂട്ടത്തിലുൾപ്പെട്ടിരുന്നു. ഡാൺ (Donn) ഒരു തികഞ്ഞ ശാസ്ത്രകവിയായിരുന്നു എന്നുതന്നെ പറയാം. അദ്ദേഹത്തിന്റെ ഈ പദ്യം നോക്കുക.

"പുരാണമെല്ലാം പരമാർത്ഥമെന്നു
ധരിപ്പതേതും ശരിയല്ല നൂനം;
ധരാതലത്തിൻ ഗതിയെന്തു? സൂര്യൻ
ചരിപ്പതുണ്ടോ പുനരാരറിഞ്ഞു?"—സ. ത

മഹാകവി മിൽട്ടന്നു ഈ ശാസ്ത്രീയമനോഗതി ഉണ്ടായതൊരുപക്ഷേ ഇറ്റാലിപര്യടനത്തിൽ വിശ്രുതശാസ്ത്രജ്ഞനായ ഗലീലിയോവിനെ സന്ദർശിച്ചതു കൊണ്ടായിരിക്കാം. പാരഡൈസ്‌ലോസ്റ്റ് (ParadiseLost) എന്ന മഹാകാവ്യത്തിൽ അതിന്റെ പ്രത്യാഘാതങ്ങൾ പലയിടത്തും കാണാം. അന്നത്തെ പ്രക്ഷുബ്ധമായ അന്തരീക്ഷനിമിത്തം വേണ്ടിടത്തോളം സ്വാതന്ത്ര്യം നൽകിയില്ലെന്നേയുള്ളു.

മിൽട്ടന്റെ പിൻഗാമികളായ കൌലി (Cowly) ഡ്രൈഡൻ (Dryden) മുതലായ പലരും 'വേഷമെന അലങ്കരിച്ചു' സാഹിത്യാശ്ലേഷമായി സയിൻസിന്റെ അഭ്യുദയം കൈവരുത്തീട്ടുണ്ടു്. അക്കാലത്തു് ഇംഗ്ലണ്ടിൽ സ്ഥാപിതമായ 'രാജകീയ വിദ്വത്സദസ്സ്' സയൻസിനെ പ്രോത്സാഹിപ്പിക്കുക എന്ന ഏക ഉദ്ദേശ്യത്തോടുകൂടിയ

ത്തായിരുന്നുവല്ലോ. സമകാലികരായ മിക്ക സാഹിത്യകാരന്മാരും ഒട്ടധികം കവികളും വിമർശകന്മാരും അതിലെ അംഗങ്ങളായിരുന്നു. കൌലിക്ക് പുതിയ ശാസ്ത്രനിരീക്ഷങ്ങളിൽ അത്ര പ്രതിപത്തിയില്ലായിരുന്നു എന്നു തോന്നത്തക്കവിധത്തിൽ ഒരു പദ്യം കാണുന്നുണ്ട്.

"ശാസ്ത്രങ്ങൾ ഘോഷിപ്പതൊക്കെയുമപ്പര-
മാർത്ഥസത്വസ്വരൂപൻ സകലേശ്വരൻ
വ്യത്യസ്തമായി നിനയ്ക്കുമോ എന്നു ഞാൻ
ഗ്രസ്തസന്ദേഹനായ്ത്തീരുന്നു സന്തതം." സ്വ. ത.

ക്രിസ്ത്വാബ്ദം പതിനേഴാം നൂററാണ്ടിലെ ഇംഗ്ലീഷു സാഹിത്യം സയൻസിൻെറ കരാവലംബത്തോടുകൂടി വളർന്നതായിക്കാണാം. അന്നത്തെ ശാസ്ത്രനിരീക്ഷണങ്ങൾ മനുഷ്യരുടെ സാമുദായിക ജീവിതത്തിനുപോലും വലിയ മാററങ്ങൾ വരുത്തി. പഴമയിൽ അടിയുറച്ചിരുന്ന പല വിശ്വാസങ്ങൾക്കും ഇളക്കം തട്ടി. ഇതെല്ലാം സാഹിത്യത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. ശാസ്ത്രീയമായ ശിക്ഷണത്തിൻെറയും നിഷ്കർഷകളുടെയും ഫലമായി കാവ്യങ്ങളിലെ കൃത്രിമാഡംബരങ്ങളും, ശബ്ദാലങ്കാരശബളതയും ഗൂഢാർത്ഥ നിബന്ധനയും കവികൾ കൈവെടിഞ്ഞു. ഗദ്യമാകട്ടെ പരിശുദ്ധാശയങ്ങളുടെ ദർപ്പണമായി പ്രശോഭിച്ചു. അപ്പോൾ അതു് സയൻസിൻെറ പ്രതിപാദനത്തിന് ഉത്തമോപകരണവും ആയിത്തീർന്നു. എന്നാൽ സയൻസിൻെറ ബാലാരിഷ്ടാ എന്നപോലെ ചില യുവശാസ്ത്ര

കാര സാഹസികന്മാർ നടത്തിയ ബാലിശ പരീക്ഷണങ്ങളുടെ പരാജയം കവികളുടെ അവഹേളനത്തിനു പാത്രമായിത്തീർന്നിരുന്നു എന്ന് സാമുവൽ ബട്ട്ളർ (Butler) സ്വിഫ്റ്റ് (Swift) മുതലായവരുടെ പരിഹാസ കവനങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഫലിത രസികനായ അഡിസൺ (Addison) സയൻസിനോടു വളരെ ആഭിമുഖ്യമുള്ളവനായിരുന്നു എങ്കിലും പുതിയ കണ്ടുപിടിത്തങ്ങളുടെ പിൻപിൽ ഒട്ടുംതന്നെ മനോധർമ്മമില്ലാതെ ഉപായത്തിൽ ഖേദിക്കുന്നു.

അധികം താമസിയാതെ ആംഗലസാഹിത്യം പഴയ കുഴിയിൽത്തന്നെ വീഴാൻ തുടങ്ങി. എങ്കിലും ഒരു കലങ്ങിത്തെളിഞ്ഞ നവീന ശോഭയോടുകൂടി കാവ്യകലാകോവിദനായ വേഡ്സ്‌വർത്തിന്റെ (Wordsworth) സമീപം പ്രാപിച്ചപ്പോഴും ശാസ്ത്രങ്ങളിലധികാരംഭം അതിൽ കൗതുകം തോന്നാതിരുന്നില്ല. പ്രകൃതിശാസ്ത്രത്തിലെ പല രഹസ്യങ്ങളും അദ്ദേഹത്തിന്റെ ലോകോത്തരമായ ഭാവനാവിലാസത്തിൽ തെളിഞ്ഞു കാണാം. എന്നാൽ സാഹിത്യകല ആത്മീയമാകയാൽ മനുഷ്യന്റെ ആന്തര പ്രകൃതിയെയാണ് അതു മുഖ്യമായി സ്പർശിക്കേണ്ടതെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു എന്നു മാത്രമല്ല, സയൻസിന്റെ പ്രപഞ്ചാപഗ്രഥനങ്ങളൊന്നും ചെറുപ്പത്തിൽ സമ്പാദിച്ചിരുന്നില്ല കുറേക്കാലത്തേക്കു നിശ്ശേഷം ഉപേക്ഷിക്കയും, "ഏകമേവാദ്വിതീയം ബ്രഹ്മ" എന്ന മട്ടിൽ ശാന്തിയെ ഭജിക്കയും ചെയ്തു. ഈ കാലഘട്ടത്തിൽ എഴുതിയ കാവ്യങ്ങളിലെല്ലാം ഈ മനോഗതി സവിശേഷം

പ്രകാശിച്ചു കാണുന്നുണ്ട്. പക്ഷെ ഇതു് താല്ക്കാലികമായ ഒരു ഭാവഭേദം മാത്രമായിരുന്നു. എന്തെന്നാൽ വീണ്ടും സൂക്ഷ്മമായ ശാസ്ത്രനിരീക്ഷണങ്ങളിൽക്കൂടി സമ്പാദിക്കുന്ന വിജ്ഞാനംകൊണ്ടല്ലാതെ നമുക്ക് പ്രകൃതിയുടെ സർവാംഗീണമായ സൗന്ദര്യവും ആത്യന്തികമായ സത്യവും മനസ്സിലാക്കുവാൻ സാധിക്കയില്ലെന്നു് അദ്ദേഹത്തിന്റെ ഒടുവിലത്തെ കൃതികൾ വിളിച്ചു പറയുന്നുണ്ട്.

വേഡ്സ്‌വർത്തിന്റെ അടുത്ത പിൻഗാമിയായ മഹാകവി ടെനിസൺ യാതൊരു സംശയവുംകൂടാതെയാണു് ശാസ്ത്രനിരീക്ഷണഫലങ്ങളായ നൂതനാശയങ്ങളെ കാവ്യത്തിൽചേർത്തു പ്രതിപാദിച്ചതു്. അന്ധവിശ്വാസമൂലങ്ങളായ മതാചാരങ്ങളും മാമൂലുകളും പാടെ വിപാടനം ചെയ്തു് അവയുടെ സ്ഥാനത്തു് മനുഷ്യവംശത്തെ പുരോഗമനോന്മുഖമാക്കുന്ന ഒരു സാഹിത്യപ്രസ്ഥാനം സ്ഥാപിക്കുവാൻ അദ്ദേഹം യത്നിച്ചു. ഇങ്ങനെ അദ്ദേഹം റസ്സ്ലിക്കുപോലും പ്രിയതരനായി ഭവിക്കുന്നു എന്നു പറയാം. സയൻസിനെ സാഹിത്യംകൊണ്ടു പരിപാകപ്പെടുത്തി അതിന്റെ ഏകപക്ഷാവലംബിത്വം എന്ന ദോഷം പരിഹരിക്കണമെന്നു്

"ശാസ്ത്രതത്ത്വങ്ങൾക്കൊക്കെ മാററം വന്നീടാം ചില-
തസ്തമിക്കയുമാവാം കാലത്തിൻ പ്രവൃത്തിയാൽ
ശാശ്വതമായ ശക്തിയൊന്നത്രേ ശേഷിപ്പതു-
മീശ്വരനെന്നു ചിത്തേ ബോധിക്ക സകലരും."

സാ. ത.

ഇങ്ങനെ പല ദിക്കുകളിലും വ്യക്തമാക്കിട്ടുണ്ട്.

നൈതികവാദിയായ മെരിഡിത് (Meredith) ജീവൽപ്രശ്നങ്ങൾക്കുള്ള ഒരു പോംവഴിയായിട്ടാണു് സയൻസിനെ അംഗീകരിച്ചിരിക്കുന്നതു്. താമസ് ഹാർഡിയാകട്ടെ (Thomas Hardy) ഈ അഭിപ്രായത്തെത്തന്നെ ബലിഷ്ഠീകരിക്കുന്നു എങ്കിലും സയൻസ്സുമൂലമായി മനുഷ്യന്റെ ആത്മീയഗുണങ്ങൾക്കു വിഘാതം സംഭവിക്കാതെ അതിനെ സാഹിത്യംകൊണ്ടു പരിപാകപ്പെടുത്തണമെന്നു ആഗ്രഹിക്കുന്ന ആളാണു്. റാബെർട്ട് ബ്രിഡ്ജസ് (Robert Bridges) ഒരു ശാന്തമനോഭാവത്തോടുകൂടി സയൻസ് സാഹിത്യത്തിനു യാതൊരു വിധത്തിലും വിരോധിയല്ലെന്നു സ്വന്തം കാവ്യങ്ങളിൽ സ്ഥാപിക്കുന്നു.

ഇംഗ്ലീഷു സാഹിത്യത്തിലെപ്പോലെ തന്നെ ഇതര പാശ്ചാത്യസാഹിത്യങ്ങളിലും ഇത്തരം അനവധി ഉദാഹരണങ്ങൾ കണ്ടെത്താവുന്നതാണു്. പക്ഷെ ഇപ്പോഴത്തെ കഥ നോക്കിയാൽ പല രാജ്യങ്ങളിലും ഉള്ള ബുദ്ധിമാന്മാരും പ്രതിഭാശാലികളും സയൻസിന്റെ പ്രേരണയ്ക്കു വശംവദരായി അതിന്റെ പ്രത്യാഘാതങ്ങളെ പരിഹരിക്കുവാൻ പ്രാപ്തമായ സാഹിത്യത്തെ അവലംബിക്കുന്നു.

നമ്മുടെ ഭാരതഭൂമിയിൽ സാഹിത്യം പണ്ടേതന്നെ സയൻസിനോടു വൈമുഖ്യം ഭാവിച്ചുള്ള മറ്റു വസ്തുവാവുന്നതല്ല. ഇവിടെ സയൻസ്സുകൊണ്ടു് അർത്ഥമാക്കുന്നതു് രസതന്ത്രം, പ്രകൃതി വിജ്ഞാനീയം, ബീജഗണിതം മുതലായ ആധുനികശാസ്ത്രങ്ങളാണു്. ഇവയിലെല്ലാം അനവധി ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, സാഹിത്യത്തിലും

പ്പെട്ടതാറില്ല. എന്നാൽ ജ്യൌതിഷം, പ്രകൃതിശാസ്ത്രം ആയുർവേദം മനഃശാസ്ത്രം മുതലായ പല വിഷയങ്ങളെപ്പറ്റിയും സരസമായി പ്രതിപാദിക്കുന്ന കാവ്യങ്ങൾ മുഖേന നമുക്കു വേണ്ട വിജ്ഞാനവും വിനോദവും ലഭിക്കുവാൻ കഴിയും. കാളിദാസ മഹാകവിയുടെ കൃതികളിൽ വ്യംഗ്യഭംഗിയിൽ പ്രതിപാദിച്ചിരിക്കുന്ന പല പ്രകൃതിശാസ്ത്രതത്വങ്ങളും നമ്മെ അത്ഭുതപരതന്ത്രരാക്കുന്നു.

"പ്രാഗന്തരിക്ഷ ഗമനാൽ സ്വമപത്യജാത
മന്യൈർദ്വിജൈഃ പരഭൃതാഃ ഖലു പോഷയന്തി."

ഈ ജന്തുശാസ്ത്രരഹസ്യം എത്ര ശതാബ്ദങ്ങൾക്കുശേഷമാണു് പാശ്ചാത്യർ അറിഞ്ഞതു്?

"ശൈലാനാമവരോഹതീവ ശിഖരാ
ദുന്മജ്ജതാം മേദിനീ"

ഈ പദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതത്വം ആകാശവിമാനത്തിൽ കയറീട്ടുള്ള ആധുനികർ സവിസ്മയം ശ്ലാഘിക്കയില്ലയോ?

"താല്പര്യതഃസ സ്മരതി നൂനമബോധപൂർവം
ഭാവസ്ഥിരാണി ജനനാന്തര സൌഹൃദാനി."

ഫ്രായിഡിന്റെ ഉപബോധപ്രമാണത്തെ എത്രയോ കാലം മുമ്പേകൂട്ടി പ്രതീക്ഷിക്കുന്ന ഒരു ആശയമാണു് ഈ പദ്യത്തിലടങ്ങിയിരിക്കുന്നതു്?

"ധൂമ: ജ്യോതിസ്സലിലമരുതാം സന്നിപാത."

എന്ന മേഘത്തെ നിർവചിക്കുന്ന കവി സന്ദേശത്തിൽ മേഘമാർഗ്ഗത്തെ വർണ്ണിച്ചിരിക്കുന്നതു് എത്ര ശാസ്ത്രീയമായ നിരീക്ഷത്തോടുകൂടിയാണു്!

മേഘസന്ദേശവും, ഋതുസംഹാരവും, ജ്യോതിർവിലാഭരണവും തത്തൽപ്രതിപാദകങ്ങളായ ആധുനികശാസ്ത്രവിഭാഗങ്ങളെ ഉത്തേജിപ്പിക്കുന്നവയാണല്ലോ. എന്നാൽ "അഹിംസാപരമോ ധൎമ്മ:" എന്നും "വൈരാഗ്യമേവാഭയം" എന്നും മററുമുള്ള മുദ്രാവാക്യങ്ങളാൽ ഭാരതീയാന്തരീക്ഷം സൎവ്വത്ര മുഖരിതമായിരുന്നതിനാൽ 'വൈശേഷികം' പോലെയുള്ള ഒരു ശാസ്ത്രഗ്രന്ഥത്തിലെ പരമാണുസിദ്ധാന്തമോ, (Atomic Theory) പാകവിശേഷമൊ (Chemical-Action) സാഹിത്യകലയിൽ കടന്നുകൂടുവാൻ വിഷമമായിരുന്നു. ഒരു ധൎമ്മയുദ്ധത്തിൽ (കുരുക്ഷേത്രത്തിലെ) ജനസംഖ്യയുടെ മൂന്നിലൊരു ഭാഗം നഷ്ടപ്പെട്ട സ്ഥിതിക്ക് സയൻസിൻെറ നാശോന്മുഖമായ ശക്തിവിശേഷംകൂടി ചേൎന്നിരുന്നു എങ്കിൽ വരാവുന്ന ഫലം എന്തായിരിക്കുമെന്ന് നമുക്ക് ചിന്തിക്കുവാനേ സാധിക്കയുള്ളു.

എന്തായാലും ഭാരതീയസാഹിത്യം ജീവൽപ്രശ്നങ്ങളെ അഭിമുഖീകരിച്ച് ജനങ്ങളെ പുരോഗമിപ്പിക്കുന്നതിൽ അസമൎത്ഥമാണെന്നുള്ള വാദം സമ്മതിക്കുവാൻ നിവൃത്തിയില്ലെങ്കിലും അന്നന്നുണ്ടാവുന്ന നൂതനവിചാരങ്ങളുംകൂടി നല്ല സാഹിത്യഗ്രന്ഥങ്ങളിൽ ഉൾക്കൊള്ളിച്ച് ആ വിധത്തിൽ സാമാന്യജനങ്ങളെ ആകൎഷിക്കത്തക്ക ഒരു സാഹിത്യകലാസൌധം നിൎമ്മിക്കുവാൻ ഇദാനീന്തനകവികളും ശ്രമിക്കുന്നതു നന്നായിരിക്കുമെന്നുമാത്രമേ തല്ക്കാലം പറയേണ്ടതായിട്ടുള്ളു.

## 12. "എന്ത്", എങ്ങനെ വായിക്കണം?"

ഏതു ഗ്രന്ഥമാണ് വായിക്കേണ്ടതെന്നു പലരും ചോദിക്കാറുണ്ടെങ്കിലും, അതെങ്ങനെയാണു വായിക്കേണ്ടതെന്നു ചോദിക്കുന്നവർ ചുരുക്കമാണ്. ഒരു പാഠഭാഗത്തിന്റെ ഉള്ളടക്കം എളുപ്പത്തിൽ ഗ്രഹിക്കണമെന്നല്ലാതെ മറ്റൊരു ജിജ്ഞാസയിൽ കവിഞ്ഞ് ഉദ്ദേശ്യമേ ഇല്ലെന്നു തോന്നാം. വിദ്യാർത്ഥികളാണെങ്കിൽ പരീക്ഷയ്ക്കു വരുന്ന ഭാഗങ്ങൾമാത്രമേ ശ്രദ്ധിക്കേണ്ടു. ഇങ്ങനെ സാമാന്യവ്യവഹാരം, പരീക്ഷ എന്നീ രണ്ടുദ്ദേശ്യങ്ങൾക്കുള്ളിൽ ഇവരുടെ ഗ്രന്ഥപാരായണൌത്സുക്യം കുടുക്കപ്പെട്ടതാവുന്നതാണ്. ഇനിയും ചിലരുണ്ട്, പെട്ടെന്നു പ്രചാരത്തിൽ വരുന്ന ഒരു ഗ്രന്ഥം വായിച്ചില്ലെങ്കിൽ അന്തസ്സിനു പോരെന്നു വിചാരിക്കുന്നവർ. വായിച്ചില്ലെങ്കിലും വിലകൊടുത്തോ മറ്റോ വാങ്ങി മേശപ്പുറത്തു വയ്ക്കണം എന്നു നിർബന്ധമുണ്ട്.

ഏതെങ്കിലും ഒരു ഗ്രന്ഥം കയ്യിൽ കിട്ടിയാൽ അതു ദ്രുതഗതിയിൽ ആദ്യന്തം ഓടിച്ചുനോക്കിട്ട് ഒരു മഹാകാര്യം സാധിച്ച കൃതാർത്ഥതയോടുകൂടിയിരിക്കുന്നവരുമുണ്ട്. വിനോദാർത്ഥം തീവണ്ടിയിൽ യാത്രചെയ്യുന്ന ചില സുഖലോലുപന്മാർ പ്രകൃതിമനോഹരങ്ങളായ ദൃശ്യാവലികളും

ചരിത്രപ്രസിദ്ധങ്ങളായ നഗരങ്ങളും മററും കടന്നുപോക ഘോരം ഗാഢനിദ്രയെ പ്രാപിച്ചിട്ട് ഒടുവിൽ യാത്ര വിജയ പൂർവമായിക്കലാശിച്ചു എന്നഭിമാനിക്കുന്നവരെപ്പോലെ യാണ് ഇത്തരം വായനക്കാർ. അവർ സഞ്ചരിച്ചു സ്ഥലങ്ങളിലെ വിശേഷങ്ങൾ വല്ലതും ചോദിച്ചാൽ കണ്ണു മിഴിക്കും. വായനക്കാരനും ഗ്രന്ഥത്തിലെ വിഷയാംശ ങ്ങളെ സംബന്ധിച്ചിടത്തോളം മേല്പടിതന്നെ.

ദ്രുതഗതിയിലുള്ള പാരായണം ചിലക്ക് ചില കാലത്ത് അനിവാര്യമായിരിക്കും. കുട്ടിക്കാലത്തു നമ്മിൽ പലക്കും അതു അനായാസസിദ്ധമായിട്ടുണ്ടാവും. ഞാൻ നിലത്തെഴുത്തു അഭ്യസിച്ചു കഴിഞ്ഞപ്പോൾ കുട്ടിവായനയ്ക്കു കിട്ടിയതു അദ്ധ്യാത്മരാമായണം കിളിപ്പാട്ടായിരുന്നു. അന്ന് അച്ച ടിച്ച പുസ്തകം ദുർല്ലഭമായിരുന്നു. ആകയാൽ താളിയോല ഗ്രന്ഥത്തെത്തന്നെ ശരണംപ്രാപിക്കേണ്ടിവന്നു. ഞാൻ ഏകദേശമൊ ഒന്നു രണ്ടു മാസംകൊണ്ട് അതു വായിച്ചു തീർത്തു. ആശാന് അതു കാണാപ്പാഠമായിരുന്നതിനാൽ ചൊല്ലിത്തന്നതു കേട്ട് ഓരോ വരിയും വായിച്ചുകൊണ്ടു പോകയായിരുന്നു പതിവ്. ഇങ്ങനെ മുറയ്ക്ക് അമര കോശം, നീതിസാരം, നിദാനം, ഗുണപാഠം, കാലദീപം മുതലായ ഗ്രന്ഥങ്ങളും വായിച്ചു. അത്ഥം മനസ്സിലാക്കാ തെയുള്ള ഈ വായന പില്ക്കാലത്തു പ്രസ്തുത ഗ്രന്ഥങ്ങൾ നല്ലപോലെ പരിചയിച്ചതിനുശേഷവും "ശീലിച്ചതേ പാലിക്കൂ" എന്ന മട്ടിൽ പല പ്രമാദങ്ങളും വരുത്താൻ ഇടയാക്കിയിട്ടുണ്ട്. ഇങ്ങനെ ഒട്ടുവളരെ സമയം വൃഥാ

കളത്തെതിനിപ്പുറം പശ്ചാത്താപിക്കയെല്ലാതെ ഗത്യന്തരമില്ലല്ലൊ.

പത്തുപതിനഞ്ചുകൊല്ലം സംസ്കൃതം പഠിച്ചു പാണ്ഡിത്യാടോപങ്ങളോടുകൂടി നടക്കുന്ന ചിലരോടു ചോദിച്ചാൽ ഒട്ടുവളരെ ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെന്നു പറയുക സാധാരണമാണ്. നാലുവേദവും ആറുശാസ്ത്രവും കരസ്ഥമെന്നുപോലും തട്ടി മൂളിക്കുവാൻ അവർ മടിക്കുന്നില്ല. കരസ്ഥമൊ ഹൃദിസ്ഥമൊ എന്നു പരീക്ഷിച്ചുനോക്കുമ്പോഴാം അറിയാം. അഥവാ ഹൃദിസ്ഥമാണെങ്കിൽതന്നെയും കാൎയ്യകാരണസഹിതം ഒരു വിഷയത്തെപ്പറ്റി പറഞ്ഞു ഫലിപ്പിക്കാൻ അവരെക്കൊണ്ടു സാധിക്കയില്ല. ഒരിക്കൽ വേദവ്യാസമഹൎഷി ഒരു കനത്ത ഗ്രന്ഥവുമായി ശിവനെ കാണ്മാൻ ചെന്നുവത്രെ! അപ്പോൾ അകത്തുനിന്നു കൊണ്ടു നാരദൻ ആഗതനെ ഉദ്ദേശിച്ചു "കഴുത ചുമടു ചുമന്നുകൊണ്ടു വരുംപോലെ" എന്ന് അറിയാതെ പറഞ്ഞു പോയി. ഗ്രന്ഥങ്ങളെല്ലാം നദിയിലെറിയുകയാണ് വ്യാസൻ ചെയ്തതു. ഈ ഗ്രന്ഥങ്ങൾ നല്ലപോലെ വായിച്ചിരുന്നു എങ്കിൽ അദ്ദേഹം 'ദ്വാരകോപദേശി'യാകയില്ലായിരുന്നുവല്ലൊ. ഇങ്ങനെ ഉള്ളവരെപ്പറ്റി ഇത്രമാത്രമെ പറവാനുള്ളു.

"ബഹ്വാശാസ്ത്ര കഥാ കന്ഥാ
രോമന്ഥേന വൃഥൈവ കിം ?"

അനവധി ശാസ്ത്രങ്ങളും കഥകളും ആകുന്ന ജീൎണ്ണവസ്ത്രങ്ങൾ ചവച്ചിറക്കീട്ടു കാൎയ്യമെന്തു ?

കഴമ്പില്ലാത്ത ഗ്രന്ഥങ്ങൾ ആണെങ്കിൽ ദ്രുതഗതിയിൽ വായിച്ചു തള്ളുന്നതുകൊണ്ടു വിരോധമില്ല. ഈ പരമാൎത്ഥം മനസ്സിലാക്കീട്ടായിരിക്കാം, നമ്മുടെ പബ്ലിക് ലൈബ്രറിയിലെ ഗ്രന്ഥനിക്ഷേപമുറിയിൽചെന്നു കയറുമ്പോൾതന്നെ അനേകായിരം കഥാപുസ്തകങ്ങൾ ആഢ്യരായി നമ്മെ അഭിമുഖീകരിക്കത്തക്ക വിധത്തിൽ സമുച്ചയിച്ചുവയ്ക്കുവാൻ ഭാരവാഹികൾ തീർച്ചപ്പെടുത്തിയതു്. യുവരസികന്മാരായ വായനക്കാരുടെ ദൃഷ്ടി അവിടം വിട്ടു അധികം ദൂരെ സഞ്ചരിക്കാറില്ല. പ്രേമഹോമം, അരമനരഹസ്യം, തീവണ്ടിയിലെ മോഷണം, ഇരട്ടക്കൊല ഇങ്ങനെ പറഞ്ഞാലൊടുങ്ങാത്ത തലക്കെട്ടുകളോടുകൂടി നിരന്നിരിക്കുന്ന കഥാപുസ്തകങ്ങളെടുത്തു വായിച്ചു് കഥയില്ലായ്മയെ വർദ്ധിപ്പിക്കുവാൻ അവർ അവിടെത്തന്നെ ചുറ്റിത്തിരിയുന്നതു കാണാം. അവയിൽ അധികമെണ്ണവും 'എല്ലും തോലും' മാത്രമായി അവശേഷിച്ചിട്ടുള്ളവയാണു്. മിക്കതിലും വായിച്ചു ആളുകളുടെ നാനാവിധത്തിലുള്ള നിരൂപണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതായിക്കാണാം. അവ അങ്ങനെ അലങ്കോലപ്പെട്ടുപോയതിൽ അത്ര ഖേദിക്കാനില്ല.

സാരഗ്രാഹികളായ ഗ്രന്ഥങ്ങൾ ഈ ക്ഷിപ്രപ്രസാദികളെ ഭയന്നു് അവിടവിടെ ഒളിച്ചിരിപ്പുണ്ടാവും. ഷേക്സ്പീയർ, മിൽട്ടൻ, കാളിദാസൻ, എഴുത്തച്ഛൻ മുതലായ മഹാകവികളുടെ കൃതികൾക്കു് പറയത്തക്ക ഹാനി ഒന്നാം തട്ടീട്ടില്ല. അതുപോലെ സ്കാട്ട്, ഡിക്കൻസ്, ഹാർഡി,

സി. വി. മുതലായ ആഖ്യായികാകാരന്മാരുടെ കൃതികളും സുരക്ഷിതങ്ങളാണ്. ഇവയെ കണ്ടുപിടിക്കുന്നതിന് രാവണന്റെ കോട്ടപോലെ മാർഗ്ഗഭ്രംശം നേരിട്ടേക്കാവുന്ന ഇടനാഴികളിൽക്കൂടി സഞ്ചരിക്കേണ്ടിയിരിക്കുന്നു. ചുരുക്കം പേർ എത്ര ബുദ്ധിമുട്ടു കഴിച്ചിട്ടെങ്കിലും അവ കണ്ടുപിടിക്കാതെയിരിക്കുന്നതല്ലെന്നും പറഞ്ഞേ തീരൂ.

മററു വായനശാലകൾ ഈ സമ്പ്രദായം അനുകരിക്കണമെന്നല്ല ഞാൻ പറയുന്നതു്. പുസ്തകങ്ങൾ കേടു വരാതെ സൂക്ഷിക്കേണ്ടതു ഭാരവാഹികളുടെ ചുമതലയാണെങ്കിലും ഗ്രന്ഥവിവേചനത്തിൽ വായനക്കാരെ സഹായിക്കുക എന്നതും അതിപ്രധാനമായ ഒരു ചുമതലയായി വിചാരിക്കേണ്ടതാണ്. പത്തുനാല്പതുകൊല്ലം മുമ്പു് പബ്ലിക് ലൈബ്രറിയിൽ ഒരു ലൈബ്രേറിയൻ ഉണ്ടായിരുന്നു. പുസ്തകപ്രേമിയായിരുന്ന ആ ആംഗ്ലോ ഇൻഡ്യൻ ധാര വാർദ്ധക്യം അതിക്രമിക്കുന്നതുവരെ ആ സ്ഥാപനത്തിൽ സേവനം അനുഷ്ഠിച്ചു് വായനക്കാരെ, പ്രത്യേകിച്ചും വിദ്യാർത്ഥികളെ സഹായിച്ചുവന്നതായി ഇതെഴുതുന്ന ആൾക്കു് അറിയാം. നാം വായിക്കാൻ തെരഞ്ഞെടുക്കുന്ന ഗ്രന്ഥം അദ്ദേഹം ഒന്നു മറിച്ചുനോക്കാതെയെങ്കിലും തന്നയയ്ക്കുന്നതല്ല. വിദ്യാർത്ഥികളാണെങ്കിൽ ഗ്രന്ഥത്തിന്റെ ഒരു ചുരുങ്ങിയ നിരൂപണം നൽകി ത്യാജ്യഗ്രാഹ്യത മനസ്സിലാക്കും. ഒരു ഗ്രന്ഥശാലയിൽ ഇങ്ങനെ ഒരാൾ ഉണ്ടായിരിക്കേണ്ടതു് എത്ര ഉപകാരപ്രദമാണ്! നമ്മുടെ നാട്ടിലെ മിക്ക ഗ്രന്ഥശാലകളിലും ഇതു സാധിക്കുന്ന കാര്യ

മല്ല. ചിലതു് ഉത്ഭവസ്ഥാനം ലൈബ്രേറിയനും ഒരാൾ തന്നെ ആയിരിക്കും. നിർഭാഗ്യവശാൽ അവർക്കു് അത്ര വളരെ സംസ്കാരവും സിദ്ധിച്ചിരിക്കയില്ല. ആകയാൽ അവൈതനികമായിട്ടെങ്കിലും ഈ ചുമതലയേറിയ കൃത്യം നിർവഹിക്കാൻ സംസ്കാരസമ്പന്നന്മാരായവർ സ്വമേധയാ സന്നദ്ധരായാൽ കൊള്ളാം.

ഇതൊന്നും അത്ര സുസാദ്ധ്യമല്ലാതിരിക്കെ, വായനയെ സംബന്ധിച്ചിടത്തോളം, നല്ല നിരൂപണം മാത്രമേ നമുക്കു ശരണീകരണീയമായിരിക്കുന്നുള്ളു. ഗ്രന്ഥങ്ങളുടെ സംഖ്യ അത്ര വളരെ വർദ്ധിച്ചിരിക്കയും, വായനയ്ക്കുള്ള സമയവും സൌകര്യവും കുറഞ്ഞിരിക്കയും ചെയ്തിരിക്കുന്ന ഈ കാലത്തു നിഷ്പക്ഷപാതമായ ഗ്രന്ഥനിരൂപണം സ്വാഗതാർഹമാണെന്നു പറയേണ്ടതില്ലല്ലോ. നിരൂപകനിൽനിന്നു നാം മുഖ്യമായി ആശിക്കുന്നതു് പ്രതിപാദ്യവിഷയത്തിന്റെ സമഗ്രമായ സംക്ഷേപണവും വിവേകപൂർവമായ വിമർശനവും ആണു്. അതതു വിഷയങ്ങളിൽ പ്രാവീണ്യം സമ്പാദിച്ചവരാണെങ്കിൽ ഈ കൃത്യം ഭംഗിയായി നിർവ്വഹിക്കും. എന്നാൽ ഇങ്ങനെയല്ല സാധാരണയായി നമ്മുടെ മാസികകളിലും വർത്തമാനപത്രങ്ങളിലും ഗ്രന്ഥങ്ങൾ വിമർശിച്ചു കാണുന്നതു്. അവയിൽ ദോഷാംശങ്ങൾ മുഴച്ചുനില്ക്കുന്നു. നിരൂപകന്റെ അഭിപ്രായഗതികളും പക്ഷപാതങ്ങളും നീക്കിനിർത്തീട്ടു് ലോകപരിചയവും പാണ്ഡിത്യവും സർവജനീനങ്ങളായ ആദർശങ്ങളും അനുസരിച്ചു് വിമർശനം നിർവഹിക്കാൻ യത്നിക്കാത്തതു് വളരെ

പരിതാപകരമായിരിക്കുന്നു. അങ്ങനെയുള്ള നിരൂപണംകൊണ്ടു് ഇന്ന ഗ്രന്ഥം, എങ്ങനെ എന്തിനായിട്ടു വായിക്കണം എന്നുൾബോധിപ്പിക്കയാണു് ചെയ്യേണ്ടതു്. നിരൂപണത്തിനു വിഷയമായ ഗ്രന്ഥം നല്ലതാണെങ്കിൽ വായനക്കാരെ അതിലേയ്ക്കാകർഷിക്കണം. അതു വായനശാലയിലില്ലെങ്കിൽ വരുത്തിവയ്ക്കാൻ ആവശ്യപ്പെടണം.

ഒരു ഗ്രന്ഥം ഗുണസമ്പൂർണ്ണമായിരുന്നാലും അതിൽ ദോഷമുണ്ടെന്നു പറയുവാൻ എളുപ്പം സാധിക്കും.

"യഥാ സ്ത്രീണാം തഥാ വാചാം
സാധുത്വേ ദുർജ്ജനോ ജനഃ"

എന്നു ഭവഭൂതി പറഞ്ഞതു് എത്രയും ശരിയായിരിക്കുന്നു.

ഗ്രന്ഥകാരന്റെ ഉദ്ദേശ്യമെന്തെന്നും, അതു് എത്രമാത്രം സഫലമായിട്ടുണ്ടെന്നും മറ്റും പ്രകാശിപ്പിക്കുന്നതിലാണു് നിരൂപണം ഒരു ബുദ്ധിമുട്ടുള്ള ജോലിയായിത്തീരുന്നതു്. എങ്കിലും അതു നിർവ്വഹിച്ചേ തീരൂ. അതേ സമയത്തുതന്നെ വായനക്കാരന്റെ വീക്ഷണകോടിയിൽക്കൂടിയും ഗ്രന്ഥത്തെ പരാമർശിക്കുന്നതു നന്നായിരിക്കും. വായനക്കാരുടെ അഭാവത്തിൽ ഗ്രന്ഥംകൊണ്ടു പ്രയോജനമില്ലല്ലോ.

പാശ്ചാത്യമാസികകളും വർത്തമാനപ്പത്രങ്ങളും ഇക്കാര്യത്തിൽ വളരെ ശ്രദ്ധപതിപ്പിക്കുന്നുണ്ടു്. പത്രങ്ങൾക്കു് അനുബന്ധങ്ങളായി പ്രത്യേകം പതിപ്പുകൾ പ്രസിദ്ധപ്പെടുത്തുന്നതിൽ ഒരു സാരമായ ഭാഗം ഗ്രന്ഥനിരൂപണ

ത്തിനായി അവർ വിനിയോഗിക്കുന്നു. ഒരുവിധം കൊള്ളാവുന്ന ഗ്രന്ഥങ്ങൾക്കു പത്രാധിപർ തന്നെയോ അല്ലെങ്കിൽ വിദഗ്ദ്ധസമിതിയിലെ അംഗങ്ങളോ കൂലംകഷമായി നിരൂപണം എഴുതി പ്രസിദ്ധപ്പെടുത്തുന്നു. ഇങ്ങനെ ഏതു ഗ്രന്ഥമാണു വായിക്കേണ്ടതെന്നും, ജീവിതത്തിൽ അതുകൊണ്ടുള്ള പ്രയോജനം എന്തെന്നും, അതാതു ഗ്രന്ഥങ്ങൾ വായിക്കാതെ തന്നെ നമ്മെ ഗ്രഹിപ്പിക്കുന്ന ഈ സമ്പ്രദായം ഉദാഹരണസഹിതം വിവരിക്കേണ്ടതു് ആവശ്യമാണെങ്കിലും സ്ഥലദൌർല്ലഭ്യത്താൽ തല്ക്കാലം ഒരുമ്പെടുന്നില്ല.

# 13. അഹിംസാസിദ്ധാന്തം

മതത്തിന്നു മനുഷ്യരിലുള്ള പ്രേരണ കുറഞ്ഞുവരിക
യാണെന്നുള്ളതിന്നു സംശയമില്ല. ഇപ്പോഴത്തെ യുവജന
ങ്ങളിൽ അധികംപേരും മതം വേണ്ടെന്നുള്ള പക്ഷക്കാ
രാണു്. ഇവർ അർത്ഥമാക്കുന്നതു് ആചാരവിലക്ഷണമായ
മതം എന്നുതന്നെ ആയിരിക്കണം. എന്തെന്നാൽ അങ്ങ
നെയുള്ള മതം ഒന്നോടെ വേണ്ടെന്നുവച്ചാലും അതായതു്
അമ്പലവും, പള്ളിയും, വിഹാരവും, ചൈത്യവും, പുരോ
ഹിതന്മാരും, ഉത്സവവും, പെരുന്നാളും, ചന്ദനക്കുടവും
എല്ലാം ഉപേക്ഷിച്ചാലും ആത്മാവിനെ നശിപ്പിക്കാൻ
സാധിക്കയില്ല. ആകയാൽ ആത്മാവിനെ നേരിട്ടു സംബ
ന്ധിക്കുന്ന മതവും നശിപ്പിക്കുവാൻ കഴിയുന്നതല്ല. ഇങ്ങനെ
മതം പരമോൽകൃഷ്ടമായ ഒരു ആത്മസിദ്ധിയാണെന്നു
വരുന്നപക്ഷം നാം നമ്മുടെ ആത്മീയശക്തിയെ പോഷി
പ്പിക്കേണ്ടതു് അത്യാവശ്യമായിത്തീരുമല്ലോ.

പരസ്സഹസ്രം സംവത്സരങ്ങൾക്കു മുമ്പു മുതൽ ഉപ
നിഷത്തുകൾ വഴിയായി ഈ തത്വം നമ്മുടെ രാജ്യത്തു സ്ഥാ
പിച്ചിട്ടുള്ളതാണെങ്കിലും, അപ്പോഴപ്പോൾ ജീവിച്ചിരുന്ന
ഏതാനും വിശിഷ്ടവ്യക്തികളെ വിട്ടു സാമാന്യജനങ്ങൾക്കു്
അതു ദുഷ്പ്രാപ്യമായിത്തന്നെ ഇരുന്നു. ആത്മശിക്ഷണ
ത്തിന്റെ ഫലമായി സമത്വവും, സൌഭ്രാത്രവും, അഹിം
സയുംകൊണ്ടു് മനുഷ്യവർഗ്ഗത്തെ ശുദ്ധീകരിക്കാൻ ശ്രീ

ബുദ്ധൻചെയ്ത ശ്രമം ഗുണങ്ങളിൽ ഗുണത്തെ പോഷിപ്പിക്കാനല്ലാതെ, ദോഷങ്ങളാൽ ദോഷത്തെ ഇല്ലായ്മചെയ്യുവാൻ സ്വശക്തമായിരുന്നില്ല. ചുരുക്കത്തിൽ മൃഗീയ ശക്തിയെ ആത്മശക്തികൊണ്ടു സധൈര്യം നേരിടാൻ സാധിക്കാതെ അടങ്ങിയൊതുങ്ങിശാന്തിയെ ഉപാസിക്കയാണു് ബുദ്ധമതം ചെയ്തതു്. ആകയാൽ ദുർവൃത്തന്മാരുടെ ശക്തിയും അധികാരവും വർദ്ധിച്ചപ്പോൾ അതു് ഞെരുങ്ങി ഞെരുങ്ങി ശോഷിച്ചു നശിക്കേണ്ടിവന്നു.

ബുദ്ധമതം ക്ഷയിച്ചതിനുശേഷം നാം ഭാരതഭൂമിയിലെന്നപോലെ ഇതര രാജ്യങ്ങളിലും പല പരിവർത്തനങ്ങളും കണ്ടുകഴിഞ്ഞു. ഭൗതികപരിഷ്കാരത്തിന്റെ വ്യാപ്തി വർദ്ധിക്കയാൽ ശരീരസുഖം നേടാനുള്ള യത്നത്തിൽ അവിടവിടെ കേന്ദ്രീകൃതമായിത്തീർന്ന അധികാരം ഭയങ്കര യുദ്ധങ്ങൾക്കു കാരണമായിത്തീർന്നു എങ്കിൽ അതിലത്ഭുതപ്പെടുവാനില്ല. എന്നാൽ യുദ്ധംകൊണ്ടു് രാഷ്ട്രീയവും, സാമ്പത്തികവും, സാമുദായികവും, എന്നുവേണ്ട കുടുംബസംബന്ധവും ആയ അസമത്വങ്ങൾക്കും കഷ്ടതകൾക്കും പരിഹാരമുണ്ടാക്കാമെന്നു വിചാരിച്ചതു അബദ്ധമായിപ്പോയി. ഒന്നാംലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ഇനി അങ്ങനെയുള്ള യുദ്ധം ഉണ്ടാകയില്ലെന്നല്ലേ നാം വിചാരിച്ചതു്? എന്നാൽ അന്നുതന്നെ ജർമ്മനിയെ അടിച്ചേൽപ്പിച്ച സന്ധിവ്യവസ്ഥകൾ രണ്ടാം ലോകമഹായുദ്ധത്തിനു വഴിതെളിച്ചു. അന്തർദ്ദേശീയ ഭിന്നതകൾ സൗമ്യമായി പറഞ്ഞൊതുക്കുവാൻ സാധിക്കയില്ലെന്നാണല്ലോ ഇതിൽ

നിന്നും മനസ്സിലാക്കേണ്ടതു്. ലോകസമാധാന പരിപാലനത്തിനായി ഇപ്പോഴും പാശ്ചാത്യലോകത്തു് ഏർപ്പെടുത്തിട്ടുള്ള "സംയുക്ത രാഷ്ട്രീയസഭ" യുദ്ധമൊഴിക്കുവാൻ ശ്രമിച്ചിട്ടു പറയുന്നുണ്ടോ? ജാവായിലോ മലയായിലോ, കാഷ്മീരിലോ, പാലസ്റ്റൈനിലോ എവിടെയാണു് അവരുടെ ശ്രമം ഫലിച്ചിട്ടുള്ളതു്? എന്നു മാത്രമല്ല, സമാധാനമാർഗ്ഗങ്ങളെ ആലോചിച്ചുകൊണ്ടിരിക്കവേ തന്നെ ആൾനാശവും ധനനഷ്ടവും വേണ്ടതുണ്ടാകുന്നുണ്ടുതാനും. ഒടുവിൽ മദ്ധ്യസ്ഥതീരുമാനം വരുമ്പോഴേക്കും രാജ്യംതന്നെ ഇല്ലാതായി തീർന്നേക്കാം. ആകയാൽ പാശ്ചാത്യരുടെ ഈ സമാധാനമാർഗ്ഗം തൃപ്തികരമെന്നു പറയാവുന്നതല്ല.

അക്രമപരമായ യുദ്ധത്തെ ആത്മീയശക്തികൊണ്ടു നേരിടുന്നതിലാണു മഹാത്മാഗാന്ധിയുടെ "അഹിംസാ" തത്വം അന്തർഭവിച്ചിരിക്കുന്നതു്. സന്മാർഗ്ഗത്തിൽ സഞ്ചരിക്കുക എന്നതാണു് മനുഷ്യരെ ഇതരജന്തുക്കളിൽനിന്നും വേർതിരിച്ചു വിശിഷ്ടരാക്കിത്തീർക്കുന്നതു്; കലഹബുദ്ധിയല്ല. എന്നാൽ പരാക്രമത്തിനു കീഴടങ്ങി ദാസമനോഭാവം അംഗീകരിക്കുന്നതു പൌരുഷവുമല്ല. ഈ ഘട്ടത്തിൽ ഒരു ഇടനിലയായി സ്വീകരിച്ചിരിക്കുന്ന മേല്പറഞ്ഞ തത്വം അഖിലലോകാദരണീയമായ ഒരു സിദ്ധാന്തമായിത്തീർന്നിട്ടുണ്ടു്.

ഈ സിദ്ധാന്തത്തിനു മഹനീയമായ രണ്ടുലക്ഷ്യങ്ങളുണ്ടു്. സമുദായത്തിൽ ഒരു സദ്ധർമ്മബോധം ഉളവാക്കുക

എന്നുള്ളതാണു പ്രഥമലക്ഷ്യം. ബലം പ്രയോഗിക്കുന്നവന്റെ വശത്തു് അന്യായം മുഴച്ചുനില്ക്കും. അതു കാണിച്ചു കൊടുക്കുകയാണു് അഹിംസയുടെ കൃത്യം. അതു പ്രസംഗം കൊണ്ടോ പ്രക്ഷോഭണംകൊണ്ടോ അല്ല. അതിലടങ്ങിയിരിക്കുന്ന മൂകപ്രാർത്ഥന ജനഹൃദയത്തെ ആവർജ്ജനം ചെയ്യും; പ്രവൃത്ത്യുന്മുഖമാക്കും. രണ്ടാമത്തെ ലക്ഷ്യം മർദ്ദിതനോടു കാണിക്കുന്ന അനീതി ലോകത്തെ ഒന്നാകെ ബാധിക്കുന്നതാണെന്നുള്ള ഒരു ബോധം ജനിപ്പിച്ചു് അടുത്ത സാന്മാർഗ്ഗികമായ തോൽവിക്കു പരാക്രമിയെ വിധേയനാക്കുന്നതാണു്. രാവണന്റെ നേർക്കു് മനുഷ്യർ മാത്രമല്ല, രാക്ഷസന്മാരും എന്നുവേണ്ട പക്ഷിമൃഗാദികൾ പോലും അമർഷമുള്ളവരായിരുന്നു എന്നു രാമായണം തെളിയിക്കുന്നുണ്ടല്ലോ. അന്തിമമായ പരാജയം യുദ്ധം ഉണ്ടാകുന്നതിനുമുമ്പുതന്നെ രാവണൻ കൈവരിച്ചു എന്നുള്ള തിലേക്കു്

"വിഭീഷണബുദ്ധ്യാ രാമൻതന്നെ പ്രാപിക്കയുള്ളു
ഭക്തികൊണ്ടെന്നെ പ്രസാദിക്കയില്ല വിഭീഷണൻ."

ഈ വാക്കുകൾ സാക്ഷ്യം വഹിക്കുന്നു. ശ്രീരാമന്റെ അഹിംസാവ്രതത്തെപ്പറ്റി ചോദ്യത്തിനവകാശമുണ്ടായിരിക്കാം. എന്നാൽ അദ്ദേഹം ഭയങ്കരനായ ശത്രുവിനോടു നേരിടുവാൻ തീർച്ചയാക്കിയപ്പോൾ തനിക്കു തുണയായി ഒരൊററ ആളും, അതായതു്, അനുജനായ ലക്ഷ്മണൻ മാത്രമേയുള്ളു എന്നു വിചാരിച്ചിരിക്കുമല്ലോ. ആ ധർമ്മധീരതയാണു് വിജയകാരണമായിത്തീർന്നതു്. ഇന്നത്തെ

പ്പോലെ "അഹിംസ"യും അതിൻെറ അനുബന്ധങ്ങളായ സത്യാഗ്രഹാദികളും അന്ന് രാജ്യകാൎയ്യങ്ങളിലും മററും ഒരു സിദ്ധാന്തമായിത്തീൎന്നിട്ടില്ലെന്നുള്ള സംഗതിയും നാം ഓൎക്കേണ്ടതാണ്. ഈ വ്യതിയാനം നില്ക്കട്ടെ.

പാശ്ചാത്യപരിഷ്കാരത്തിൻെറ ഫലമായി ഇപ്പോഴും ഒട്ടുവളരെപ്പേർ പ്രത്യേകിച്ചും വ്യക്തിരഹിതമായ സമഷ്ടിവാദം അംഗീകരിച്ചിരിക്കുന്ന ചെറുപ്പക്കാർ യുദ്ധത്തെ ശ്ലാഘിക്കുന്നവരാണ്. യോദ്ധാക്കളെ അവർ പുകഴ്ത്തുന്നു. അതേ സമയത്തുതന്നെ അഹിംസാവ്രതക്കാരെ പുച്ഛിക്കയും, ഭീരുക്കളെന്നു വിളിക്കയും ചെയ്യുന്നു.

ഈ മനോഗതിയെ പാടേ മാററി പ്രതിഷ്ഠിക്കുവാനാണ് മഹാത്മാഗാന്ധി ശ്രമിച്ചത്. മനുഷ്യൻെറ മൃഗീയശക്തിക്കു പകരം ആത്മീയശക്തി ഉപയോഗിക്കണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു. ബാഹ്യപ്രകടനംകൊണ്ടു മാത്രം ഇതു സാദ്ധ്യമല്ല. വാങ്മനഃകായങ്ങളാൽ അഹിംസ പരിപാലിക്കേണ്ടിയിരിക്കുന്നു. അതേസമയത്തുതന്നെ ശത്രുവിനു കീഴടങ്ങാതെയും ഇരിക്കണം. എത്രമാത്രം ആത്മശിക്ഷണം ഉണ്ടായാലേ ഇതു സാധിക്കയുള്ളു എന്നു നാം അറിഞ്ഞല്ലോ. സത്യാഗ്രഹാനുഷ്ഠാനത്തിൽ കളങ്കലേശം കടന്നുകൂടുകയാണെങ്കിൽ ലോകരുടെ വിശ്വാസം ആൎജ്ജിക്കുവാൻ സാധിക്കുന്നതല്ല. മനഃസാക്ഷിയുടെ പ്രചോദനം നിമിത്തം സ്വയം വരിക്കേണ്ടതായ സത്യാഗ്രഹം ഒരു "പിള്ളേർ കളി" യായിത്തീരുകയാണെങ്കിൽ

ലോകത്തെ വഞ്ചിക്കയാണു ചെയ്യുന്നതു്. എന്തെന്നാൽ ദുശ്ശാസനവും എപ്പോഴും അനുകമ്പാർഹമാണ്. തൽഫലമായി കേവലം സങ്കല്പമാത്രമായ ഒരു അനീതിയ്ക്കെതിരായിട്ടാണ് സത്യാഗ്രഹം നടത്തുന്നതെങ്കിൽ അതിന്റെ വശവർത്തികളായ സാമാന്യജനങ്ങൾ വെറുതെ ക്ഷോഭിച്ച് അനാവശ്യമായ കോപപ്രകടനങ്ങൾക്കും മററും വശംവദരായേക്കാമെന്ന നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതര യുദ്ധത്തിനോ സഹനസമരത്തിനോ പ്രസക്തിയില്ലാതെ വരുന്ന ഈ വിഷമഘട്ടത്തിൽ പ്രായോപവേശത്തിനു മുതിർന്ന മഹാത്മജിയെ ഒരുകൂട്ടം ആളുകൾ അധിക്ഷേപിച്ചിരുന്നതായി നമുക്കറിയാം.

മാർക്സിയൻ സിദ്ധാന്തം അനുസരിച്ചുനോക്കുകയാണെങ്കിൽ കായികബലം പ്രയോഗിച്ച് അസമത്വങ്ങളെ ദൂരീകരിച്ച് ആ വിധത്തിൽ ഒരു സമുദായസംഘടന ഉണ്ടാക്കി എന്നിരിക്കട്ടെ. അതു സ്ഥിരമായിരിക്കുമോ? ക്രമേണ മററൊരു രൂപം പ്രാപിക്കയില്ലേ? അക്രമംകൊണ്ടു മാത്രമാണ് ഇങ്ങനെ ഓരോ സമുദായം മാറി മററൊന്നു സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതെങ്കിൽ ഒടുവിലതിന് ഒരു പ്രത്യാഘാതം സംഭവിക്കും എന്നതു പ്രകൃതിനിയമമാണല്ലോ. ആ പ്രത്യാഘാതത്തിന്റെ ഫലം അഹിംസയായിരിക്കുമെന്ന് കാര്യകാരണങ്ങളൊന്നുമുള്ളവർ ഗ്രഹിക്കാൻ വിഷമമില്ല.

ഓരോ പ്രത്യേക പരിതഃസ്ഥിതികളിൽ അവശ്യകർത്തവ്യങ്ങളായിത്തീരുന്ന മഹനീയകർമ്മങ്ങൾക്ക് പൂർണ്ണ

പ്രകാശനമുണ്ടാകുന്നതു് ഇനിയൊരു കാലത്തായിരിക്കാം. അവയെ ഉല്പാദിപ്പിച്ച മഹാത്മാക്കൾ ഈ വസ്തുത ദീർഘദർശനംചെയ്തിരിക്കണം. ഷെല്ലി പറയുമ്പോലെ

"ഉണരാത്ത വിത്തിൻമുള തന്നിൽനിന്നാം
ഭാവിപ്രസൂനം വിടരുന്നിതെല്ലാം."

ഈ തത്വം ശരിയാണെങ്കിൽ മഹാത്മജിയുടെ അഹിംസാസിദ്ധാന്തം ഭാവിയിൽ സകല ലോകവും സ്വാഗതംചെയ്തു് യുദ്ധരഹിതവും സമാധാനസമ്പൂർണ്ണവും ആയ ഒരന്തരീക്ഷം സൃഷ്ടിക്കുമെന്നു് നമുക്കു് ആശിക്കാം.

## 14. പൊതുജനമനോഗതി

പൊതുജനങ്ങളുടെ മനഃസ്ഥിതി രാഷ്ട്രീയകാര്യങ്ങളിൽ അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒരു കാലമാണിത്. അതെങ്ങനെയാണു രൂപവൽക്കരിച്ചു പരിപാലിക്കേണ്ടതെന്ന ചിന്ത നേതാക്കന്മാരെ വളരെ വിഷമിപ്പിക്കുന്നുണ്ട്. യൂറോപ്യരാജ്യങ്ങളിൽ ഇക്കഴിഞ്ഞ കാൽ ശതാബ്ദത്തിനകത്തു് ഓരോ പ്രത്യേകാഭിപ്രായത്തിന് ജനങ്ങളെ വശംവദരാക്കുന്നതിനും ആ മനോഗതിയിലവരെ ഒരു നിശ്ചിതകാലത്തേക്കെങ്കിലും വരഞ്ഞു നിർത്തുന്നതിനും ചില നേതാക്കൾക്കു സാധിച്ചിട്ടുണ്ടെന്നുള്ള വസ്തുത മറച്ചുവയ്ക്കാവുന്നതല്ല. എങ്കിലും ആ നിശ്ചയം സ്ഥിരമായ ഒരു ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ലെന്ന സത്യവും പറയാവുന്നതാണ്. ഈ ഉറപ്പിന്റെ അഭാവത്തിൽ ഹിറ്റ്ലറും, മുസ്സോളിനിയും മറ്റും അവരുടെ കക്ഷികളൊഴികെയുള്ളവ നശിപ്പിച്ചതൊക്കെയല്ലേ.

ഏകമനഃസ്ഥിതിയോടുകൂടിയ ഒരു ജനസമൂഹത്തെ സംഘടിപ്പിക്കുവാൻ പണ്ടുണ്ടായിരുന്ന ഏർപ്പാടുകൾ ഇന്നു ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന ജനസംഖ്യമൂലം മിക്ക രാജ്യങ്ങളിലും തീരെ അപര്യാപ്തമായി തീർന്നിട്ടുണ്ട്. ഒരു സ്ഥലത്തുവന്നു കൂടുന്ന ഏതാനും ആളുകളെ നേതാവിന്റെ പ്രക്ഷോഭജനകമായ പ്രസംഗത്താൽ തല്ക്കാലത്തേക്ക് ഏകമതികളാക്കാൻ സാധിച്ചേക്കാം. എന്നാൽ

ആ സ്ഥലത്തു് ആകെയുള്ള ജനസംഖ്യയുടെ എത്രയോ ചുരുങ്ങിയ ഒരു ശതമാനം മാത്രമായിരിക്കും അതു്? ആകയാൽ കുറേക്കൂടി ഫലപ്രാപ്തമായ മററു മാർഗ്ഗം നോക്കേണ്ടിയിരിക്കുന്നു. ആധുനികസയൻസിന്റെ സഹായത്താൽ റേഡിയോ ഒരു നല്ല ഉപകരണമായിത്തീർന്നിട്ടുണ്ടു്. സ്ഥലൈക്യംകൂടാതെ തന്നെ വളരെ അകലത്തുള്ളവരെയും ഒരേ കാർയ്യത്തിലേയ്ക്കാകർഷിക്കുന്നതിന്നു് അതു മൂലം സാധിക്കും.

അച്ചടിയന്ത്രം മറെറാരു ഉപകരണമാകുന്നു. ധാരാളം പ്രചാരമുള്ള ഒരു വർത്തമാനപത്രത്തിന്നു് വായനക്കാരെ ഏകമനഃസ്ഥിതിയുള്ളവരാക്കാൻ സാധിക്കുന്നതാണു്. പക്ഷെ ഈ സമ്പ്രദായത്തിന്നു് ഒരു ന്യൂനതയുണ്ടു്. ഭിന്നാഭിപ്രായങ്ങളോടുകൂടിയ ഇതരപത്രങ്ങൾ പ്രസ്തുത മനഃസ്ഥിതി മാററിയേക്കാം. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായിത്തീരുന്ന അഭിപ്രായഗതികൾ നിമിത്തമായി ഉദ്ദേശിച്ച ഫലം സിദ്ധിക്കാതെ വരും. ഇക്കാരണത്താലാണു് ചില രാജ്യങ്ങളിൽ പ്രബലകക്ഷി ഭരണം നടത്തുമ്പോൾ വർത്തമാനപ്പത്രങ്ങളെ ദേശീയമാക്കാൻ തുനിയുന്നതു്. ആ കക്ഷിക്കനുകൂലമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുവാനും പരിപാലിക്കുവാനും ഈ നിയന്ത്രണം സഹായിക്കും. ഇക്കഴിഞ്ഞ യുദ്ധകാലത്തു് നാസികളുടെ പത്രങ്ങൾക്കല്ലാതെ ജർമ്മനിയിൽ മറെറാന്നിനും പ്രസിദ്ധീകരണാവകാശമേ അനുവദിച്ചിരുന്നില്ല. അതുപോലെതന്നെ ഇററലിയിൽ ഫാഷിസ്റ്റു് പത്രങ്ങൾക്കുമാത്രമേ രക്ഷയുണ്ടായിരുന്നുള്ളു. വാർത്താ

വിതരണവും, യുദ്ധകാര്യവിമർശനവും ഭരണ കക്ഷിക്കനുകൂലമായിരുന്ന വല്ല പ്രത്യാഖ്യാനവും കണ്ടാൽ ഉടനെ കഠിനശിക്ഷ നൽകാൻ അധികൃതന്മാർ മടിച്ചില്ല. ഇങ്ങനെ നിർബന്ധപൂർവ്വം ഉണ്ടാക്കുന്ന മനഃസ്ഥിതി ബാഹ്യപ്രേരണ കൂടാതെ ദീർഘകാലം വർത്തിക്കയാണെങ്കിൽ ചിലപ്പോൾ സ്വാഭാവികമായിത്തീർന്നേക്കാനും ഇടയുണ്ട്. നേതാവിനപ്പോൾ കുറേക്കൂടി നൃശംസമായ ശിക്ഷണനടപടികൾ തന്നിഷ്ടം സാധിക്കുന്നതിന് എളുപ്പമാണല്ലോ.

ഇങ്ങനെ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന പൊതുജനമനഃസ്ഥിതി ഉദ്വേഗജനകമായ ഓരോ രാഷ്ട്രീയപരിവർത്തനങ്ങൾക്ക് വഴിപ്പെട്ടുകൊണ്ടിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. അത്തരം ജനങ്ങളുടെ മനഃക്ഷോഭം പെട്ടെന്നുണ്ടാകുന്ന ഓരോ സംഭവങ്ങളുടെ പ്രത്യാഘാതം നിമിത്തം സാഹസിക പ്രവൃത്തികൾക്ക് വിധേയമായി, ഓരോ മുദ്രാവാക്യമായി പ്രകടിതമാകുന്നു. വികാരങ്ങളെ നീക്കിനിർത്തീട്ട് സാവധാനം ആലോചിച്ച് അവയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം വരുത്താൻ സാധിക്കുന്നില്ല; ശരിയായ ഉപദേശവും ലഭിക്കുന്നില്ല.

പൊതുജന മനഃസ്ഥിതിയുടെ പരിണാമഗതി പരിശോധിച്ചു നോക്കിയാൽ ഏതു രാജ്യത്തും രണ്ടു പ്രധാന കക്ഷികളെങ്കിലും കാണാം. വേറെ കക്ഷികളും ഉണ്ടാകാൻ പാടില്ലെന്നില്ല. പക്ഷേ അവയെല്ലാം ഓരോ ആശയവാദങ്ങളിൽ മാത്രം താല്പര്യം പ്രദർശിപ്പിച്ചുകൊണ്ട്

കാലാന്തരത്തിൽ പ്രധാന കക്ഷികളിൽ ലയിക്കയോ ഭാഗ്യംകൊണ്ടു ചിലപ്പോൾ മുന്നോട്ടു കയറുകയോ ചെയ്യും.

മുൻപറഞ്ഞ രണ്ടു പ്രധാന കക്ഷികളിൽ ഒന്നു സത്യമാണെങ്കിൽ മറ്റേതു പ്രായേണ അസത്യമായിരിക്കും. എന്നാൽ ഈ സദസദ്ഭാവങ്ങൾ ആപേക്ഷികങ്ങളാണ്. എന്തായാലും ലോകസദാചാര രീതിയനുസരിച്ച് മദ്ധ്യസ്ഥ ദൃഷ്ടിയിൽ ഒന്നു നന്നായിരിക്കണം. തല്ക്കാരണത്താൽ അതു തന്നെ ജയിക്കണം അതിനൊടുവിൽ വിജയം കരസ്ഥ മാകാൻ സാധിക്കുന്നതും. പക്ഷേ രാഷ്ട്രീയകാര്യങ്ങളിൽ എതിർകക്ഷിക്കും എപ്പോഴും ന്യായമുണ്ടെന്നാണ വിശ്വാസം. സത്യവും അതിന്റെ വശത്താണെന്ന ദൃഢ മായ ബോധമുണ്ടായിരിക്കണം. അല്ലെങ്കിൽ ആത്മാർത്ഥ മായി യുദ്ധംചെയ്തു നാശം വരിക്കുന്നതാരാണ്? ഈ ആത്മാർത്ഥത സ്ഥാനമാനങ്ങളും സുഖാനുഭവങ്ങളും പ്രതീ ക്ഷിച്ചിട്ടാണെന്ന് എന്നു പറയാമെന്നു ശങ്കിക്കാം. എന്നാൽ കക്ഷിയിൽപ്പെട്ടവരുടെ ഭാവം അങ്ങനെയല്ല. ഒരു മഹ നീയ സിദ്ധാന്തം സ്ഥാപിക്കാനാണെന്നാണ്. ഈ അടുത്ത കാലത്ത് ഹൈദരാബാദിലെ റസാക്കാരന്മാർ അങ്ങനെ പറഞ്ഞു കൊണ്ടാണല്ലോ യുദ്ധത്തിനൊരുമ്പെട്ടത്. എന്നാൽ യാഥാർത്ഥ്യം മറച്ചുവെച്ചുകൊണ്ടാണ് അവ രുടെ നേതാവ് ആ മനസ്ഥിതി ഉണ്ടാക്കിത്തീർത്തതെന്നു നാം കണ്ടു. മതത്തിന്റെ പേരിൽ "റസ്‌വി" അനുയാ യികളെ പ്രേരിപ്പിച്ചപ്പോൾ സർവസ്വവും എന്നുവേണ്ട ആത്മാവിനെത്തന്നെയും ബലികഴിച്ചിട്ടും ആ ദിവ്യ

സന്ദേശം സാധിക്കണം എന്ന ഏകമനസ്ഥിതി അവർക്കുണ്ടായി എന്നേ പറയേണ്ടു.

പൊതുജനമനസ്ഥിതി ചിലപ്പോൾ ദേശീയദുരഭിമാനമായിത്തീരാറുണ്ട്. ഒരു രാജ്യത്തുള്ളവർ വിവിധകക്ഷികളായി പിരിഞ്ഞു പരസ്പരം യുദ്ധത്തിലേർപ്പെട്ടാലും അവർക്കുള്ള ഈ ദുരഭിമാനം മററു രാജ്യങ്ങളുടെ നേർക്കുള്ള വിദ്വേഷമായി ചിരകാലം നിലനില്ക്കുന്നു. പ്രാചീന ഗ്രീസിലാണ് ഇതു തുടങ്ങിയതു്. അന്നത്തെ ഗ്രീക്കുകാർ ഇതര രാജ്യക്കാരെ മൃഗപ്രായന്മാരെന്നു നാമകരണം ചെയ്യുവാൻ പോലും മടിച്ചില്ല. ഈ മനോഗതി പിന്നീടു റോമിലേക്കു സംക്രമിച്ചു. ഒടുവിൽ ഇതു ചെന്നവസാനിച്ചതു് മതകലഹങ്ങളിലാണ്. ഇംഗ്ലണ്ടിലെ പഴയക്രമക്കാരും പുത്തൻക്രമക്കാരും തമ്മിലുണ്ടായ മതമത്സരം രാഷ്ട്രീയമണ്ഡലത്തെ പ്രക്ഷുബ്ധമാക്കി. മതകലഹങ്ങളിൽ രണ്ടു പ്രബലകക്ഷികളുണ്ടാവുമ്പോൾ ഏതാണു നല്ലതെന്നു വിവേകബുദ്ധിയോടുകൂടി അന്വേഷിക്കാൻ നമുക്കു സമയമോ സൗകര്യമോ ലഭിക്കാത്തതു് അത്യന്തം പരിതാപകരമാണ്. അങ്ങനെയുള്ള വട്ടങ്ങളിൽ സമഷ്ടിയായിട്ടല്ലാതെ വ്യക്തിപരമായ അഭിപ്രായ പ്രകടനം ആപല്ക്കരവുമാണ്. എന്നാൽ ലോകസദാചാരനിയമങ്ങൾക്കു വിധേയമായി വർത്തിക്കുന്ന കക്ഷി ഏതോ അതിനു സർവ്വോല്ക്കർഷങ്ങളും കൈവരുത്തുവാൻതന്നെ ആയിരിക്കും ലോകക്ഷേമകാംക്ഷികളായ വിശിഷ്ടവ്യക്തികളുടെ ശ്രമം. വിപരീതകക്ഷി

യാകട്ടെ തല്ക്കാലം വിജയിച്ചാലും കാലാന്തരത്തിൽ നാശം പ്രാപിക്കും.

ലോകത്തിലെ വലിയ ശക്തികൾ എന്നഭിമാനിക്കുന്ന രാജ്യക്കാർ മററു രാജ്യക്കാരോടു ഏതാണ്ടൊരവജ്ഞ ഭാവിക്കുന്ന മനസ്ഥിതി ഇനിയും വിട്ടുമാറീട്ടില്ല. ബ്രിട്ടീഷുകാർ ഇൻഡ്യയിൽ അവരുടെ സൈന്യബലം കൊണ്ടുഭരണം നടപ്പാക്കിയതിനുശേഷം ഇവിടത്തെ ആളുകളെ സാന്മാർഗ്ഗികമായി അധഃപതിപ്പിച്ചു. അവരുടെ ജാത്യാഭിമാനം വ്യക്തികളിൽ വേരൂന്നുക നിമിത്തം ഇവിടെ വന്ന എല്ലാ ഇംഗ്ലീഷുകാരനും തന്റെ നില ഇന്ത്യാക്കാരനെക്കാൾ ഉപരിയാണെന്നുള്ള ബോധം നാൾക്കുനാൾ വർദ്ധിച്ചു. എന്നാൽ പാശ്ചാത്യരുടെ യോഗ്യത അളന്നു നോക്കിയപ്പോൾ സ്വയം അംഗീകൃതമായ ഈ മേന്മ അപഹാസ്യമായിട്ടാണു ഭാരതീയനു തോന്നിയതു്. സ്വാർത്ഥം, ഔദ്ധത്യം, അഹംഭാവം, ദുശ്ശാഠ്യം മുതലായ ദോഷങ്ങളുള്ള ഒരു വ്യക്തിയെ മാനിക്കുവാൻ പരോപകാരതല്പരനും, ക്ഷിപ്രപ്രസാദിയും, വിനീതനും, ശാന്തനും ആയ ഭാരതീയൻ മടിച്ചു. ഇങ്ങനെ അന്തർജാതമായ ഒരു എതിർപ്പിലേക്കുള്ള പൊതുജനമനസ്ഥിതി ഇവിടെ സംജാതമായി വളർന്നതിന്റെ ഫലമാണു ഇംഗ്ലീഷുകാരുടെ പിൻമാററം. ഇപ്പോൾ ലോകം ഒട്ടാകെ നോക്കിയാൽ പരസ്പരവിരുദ്ധരായിനിന്നുകൊണ്ടു് ഒരു മഹാസംഘട്ടനത്തിനൊരുമ്പെടുന്ന രണ്ടു വലിയ കക്ഷികളിൽകൂടിയാണു് പൊതുജന മനോഗതി പ്രവർത്തിക്കുന്നതെന്നു മനസ്സിലാക്കുവാൻ വിഷമമില്ല.

ണ്ടും ജനകീയഭരണസിദ്ധാന്തങ്ങളിൽ അടിയുറച്ചതാണെന്ന് സ്വയം അഭിമാനിക്കുന്നു. ഒന്നു മനുഷ്യരുടെ ഭൗതിക സ്വഭാവം നിശ്ശേഷമകററി സമുദായത്തെ ശുദ്ധീകരിച്ച് സമത്വത്തിലും സൌഭ്രാത്രത്തിലുംകൂടി ഐഹികപരമായ ഒരു നവലോകത്തെ വിഭാവനം ചെയ്യുന്നു. മദ്യനിരോധനം കൊണ്ട് ഭൂലോകത്തിൽ സ്വർഗ്ഗം സൃഷ്ടിക്കാമെന്ന സ്വപ്നം കാണുന്നു. വേലക്കാരന്റെ ജീവിതരീതി ഉയർന്ന തോതിലാക്കുവാനും, സകലരേയും അഭ്യസ്തവിദ്യരാക്കുവാനും, ജാതിമതാചാരങ്ങൾകൊണ്ടുള്ള ഭിന്നതകളകററി ഒരേ ഒരു ജനസമുദായത്തെ രൂപവൽക്കരിക്കുവാനും, യുദ്ധംവേണ്ടെന്നു വച്ച് അതിനായുള്ള ധനവും പ്രയത്നവും സൃഷ്ടിപരമായ കാര്യങ്ങളിലേക്കു തിരിച്ചുവിടുവാനും യത്നിക്കുന്നു.

ഈ നല്ല കാര്യങ്ങളെല്ലാം മറേറക്കക്ഷി അഭിലഷിക്കുന്നു എങ്കിലും, ധനവും, മാനവും അധികാരവും കൈവശംവച്ചു സൂക്ഷിച്ചുകൊണ്ടു പോരുകയായ വാഗ്ദാനങ്ങളുടെ വ്യാമോഹിപ്പിക്കുന്ന നയം അതിനിഷ്ടമല്ല. മിണ്ടാതിരുന്നാൽ പാരത്രിക സ്വർഗ്ഗമേ ലഭിക്കയുള്ളു എന്നറിയാം. ഒരു പക്ഷേ നരകമാവാനും മതി. പരിഹാരം നിർദ്ദേശിക്കാതെയുള്ള മദ്യനിരോധനം അവരംഗീകരിക്കുന്നില്ല. എല്ലാവരേയും അഭ്യസ്തവിദ്യരാക്കുവാൻ വളരെക്കാലം വേണ്ടി വരുന്നതിനാലും, ഇപ്പോഴത്തെ അതിന്റെ രീതി അനാരോഗ്യമാകയാലും അക്കാര്യത്തിലും അവർ വിശ്വസിക്കുന്നില്ല; കാത്തിരിക്കുവാനും സമ്മതമല്ല;

അവകാശങ്ങളും ചോദിച്ചു വാങ്ങാനും തയാറില്ല. കാറൽ മാർക്സിന്റെ പ്രത്യക്ഷപത്രം പുറത്തു വന്നിട്ട് സുമാറ് നൂറുകൊല്ലം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും അതിലെ പ്രഥമപാഠങ്ങളേ പഠിക്കാൻ സാധിച്ചിട്ടുള്ളു. പഠിത്തം പൂർത്തിയാകുമ്പോഴേക്കും മനുഷ്യവംശത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ആർക്കും ദീർഘദർശനം ചെയ്യുവാൻ സാധിക്കുന്നതല്ല.

ഈ രണ്ടു മനഃസ്ഥിതികളും അന്യോന്യം അഭിമുഖമായി അടുത്തടുത്തു വരുന്തോറും ഇടയിൽ കുടുങ്ങുന്ന മധ്യസ്ഥന്റെ നിലയാണ് അത്യന്തം അനുകമ്പാർഹമായി തീരുന്നത്. മഹായുദ്ധത്തിൽപെട്ട ജംബുകങ്ങളെപ്പോലെ നശിക്കുകയേ ഗത്യന്തരമുള്ളു. ഒരു പക്ഷേ ആറ്റംബോംബു വീഴുന്നത് അവന്റെ തലയിൽ തന്നെ ആയിരിക്കും.

---

# 15. ഒരു വീരവധം

റാലിയുടെ സമുദ്രപരാക്രമങ്ങൾ ഒന്നിനു ഫലമായി ശത്രുക്കൾ ജെയിംസ് രാജാവിനെ പറഞ്ഞു കേൾപ്പിച്ചു. കഠിനചിത്തനായ ആ സ്വേച്ഛാപ്രഭുവിന്റെ റാലിയോടുള്ള വിദ്വേഷം പൂർവാധികം വർദ്ധിച്ചു എങ്കിലും തല്ക്കാലം അയാൾ ഇംഗ്ലണ്ടിൽ എത്തുന്നതുവരെ ഒരു മറുപടിയും പറയാതെ കഴിച്ചുകൂട്ടി. കനകം മോഹിച്ചാണു രാജാവു മിണ്ടാതിരുന്നതെന്നു വായനക്കാർ ഊഹിക്കാമല്ലോ. അങ്ങനെയിരിക്കുമ്പോളാണു വെറും കപ്പലിൽ റാലി കയ്യും വീശി തുറമുഖത്തു വന്നുചേർന്നിരിക്കുന്നു എന്ന വർത്തമാനം ധനപ്രിയനായ രാജാവു ധരിച്ചതു.

വിരഹവേദനയാലും ദാരിദ്ര്യദുഃഖത്താലും അത്യന്തം പീഡിതയായിരുന്ന റാലിയുടെ ഭാര്യ "ദിനബന്ധുവെക്കണ്ട വനജമെന്നതുപോലെ" പ്രാണനായകനെ അടുത്തുവന്നു ആശ്ലേഷിച്ചു ചുംബനംചെയ്തു. ഇവരിങ്ങനെ പ്രണയപാരവശ്യത്തിൽ മതിമറന്നു നില്ക്കുമ്പോൾ സ്റ്റക്ലി എന്ന ഉദ്യോഗസ്ഥൻ വന്നു റാലി ബന്ധനസ്ഥനാകണമെന്നും ലണ്ടനിലേക്കു തന്നെ അനുഗമിച്ചുകൊള്ളണം എന്നും പറഞ്ഞു.

റാലി ഉടനെ തിരിച്ചു. വഴിക്കു തന്റെ ചില സ്നേഹിതന്മാരെ സന്ദർശിക്കാൻ ഇടയായി. അവരിൽ ചിലരുടെ ഉപദേശവും സഹായവും അദ്ദേഹത്തിനു സിദ്ധിച്ചു.

സ്റ്റക്ക്ലിയും റാലിയുടെ വിശ്വാസപാത്രമായി പെരുമാറിയതു നിമിത്തം റാലി ആശ്വാസിതനായിത്തീൎന്നു. ഫ്രാൻസിലേയ്ക്കുപോയി രക്ഷപ്പെടാമെന്നാണു് ഒടുവിൽ എല്ലാവരുംകൂടി തീർച്ചയാക്കിയതു്. അതിലേയ്ക്കായി തേംസനദിയിൽ ഒരു വള്ളവും തയ്യാറാക്കി. കാരാഗൃഹത്തിലാക്കിയ ഉടനെ വധശിക്ഷ നടത്താതിരിക്കുന്നതിന് റാലി സുഖക്കേടുവരാൻ ഒരു മരുന്നു സേവിച്ചു.

നാലഞ്ചുദിവസം കഴിഞ്ഞപ്പോൾ റാലിയും സ്റ്റക്ക്ലിയും വേറെ രണ്ടു സ്നേഹിതന്മാരുമായി വള്ളം കയറി. ഇതെല്ലാം ഫ്രഞ്ചുകാരുടെ പ്രേരണകൊണ്ടുതന്നായിരുന്നു എന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. കുറെ ദൂരം പോയി തിരിഞ്ഞുനോക്കിയപ്പോൾ വേറൊരു വള്ളം പുറകെവരുന്നതായി തോന്നി. തൽക്ഷണം വഞ്ചകനായ സ്റ്റക്ക്ലി വള്ളത്തിൽനിന്നു കരയ്ക്കിറങ്ങി റാലിയേയും ഫ്രഞ്ചുസഖാക്കളേയും ബന്ധനത്തിലാക്കി കാരാഗൃഹത്തിലേയ്ക്കു കൊണ്ടുപോയി. ഈ സ്റ്റക്ക്ലി രാജാവിന്റെ ഗൂഢപുരുഷനായിരുന്നു. റാലി ഒളിച്ചോടിപ്പോയി എന്നൊരു കുറ്റം സ്ഥാപിക്കാനാണു് ഈ വ്യാജവേഷം അവലംബിച്ചതു്. കാരാഗൃഹത്തിലാക്കിയതിന്റെ പിറേറദിവസം മുതൽ റാലിയെ ഓരോ കുറ്റം ചുമത്തി വിസ്തരിക്കാൻ തുടങ്ങി. റാലി തന്റെ സാഹിത്യപാടവം മുഴുവനും പ്രയോഗിച്ചു് ജെയിംസിനു് ഒരു ക്ഷമാലേഖനം അയച്ചു. കഠിനചിത്തനായ രാജാവു് അതൊരു പ്രബലമായ കുറ്റസമ്മതമായി കല്പിച്ചു രേഖപ്പെടുത്തിയതല്ലാതെ ഗണിച്ചു

തെയില്ല. ഇതു കഴിഞ്ഞു് റാലി അപരാധനായിരിക്കാതെ രാജ്ഞിക്കു് ഏതാനും സരസപദ്യങ്ങളിൽ ഒരഭ്യർത്ഥന അയച്ചു. ആരംഭത്തിലുള്ള ഒന്നു രണ്ടു പദ്യം ഏതാണ്ടിങ്ങനെയായിരുന്നു:

" കല്ലാലെ നിർമ്മിതമതായൊരു ഭിത്തിയോടു
വല്ലായ്മയെന്നു പറയേണ്ടതു മൗനമല്ലോ.
എല്ലാവരും ബത വെടിഞ്ഞിതു ദൈവമേ നീ
യല്ലാതെയില്ല ശരണം ധരണീതലേ മേ.
ആരാധ്യയായ മമ രാജ്ഞിയൊടെന്നിയേ ഞാ-
നാരോടു ചൊല്ലുവതുമെന്നുടെ സങ്കടങ്ങൾ?
സ്നേഹോൽഗമപ്രഭ പൊഴിച്ചൊരു വാക്കുരച്ചു
വേഗാലതേ നീക്കിടുക വേദനയുള്ളതെല്ലാം."

സ്വ. ത.

ഈ എഴുത്തു വായിച്ച ഉടനെ രാജ്ഞിയുടെ മനസ്സ് അലിഞ്ഞുപോയി എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ആ മനസ്വിനിക്കു് വല്ലതും ചെയ്വാൻ ശക്തിയുണ്ടായിരുന്നു എങ്കിൽ ഇതിനു വല്ല ഫലവുമുണ്ടാകുമായിരുന്നേനെ. എന്നിട്ടും ബക്കിങ്ങാം മുതലായ രാജസേവകന്മാർ മുഖാന്തിരമായി റാലിയെ രക്ഷിപ്പാൻ രാജ്ഞി രാജാവിനെ ഒട്ടധികം പ്രേരിപ്പിക്കയുണ്ടായി.

രാജാവു് റാലിയെ കൊല്ലാൻ അക്ഷമനായിത്തീർന്നു. സ്പെയിൻകാരുടെ നിർബന്ധവും കലശലായി. പരന്തു പണ്ടത്തെ ശിക്ഷയിൽനിന്നും റാലി വിമുക്തനല്ലായ്ക

എന്നായിരുന്നു പലരുടേയും സംശയം. മൂന്നപരാധങ്ങളാണ് റാലിയിൽ ഇപ്പോൾ ആരോപിച്ചത്. ഒന്നാമത് സ്വർണ്ണഖനി കണ്ടുപിടിക്കാമെന്നുള്ള വ്യാജം പറഞ്ഞുകൊണ്ട് രാജാവിനെ വഞ്ചിച്ചു. രണ്ടാമത് സ്പെയിൻകാരുമായി അനാവശ്യമായി യുദ്ധംചെയ്തു. മൂന്നാമത് സമുദ്രചൌര്യത്താൽ പലരേയും പീഡിപ്പിച്ചു.

ഈ മൂന്നു കുററങ്ങളും റാലിയിൽ സ്ഥാപിക്കാൻ നിയമയോഗ്യത വളരെ കുറവായിരുന്നു. ഗയാനായിലേക്കു പോയത് സ്വർണ്ണഖനി കണ്ടുപിടിക്കാൻതന്നെയായിരുന്നു എന്നും, ശത്രുക്കളെ തോല്പിക്കുന്നതിൽ ഗവമ്മെൻറിൻെറ സഹായം വേണ്ടതുപോലെ ഉണ്ടായില്ലെന്നും, വഴിക്കുണ്ടായ സമരങ്ങളും അന്യനൌകാക്രമണങ്ങളും സ്വരക്ഷയ്ക്കായി സ്വീകരിച്ച മാർഗ്ഗങ്ങളാണെന്നും റാലി സമാധാനം പറഞ്ഞപ്പോൾ വിപരീതകക്ഷിക്കാരുടെ വാദം മിക്കവാറും ശിഥിലമായിപ്പോയി. ഇനി എന്താണു നിവൃത്തി എന്നന്വേഷിച്ചപ്പോൾ പഴയ ശിക്ഷ അതുപോലെതന്നെ ഇരിക്കയാണെന്നും രാജദ്രോഹക്കുററമാകയാൽ രാജാവിനു മനസ്സുള്ളപ്പോൾ വധശിക്ഷ നടത്താമെന്നും ഈ കേസു വിചാരണയ്ക്കു പ്രത്യേകമായി നിയമിക്കപ്പെട്ടിരുന്ന നിയമജ്ഞന്മാർ രാജപ്രീതിക്കുവേണ്ടി അഭിപ്രായപ്പെട്ടു. ഈ വിധിവാചകം അറിയിക്കാനായി റാലിയെ കോടതിമുമ്പാകെ കൊണ്ടുവന്നപ്പോൾ ആ പരിശുദ്ധാത്മാവിന് നീതിജ്ഞന്മാരുടെ കാപട്യം തീരെ മനസ്സിലായില്ല. പതിനഞ്ചുവർഷം മുമ്പ് പ്രസ്താവിക്കപ്പെട്ട വിധി ഗയാനാസഞ്ചാരത്തോടുകൂടി പൊയ്പ്പോയി എന്നാണ് അദ്ദേഹം വിചാരിച്ചത്.

നീതിജ്ഞന്മാരുടെ 'വാദവും വിധിയും കേട്ടപ്പോൾ റാലിക്കുണ്ടായ കണ്ഠിതം എന്തായിരുന്നു എന്നു വായനക്കാർ ഊഹിച്ചുകൊള്ളട്ടെ. കേവലം നിസ്സാരായന്മാരും ശക്തിഹീനന്മാരും ആയിരുന്നിട്ടും അദ്ദേഹം എതിർവാദം ചെയ്യാതിരുന്നില്ല. ഒടുവിൽ പറഞ്ഞ വിധി ഇപ്പോഴും പ്രാബല്യത്തിൽതന്നെ ഇരിക്കുന്നു എന്നും അതുപ്രകാരം അടുത്ത ദിവസം രാവിലെ വധശിക്ഷ നടത്തുന്നതാണെന്നും അവർ പ്രസ്താവിച്ചു. രാജാവിന്റെ അടുക്കൽ സങ്കടം ബോധിപ്പിക്കാനുണ്ടെന്നുള്ള റാലിയുടെ പ്രാർത്ഥന അവർ ഗൌനിച്ചതേയില്ല. ദുഷ്ടനായ രാജാവു് ഇങ്ങനെ വല്ലതും സാധിച്ചേക്കുമോ എന്ന ഭയന്ന് തലസ്ഥാനം വിട്ടു പോയിക്കഴിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ പ്രധാനമന്ത്രിയായ ബേക്കൺ റാലിയെ ശിരച്ഛേദംചെയ്തുകൊല്ലുവാൻ രാജാവിന്റെ സമ്മതി ലഭിച്ചിരിക്കുന്നു എന്ന വർത്തമാനം പരസ്യപ്പെടുത്തി. തന്റെ മരണശിക്ഷ അനുവദിച്ചിരിക്കുന്ന ആധി കടലാസിൽ രാജാവിന്റെ കൈയ്യൊപ്പു കണ്ടപ്പോൾ മാത്രമേ റാലിയുടെ സകല സംശയങ്ങളും നീങ്ങിയുള്ളു. ആ നിമിഷം മുതൽ അദ്ദേഹത്തിന്റെ ഭാവം ആകപ്പാടെ ഒന്നു മാറി എന്നുതന്നെ പറയാം.

റാലിയെ ഉടനെതന്നെ വധസ്ഥലത്തിനരികെയുള്ള ഒരു തടവുമുറിയിലേക്കു മാറ്റി. അവിടെ അദ്ദേഹത്തെ കാണാൻ കൂടിയ ജനങ്ങൾക്ക് കണക്കില്ലായിരുന്നു. അന്നു രാത്രി അദ്ദേഹത്തിന്റെ ഒരു മാന്യമിത്രമായ ഡിസ്റ്റൺ, പ്രിയപത്നിയും ഒരുമിച്ചു കാണാൻചെന്നു. റാലിയുടെ

ഭാര്യയ്ക്കു് ഈ പരിതാപകരമായ വിധിയെപ്പററി തീരെ മുൻനിശ്ചയം ഉണ്ടായിരുന്നില്ല. ഭർത്താവിൻെറ ജീവനെങ്കിലും അവർക്കു കിട്ടുമെന്നായിരുന്നു സാധു വിചാരിച്ചതു്. വിധിവാചകം അറിഞ്ഞ മാത്രയിൽ മാറത്തടിച്ചു നിലവിളിച്ചുകൊണ്ടും കണ്ണുനീർ ധാരധാരയായി ഒഴുക്കിയും ആ സതീരത്നം അധികാരസ്ഥന്മാരുടെ സമീപം പ്രാപിച്ചു് പ്രിയഭർത്താവിൻെറ ശരീരമെങ്കിലും സംസ്കരിക്കാൻ കിട്ടിയാൽകൊള്ളാമെന്ന ദണ്ഡനമസ്കാരംചെയ്തു പ്രാർത്ഥിച്ചു. അതിനവർ അനുവാദം നൽകി. ഭർത്താവിനെ കണ്ട മാത്രയിൽ അവൾ ഓടിച്ചെന്നു് പരിരംഭണംചെയ്തു് മുറവിളി തുടങ്ങി. കണ്ടുനിന്നവരും അപ്പോൾ കരഞ്ഞു. റാലിയ്ക്കു് ഈ വിധത്തിൽ പറയാൻ അപ്പോൾ ധൈര്യമുദിച്ചുള്ളു നോക്കുക.

അദ്ദേഹം പറഞ്ഞു:—"പ്രിയെ! എന്തിന വ്യസനിക്കുന്നു? എൻെറ ശരീരമെങ്കിലും ഘാതകന്മാർ നിന്നെ ഏറ്റേൽപ്പിക്കുമോ? ആ സമാധാനത്തോടുകൂടി എനിക്കെൻെറ അവസാനയാത്ര പുറപ്പെടാമോ?

ഭാര്യ പറഞ്ഞു:—"അതേല്പിക്ക തരാമെന്നു്" അവർ സമ്മതിച്ചു. നമ്മുടെ സ്വന്തം ദേവാലയത്തിൽതന്നെ സംസ്കരിക്കാൻ വേണ്ട ഏർപ്പാടും ചെയ്തിട്ടുണ്ടു്.

റാലി:—"അതു നന്നായി" എന്നാഹ്ളാദത്തോടുകൂടി പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു.

അനന്തരം ഭാര്യയെ പല വിധത്തിലും സമാശ്വസിപ്പിച്ചു് അന്ത്യത്തിൻെറശേഷം ബിഷപ്പിനോടു പറഞ്ഞു:—

"എന്താ, നാളത്തെ കളികാണാൻ നേരത്തെ വന്നു സ്ഥലം പിടിക്കുമല്ലോ. വലിയ തിരക്കായിരിക്കും. എനിക്കു മാത്രം സ്ഥലം കിട്ടുന്ന കാര്യത്തിൽ ഭയപ്പെടാനില്ല." ഇത്രയും കേട്ടപ്പോഴേക്കും ബീസ്സൻ വ്യസനപരവശനായി തല താഴ്ത്തി.

റാലി പറഞ്ഞു:—എന്താണിത്ര ഖേദിക്കുവാനുള്ളത്? ഈ ലോകംതന്നെ ഒരു കാരാഗൃഹമല്ലേ? അതിൽനിന്ന് ഓരോരുത്തരെ ആയി വധസ്ഥലത്തേക്കു കൊണ്ടുപോകുന്നു. ഇന്നു ഞാനാണ് പോകേണ്ടവൻ. നാളെ വേറൊരുത്തൻ. എനിക്കിവിടെ വന്നു മരിക്കാൻ ഇടയായതിൽ കൃതാർത്ഥതയുണ്ട്. ഗയാനായിലെ വല്ല കാട്ടുകള്ളനുമാണെങ്കിൽ നിങ്ങളെയൊക്കെ കാണാൻ സാധിക്കുമായിരുന്നോ?

പ്രാണപ്രേയസിയുടെ കരബന്ധത്തിൽനിന്നും പിരിഞ്ഞപ്പോഴും റാലി അദ്ദേഹത്തിന്റെ താത്ത്വികമനോഗതിയെ ഇങ്ങനെ വെളിപ്പെടുത്തി:—

"നവയൌവനം നല്ല സൌന്ദര്യവും സന്തോഷവും
കവർന്ന കാലം! നമ്മെ സ്മയമാകും ഖചൻ
അവസാനത്തിലിരാം നിറഞ്ഞ ശവക്കുഴി
മൌനമാക്കി വായിൽ മണ്ണിടിക്കുന്നുവല്ലോ.
എന്നെയിവിധമെന്നും മണ്ണിന്നു കീഴിലാക്കി
ഉണർത്തിപ്പിക്കാതെ കൊണ്ടുപോയാലും ഭഗവാനേ!
ലോകേശ! ദയാപര! ദൈവമേ! തവ പാദം
ഏകാവലംബം മമ മരണകാലേ പോററി."

അടുത്തദിവസം രാവിലെ വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിലെ പ്രധാന പുരോഹിതൻ റാലിയുടെ ആദ്ധ്യാത്മികകാര്യങ്ങൾ നിവ്വഹിക്കുന്നതിനായി സമീപത്തെത്തി. റാലി തലേദിവസം രാത്രിയിൽ തീരെ ഉറങ്ങീട്ടില്ലെന്നു വിശദമായിരുന്നു. ഉത്സാഹത്തിനും സംഭാഷണചാതുര്യത്തിനും ഒട്ടും കുറവില്ലായിരുന്നു. സുഖമായി ഊണു കഴിച്ചു. പുകവലിയും മുറയ്ക്കു നടത്തി. വധപീഠത്തിലേയ്ക്കുള്ള യാത്ര ആയപ്പോൾ ഒരു ഭൃത്യൻ ഒരു പാത്രത്തിൽ കുറെ മദ്യം കൊണ്ടുവന്നു കൊടുത്തു. റാലി അതു വാങ്ങി കുടിച്ചിട്ട്, "വളരെ രുചികരമായിരിക്കുന്നു; പക്ഷേ വിസ്തരിക്കാൻ സമയമില്ലല്ലോ" എന്നു പറഞ്ഞു.

അധികൃതന്മാരാൽ ആനീതനായി റാലി വധസ്ഥലത്തെത്തി. അവിടെ കൂടിയിരുന്ന ആളുകൾക്ക് കൈയും കണക്കുമില്ലായിരുന്നു. കൂട്ടത്തിൽ ഒരു വൃദ്ധൻ തലയിൽ തൊപ്പി ധരിക്കാതെ നിന്നിരുന്നതു കണ്ടിട്ട്, റാലി വളരെ വിലയേറിയ പട്ടാംബരംകൊണ്ടുണ്ടാക്കിയ സ്വശിരോവേഷ്ടനം എടുത്തെറിഞ്ഞുകൊടുത്തു. ഈ അവസരത്തിൽ റാലി ആഡംബരപൂർവ്വകമായ പല വിശേഷവസ്ത്രങ്ങളും ധരിച്ചിരുന്നുവത്രേ! ഈ വേഷത്തിൽ നമ്മുടെ കഥാനായകനെ ഒരു കണ്ണു കാണ്മാനായി ജനതതി തിക്കിത്തിരക്കിക്കൊണ്ടുകൂടി. അദ്ദേഹം ഉടൻതന്നെ വധപീഠത്തിന്റെ മുകളിൽ കയറുകയും ചെയ്തു. അദ്ദേഹത്തിന്റെ അപ്പോഴത്തെ ഭാവചേഷ്ടിതങ്ങളെപ്പററി പല ചരിത്രകാരന്മാരും വിസ്തരിച്ചെഴുതീട്ടുണ്ട്. ഏററവും വിശ്വാസയോഗ്യമായിട്ടുള്ളത് അന്നവിടെ പ്രേക്ഷകനായിരുന്ന സർ ജാൻ

എലിയട്ട് പ്രസ്താവിച്ചിട്ടുള്ളതാണെന്നു തോന്നുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

“ധീരഹൃദയനായ റാലിയുടെ മരണകാലത്തെ അവസ്ഥ ഏതൊരുത്തനേയും ആശ്ചര്യഭരിതനാക്കിത്തീർക്കേണ്ടതാണ്. വധസ്ഥലത്തെ ഭയങ്കരങ്ങളായ ഓരോ കാഴ്ചകൾ കണ്ടിട്ടും ആ വീരപുരുഷന് യാതൊരു ഭാവഭേദവും ഉണ്ടായില്ല. യമകിങ്കരന്മാരെപ്പോലെ നാലുഭാഗത്തിന്റെ ചുററും കൂടിയ ഭടന്മാരെ അദ്ദേഹം ഗൌനിക്കപോലും ചെയ്തില്ല. ശത്രുക്കളുടെ പുച്ഛരസത്തോടുകൂടിയ നോട്ടമാകട്ടെ, ഘാതകന്റെ കോടാലിയാകട്ടെ, യാതൊരു ഭയവും ഉണ്ടാക്കിയില്ല. വികാരഭേദങ്ങൾ ഉണ്ടായിരിക്കുമ്പോഴും ഈ നിശ്ചഞ്ചലത്വം ധീരഹൃദയന്മാർക്കല്ലാതെ സംഭവിക്കുന്നതാണോ? ആ മഹാത്മാവിന്റെ ചിത്തസ്ഥൈര്യം ക്രമേണ അധികമധികമായി തീർന്നതേയുള്ളു. മനസ്സ് നിർമ്മലവും ശാന്തവുമായിരുന്നു. ഈ ഭാവഭേദം കണ്ടിട്ട് അതുവരെ സന്തുഷ്ടരായി വർത്തിച്ചിരുന്ന വിരോധികളുടെ മനസ്സ് മങ്ങിത്തുടങ്ങി.”

വധപീഠസ്ഥിതനായി നിന്നുകൊണ്ട് റാലി പുരോഭാഗത്തു നോക്കിയപ്പോൾ അവിടെ തിക്കിത്തിരക്കി കൂടിയിരുന്നവരുടെ ഇടയിൽ തന്നോടൊന്നിച്ച് ഗയാനായിലേയ്ക്കുള്ള സഞ്ചാരത്തിലും മററും സഹചാരികളായിരുന്ന പലരേയും കാണുന്നതിനിടയായി. തന്റെ വിശ്വാസപാത്രങ്ങളായിരുന്ന ഏതാനും പ്രഭുക്കന്മാരും വ്യസനഭാവത്തോടുകൂടി അവിടെനിന്നിരുന്നു. ഇവരെ എല്ലാം തന്റെ

നിർദ്ദോഷിത്വത്തെ ബോധിപ്പിക്കണമെന്ന് നമ്മുടെ കഥാനായകൻ തീർച്ചപ്പെടുത്തി. അദ്ദേഹത്തിന്റെ ഇംഗിതം അവരറിഞ്ഞതുപോലെ ഉടനെ വധപീഠത്തിൽക്കയറിച്ചെന്ന് ഹൃദയംഗമമായി അദ്ദേഹത്തെ ആലിംഗനം ചെയ്തു. ഇതു കഴിഞ്ഞ് അവരെല്ലാവരും താഴെ ഇറങ്ങിയതിന്റെ ശേഷം റാലി തന്റെ കലാശപ്രസംഗത്തിനൊരുങ്ങി നിന്നു. പ്രസംഗത്തിലെ വാക്കുകൾക്ക് അല്പാല്പഭേദഗതികളോടു കൂടിയാണ് ചരിത്രകാരന്മാർ ഉദ്ധരിച്ചു കാണുന്നതെങ്കിലും, മരണസമയത്തും ഇത്ര ചമൽക്കാരകരവും, കാര്യഗൗരവപരിപൂർണ്ണവും ആയ ഒരു പ്രസംഗം അദ്ദേഹം ചെയ്തത് കേവലം അത്ഭുതജനകമായിരിക്കുന്നു.

കഠിനമായ കാരാഗൃഹദുഃഖങ്ങളെ വളരെക്കാലം സഹിച്ച റാലിക്ക് ഇറസ്സായ സ്ഥലത്ത് ഉന്നതമായ പ്രസംഗപീഠത്തിൽ അഥവാ ഈ നിഷ്ഠൂരമായ വധപീഠത്തിൽനിന്ന് മഹാജനങ്ങളെ അഭിവാദ്യം ചെയ്യാൻ സിദ്ധിച്ച ഈ അവസരംതന്നെ ഒരു ഭാഗ്യമായിട്ടാണു തോന്നിയതു്. അദ്ദേഹം ഇങ്ങനെ ഉപക്രമിച്ചു.

“ മഹാജനങ്ങളെ! അന്ധകാരത്തിൽനിന്നും എന്നെ വിമോചിപ്പിച്ച്, സ്വപ്രകാശമേറു മരിക്കാൻ ഇടയാക്കിയ പരമകാരുണികനായ ഈശ്വരന്റെ നേർക്കുള്ള എന്റെ നന്ദിയെ ഞാൻ ആദ്യമായി സൂചിപ്പിച്ചുകൊള്ളുന്നു. ജഗന്നിയന്താവായ സർവ്വേശ്വരനെ ഞാൻ ഒന്നുകൂടി ഈ അന്ത്യദശയിൽ പ്രാർത്ഥിച്ചുകൊള്ളുന്നു. എന്തെ

നാണെന്നോ? കാരാഗൃഹത്തിൽ കിടന്ന് ആരുമറിയാതെ
ഏററവും ഹീനമായ വിധത്തിൽ മരണം സംഭവിക്കാതെ,
എനിക്കിന്നു മഹാജനങ്ങളായ നിങ്ങളുടെ മുമ്പാകെ വച്ചു
ജീവൻ അവസാനിപ്പിക്കാൻ ഭാഗ്യമുണ്ടായല്ലൊ അതിനാ
ലിട്ടാണ്. ഒരു കാര്യത്തിനുകൂടി ഞാൻ ദീനബന്ധുവായ
ദേവദേവന്റെ കാരുണ്യത്തിനു പാത്രമായിരിക്കുന്നു.
അതെന്താണ്? എനിക്കു പതിവായി ഇഷ്ടഗായനങ്ങ
ളിൽ പാടിക്കേൾക്കാറുള്ള ശുഭപ്പന്തി എന്ന ഈ അന്ത്യദശ
യിൽ കൈകൊട്ടിത്തിരിക്കുന്നതായി തോന്നുന്നു. ആക
യാൽ ഈ ഉത്തമാവസരം ഞാൻ ഹൃദയപൂർവ്വകമായി
സ്വീകരിച്ച് എന്റെ നിരപരാധിത്വത്തെ മാന്യന്മാരായ
നിങ്ങളെ ധരിപ്പിച്ചതിനുശേഷം അവസാനയാത്ര ആരംഭി
ക്കാമെന്നാണു വിചാരിക്കുന്നതു്."

ഇത്രയും പറഞ്ഞതോടുകൂടി അതിമനോഹരമായ ഒരു
ശാന്തരസം അദ്ദേഹത്തിനുണ്ടായതുപോലെ തോന്നി. ഇനി
രാജാവു മരണാശങ്കയിൽനിന്നു വേർപെട്ടുകയാണെ
ങ്കിലും വേണ്ടെന്നുറച്ചു. ശിരശ്ഛേദനത്താലും അനുഭവ
യോഗ്യമായ മറെറാരു സുഖമില്ലെന്നു മനസ്സിലുറച്ചു
തുടങ്ങി. മനസ്സ് ഏററവും പരിശുദ്ധമായ ദിവ്യതേജസ്സു
കൊണ്ടു നിറഞ്ഞു. പ്രഭാതവേളയിൽ ഉന്നതമായ വധ
പീഠത്തിൽ നിന്നുകൊണ്ട് കൽമഷരഹിതനായ രാജാവിന്റെ
നേർക്ക് പ്രയോഗിച്ച ആ പ്രസംഗശസ്ത്രം കണ്ടെക്കിന്ന
തന്നെ ഫെന്നുകൊണ്ടു. ജനങ്ങളെല്ലാവരും അദ്ദേഹ

ത്തിൻെറ നാമധേയത്തിൽ ക്രിസ്തീയവിശ്വാസത്തിൽ ശാശ്വതമായ പ്രതിജ്ഞ നൽകി.

അരമണിക്കൂർ നേരം നീണ്ടുനിന്ന ഈ പ്രസംഗം റാലിയുടെ ധീരഹൃദയത്തിൻെറ ഉത്തമലക്ഷ്യമായിരുന്നു. ഒരു സമൎത്ഥനായ പ്രാസംഗികൻെറ വാഗ്മിതയും, അലങ്കാരചമൽക്കാരവും, ആശയസൗഷ്ഠവവും എല്ലാം ഈ പരമപുരോഗാമിയായ വാഗ്ധോരണിക്കു ഉണ്ടായതിൽ ചരിത്രകാരന്മാർ അത്യത്ഭുതപ്പെടുന്നുണ്ട്. അദ്ദേഹത്തിൽ ആരോപിതങ്ങളായിരുന്ന ഓരോ അപരാധങ്ങളും പ്രത്യേകം പ്രത്യേകം എടുത്തു പറഞ്ഞു് തൻെറ നിൎദ്ദോഷതയെ വെളിപ്പെടുത്തി. ഇടയ്ക്കിടയ്ക്കു് ഈ പ്രസ്താവനകളുടെ പരമാൎത്ഥതയ്ക്കു സാക്ഷ്യം വഹിക്കണമെന്നുള്ള പ്രാൎത്ഥന പല മാന്യന്മാരോടും ഉത്സാഹപൂൎവ്വമായ മറുപടികളാൽ ഫലപ്രാപ്തമായ വിവരവും ചരിത്രങ്ങളിൽ കാണുന്നുണ്ടു്. യോഗ്യന്മാർ അന്യഥാ വിചാരിച്ചിരുന്ന ചില ശങ്കകളെല്ലാം നിശ്ശേഷം മാറുകയും, അവരുടെ ഹൃദയങ്ങളാം റാലിയുടെ ജീവാവസാനത്തിൽചെന്നു പതിക്കുകയും ചെയ്തു. ഒടുവിൽ വധാധികൃതന്മാരുടെ അക്ഷമയാൽ റാലി ഇങ്ങനെ ഉപസംഹരിച്ചു.

“അവസാനത്തിൽ സൌജന്യശാലികളായ ഭവാന്മാരോടു ഞാൻ അപേക്ഷിക്കുന്നതു് പാപിഷ്ഠനായ എൻെറ ആത്മാവിന് നിത്യശാന്തി നല്കുവാൻ സച്ചിദാനന്ദസ്വരൂപിയായ ഈശ്വരനോടു പ്രാൎത്ഥിക്കണമെന്നാണ്. അനവധികാലരാജസേവാവൃത്തികളിൽ ഞാൻ മതിമറന്നു്

കേവലം ഭർത്തൃഘ്നനായി അപവദിക്കാൻ നിർബന്ധിതനായതു മൂലം എത്ര ഘോരതരങ്ങളായ പാപങ്ങൾക്കു വശംവദനായിത്തീർന്നു! ജഗദീശ്വരാ, ഇതിനെല്ലാറ്റിനും സാധുവായ ഇവന് ഈ അവസാനഘട്ടത്തിലെങ്കിലും മാപ്പുതരണേ! എന്നെ അങ്ങയുടെ പരിശുദ്ധമായ സന്നിധിയിലെത്തുമാറാക്കണേ! മാന്യമഹാശയന്മാരായ ജനങ്ങളേ, ഞാനിതാ നിങ്ങളോട് ഇഹലോകത്തിൽനിന്നും അവസാനയാത്ര ചോദിച്ചുകൊള്ളുന്നു."

വധ്യപുരുഷനൊഴികെയുള്ളവർ എല്ലാവരും പീഠത്തിൽനിന്നിറങ്ങിക്കൊള്ളണമെന്നുള്ള ആജ്ഞയനുസരിച്ചു മറ്റെല്ലാവരും താഴെ ഇറങ്ങി. പോകുന്നവഴി ആരൻഡൽപ്രഭുവിനെ റാലി പിന്നോക്കം വിളിച്ചു്, മരണശേഷം രാജപക്ഷപാതികൾ പത്രദ്വാരാ തന്റെ കീർത്തിയെ മലിനപ്പെടുത്തുവാൻ-ശ്രമിക്കയാണെങ്കിൽ ആയതു തടയണമെന്ന് അപേക്ഷിച്ചു. അദ്ദേഹം അപ്രകാരം ചെയ്യുന്നതാണെന്ന് ബോദ്ധ്യപ്പെടുത്തി. പ്രഭു പിന്നെയും റാലിയോട്ട സംസാരിച്ചാൽ കൊള്ളാമെന്നുള്ള ആകാംക്ഷയോടുകൂടി നിന്നു. ഒടുവിൽ റാലി തന്നെ "എനിക്കു ഏറ്റവും ദീർഘമായ യാത്ര തുടങ്ങേണ്ടിയിരിക്കുന്നതിനാൽ പോകാൻ വൈകി, വിടണം" എന്നു പറഞ്ഞു ഉടനെ തിരിച്ചു.

റാലി വധപീഠത്തിൽ തനിച്ചായി. ലക്ഷോപലക്ഷം ജനങ്ങൾ നോക്കിനില്ക്കെ ആ പുരുഷരത്നം ഈശ്വരധ്യാനനിമഗ്നനായി അഞ്ചാറു നിമിഷം നിശ്ചലനായി നിന്നു.

പുറവും നിശ്ശബ്ദമായിരുന്നു. പ്രാർത്ഥന കഴിഞ്ഞയുടനെ റാലി തന്റെ വിശേഷവസ്ത്രങ്ങളെല്ലാം ശരീരത്തിൽനിന്നും വിടുർത്തി ദൂരെവെച്ചിട്ട് ഘാതകനോട് അടുത്തു ചെല്ലാൻ പറഞ്ഞു. അവൻ കോടാലിയുംകൊണ്ട് സംശയലോല ത്തിൽ മന്ദം മന്ദം ഭയക്രോധലജ്ജാസന്താപപരവശനായി റാലിയുടെ സമീപത്തുചെന്നു. അവന്റെ കയ്യിലിരുന്ന സംഹാരശസ്ത്രത്തിന്റെ വായ്ത്തല പരിശോധിക്കാനാണ് അവനെ വിളിച്ചത്. തടവിനോക്കീട്ട് റാലി പറഞ്ഞു. “നല്ല മൂർച്ചയുണ്ട്. എന്റെ സകല രോഗങ്ങളും ശമിപ്പിക്കുന്ന സിദ്ധൗഷധം ഇതുതന്നെ.” ഇതു കേട്ട ഉടനെ ഘാതകൻ സാഷ്ടാംഗം റാലിയുടെ പാദങ്ങളിൽ നമസ്കരിച്ചു. റാലി അവനെ എഴുന്നേൽപ്പിച്ചിട്ട് പറഞ്ഞു. “നിനക്കു ഞാൻ മാപ്പു തന്നിരിക്കുന്നു. ഭയപ്പെടേണ്ട. നിന്റെ കൃത്യം നടത്തിക്കൊള്ളുക. ഞാൻ കൈ ഉയർത്തുമ്പോൾ പ്രഹരിച്ചുകൊള്ളണം,” റാലി തിരിഞ്ഞുനിന്നുകൊണ്ട്, ഇടത്തും വലത്തുമായി പ്രേക്ഷകന്മാരെ ലക്ഷ്യമാക്കിക്കൊണ്ട് നമിച്ചു. അതിന്റെശേഷം വധമേടയിൽ ശിരസ്സു പാകംപോലെ വച്ചുകൊണ്ടു ശയിച്ചു. അഹോ! ലോകത്തിലെ മനുഷ്യന്റെ ഓരോ കളികളും കലാശമിതാവും കണ്ടുകൊണ്ടിരിക്കാൻ ഒരു സന്ദർഭമുണ്ടായാൽ അതിന്റെ പ്രഭാവം എന്തായിരിക്കും? അഹങ്കാരം മുതലായ വികാരങ്ങളെന്തെല്ലാമായിരിക്കും? വംശവിശ്രുതനായി, വിത്തസമ്പന്നനായി, രാജഗൃഹത്തിലും, പുറത്തും സർവസ്വാതന്ത്ര്യങ്ങളോടുകൂടി, അന്നത്തെ അർദ്ധപരിഷ്കാരികളായ ജനഗണസമുദായത്തിൽ കേസരിപ്രവരനെപ്പോലെ സഞ്ച

രിച്ച ഈ വീരാഗ്രേസരന്റെ ഇപ്പോഴത്തെ അവസ്ഥ കണ്ടില്ലെ ?

വീരവൈരികളുടെ രുധിരപരിചയത്താൽ ശൗര്യവും, സ്വഭാവേന ഭയങ്കരവും ആയ ആ ദക്ഷിണപാണി ഇതാ ഓങ്ങുന്നു. ഘാതകൻ അനങ്ങുന്നില്ല. രണ്ടാമതും കൈ ഓങ്ങി. ഒരു ഫലവും ഉണ്ടായില്ല. സ്വവിജയപ്രഖ്യാപനത്താൽ ഉത്സാഹഭരിതയായി വർത്തിച്ച വിചിത്രരംഗ ഗാനിമാ അതിക്രമിച്ച് ദിക്കെങ്ങും പ്രതിധ്വനിച്ചുള്ള പോരവെ വിലസിക്കൊണ്ടിരുന്ന ആ ഊർജ്ജസ്വലഘോഷണം ഒന്നുകൂടി ധനാശി പാടിയതുപോലെ കേൾക്കാറായി. " എന്തിനു പേടിക്കുന്നു? വെട്ടിക്കൊൾക " ഇത്രയും പറഞ്ഞു തീർന്നതോടുകൂടി നിശ്ചേഷ്ടവും, അഥവാ ജീവവിമുക്തവും ആയിത്തീർന്ന ആ ശരീരത്തിൽനിന്നും ഘാതകൻ ഒരു വെട്ടിനാൽ ഉത്തമാംഗത്തെ വേർപെടുത്തി കാണികളായി നിന്നിരുന്നവരുടെ നേർക്ക് നീട്ടിക്കാണിച്ചു. വധപീഠവും പരിസരങ്ങളും രക്തപ്രവാഹത്തിൽ മുങ്ങി. മൃതശരീരം ഉടനെ തന്നെ ഗിലാഫത്തിൽ പൊതിഞ്ഞു് അപേക്ഷപ്രകാരം റാലിയുടെ പത്നിക്കയച്ചുകൊടുത്തു. അതു് അടുത്തുള്ള ഒരു ദേവാലയത്തിൽ സംസ്കരിക്കുകയും ചെയ്തു. ആ മനസ്വിനി വാർദ്ധക്യം പ്രാപിക്കുന്നതുവരെ ഈ ദുഃഖങ്ങളും അനുഭവിച്ചു ജീവിച്ചിരുന്നു.

റാലിയുടെ ശത്രുക്കളായിരുന്നവർ അധികകാലം ജീവിച്ചിരുന്നില്ല. ജനങ്ങൾ അവരെ കഴിയുന്നത്ര വെറുക്കുകയും, ഉപദ്രവിക്കുകയും ചെയ്തു. അവരോരോരുത്തരായി

ഏറ്റവും നീചമായ വിധത്തിൽ മരണം പ്രാപിച്ചു. കഥകൾ ഇവിടെ വിവരിക്കണമെന്നുദ്ദേശിക്കുന്നില്ല.

* * * * * *

ഒരു മഹാജീവിതം ലോകരംഗത്തിൽനിന്നും വിരമിച്ചു. ധീരതയ്ക്കും, പുരുഷസ്വാതന്ത്ര്യത്തിനും, പ്രവൃത്തിമാഹാത്മ്യത്തിനും ഉത്തമനിദർശകമായിരുന്ന ഈ പുണ്യതേജോവിഗ്രഹത്തിൽനിന്നും പുറപ്പെട്ട കിരണങ്ങളെന്നും അനന്തരകാലീനന്മാരായ പലരേയും ഉത്തമജീവിതമാർഗ്ഗത്തിൽ ഉൽകൃഷ്ടസ്ഥാനങ്ങളിലേയ്ക്കു നയിച്ചിട്ടുണ്ടെന്നുള്ളത് നാം ആലോചിച്ചുനോക്കുമ്പോൾ, ഏതദ്ദേശന്മാരായ മഹാത്മാക്കളുടെ ജീവചരിത്രം നമുക്കെത്രമാത്രം പ്രയോജനകരമായിട്ടുള്ളതാണെന്നുള്ള തത്വം പ്രത്യക്ഷപ്പെടുന്നതാണ്.

KOTTAYAM
KERALA STATE